ആലപ്പാട്ട്
തിരുമനസ്സുകൊണ്ട്.



LN
T34

എസ്സ്. തേർമഠം,
വിദ്വാൻ.

RMARAM
BRARY

40050

ആലപ്പാട്ട്
തിരുമനസ്സുകൊണ്ട്.

ഗ്രന്ഥകർത്താ,
ഫാദർ പീറ്റസ്സ്. തേർമഠം, വിദ്വാൻ.

AR

പ്രസാധകൻ,
മാളിയമ്മാവു മാത്തു ലോനാ.

1944.

DHARMARAM COLLEGE
LIBRARY
BANGALORE

ഭാരതവിലാസം അച്ചുക്കൂടം, ഇഡ്ഡിവപേരൂർ.

DHARMARAM COLLEGE LIBRARY
Ac. No 44463
Call No LN/T34/AR


JOS & BROS. TUICHIN.

സമർപ്പണം.

നി. വ. ദി. ശ്രീ

ഡോക്ടർ ആലപ്പാട്ട് മെത്രാനച്ചൻ

തിരുമേനിയുടെ പാദാരവിന്ദങ്ങളിൽ,

അവിടുത്തെ

പട്ടാഭിഷേക സ്മാരകമായി

ഈ ഗ്രന്ഥത്തെ സാദരം

സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ.

1—5—1944.

അവതാരിക.

തൃശ്ശൂർ രൂപതയുടെ പുതിയമെത്രാനായി അഭിഷിക്തനായ നി. വ. ദി. ശ്രീ. ഡോക്ടർ ആലപ്പാട്ട് പി. എച്ച്. ഡി., ഡി. ഡി. തിരുമനസ്സിലെ ഒരു മുഖ്യമായ ജീവചരിത്രമാണ് പ്രസ്തുത പുസ്തകം. അവിടത്തെ ബാല്യവും വിദ്യാഭ്യാസവും തുടങ്ങി മെത്രാൻസ്ഥാനാരോഹണംവരെയുള്ള ജീവിതസംഭവങ്ങൾ ഇതിൽ യഥാക്രമം വർണ്ണിക്കപ്പെട്ടിട്ടുണ്ട്. കരാഞ്ചിറയിലുള്ള സുപ്രസിദ്ധമായ ആലപ്പാട്ട കുടുംബത്തിൽ ജനിച്ച് സ്വദേശത്തുള്ള പ്രാഥമികവിദ്യാലയത്തിൽ അദ്ധ്യയനം ആരംഭിച്ച് തൃശ്ശൂർ സെന്റ്തോമസ് വിദ്യാലയത്തിൽ പഠനം തുടർന്ന് ഇൻറർമീഡിയേറ്റ് ക്ലാസ്സുവരെ പഠിച്ചതിനുശേഷം, റോമാനഗരത്തിൽ പ്രൊപ്പഗാന്താകോളേജിൽ വൈദികപഠനം നടത്തി, വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുള്ള ഭാഗ്യം ഈ മഹാശയനു സിദ്ധിച്ചിട്ടുണ്ട്. ഓരോ വിദ്യാലയത്തിലും പഠിക്കുന്നകാലത്തു ഇദ്ദേഹത്തിൽ കാണപ്പെട്ടിരുന്ന ഹൃദയശുദ്ധിയും ബുദ്ധിസാമർത്ഥ്യവും ഇദ്ദേഹം ഭാവിയിൽ അസാമാന്യമായ ഒരു മാന്യപദവിൽ അധിരോഹണം ചെയ്യുമെന്നു വ്യക്തമാക്കിക്കൊണ്ടിരുന്നു. ലോകത്തിൽ കാണപ്പെടുന്ന നിസ്സാരസംഭവങ്ങളിൽപോലും സാരമേറിയ തത്വങ്ങൾ ഒളിഞ്ഞുകിടക്കുന്നതാണ്. അവയെ ഉൾക്കണ്ണുകൊണ്ടു കണ്ടുപിടിക്കുന്ന ഒരു മനസ്സശ്ലിഷ്ടസ്വഭാവം ഉണ്ടായിരുന്നതുകൊണ്ട് ഇദ്ദേഹത്തിന്റെ ജീവിതംതന്നെ നൂതനപാഠങ്ങൾ നൽകുവാൻ പ്രയോജനപ്പെട്ടു. തന്നിമിത്തം ഡോക്ടർ ആലപ്പാട്ടുമെത്രാൻ തിരുമനസ്സുകൊണ്ട്, ഈ അഭ്യുന്നതസ്ഥാനത്തിനു സർവ്വഥാ അർഹനാകത്തക്കവിധം ഉൽക്കർഷം പ്രാപിച്ചു. ഈ സംഗതികൾ ഈ ചെറിയ പുസ്തകത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

ധർമ്മധീരൻ, ലോകഗുരു, ത്യാഗാനന്ദം, അന്യായാരം മുതലായ പുസ്തകങ്ങളുടെ നിർമ്മാണത്താൽ മലയാളസാഹിത്യത്തിൽ പറയത്തക്ക ഒരു സ്ഥാനം സമ്പാദിച്ചിട്ടുള്ള ഫാദർ സെബാസ്റ്റ്യൻ തേർമഠം, വിദ്വാൻ, അവർകളാണ് ഈ ജീവചരിത്രത്തിന്റെ നിർമ്മാതാവ് എന്നു പറഞ്ഞാൽ പുസ്തകത്തിന്റെ യോഗ്യതാഭാഗങ്ങളെക്കുറിച്ച് അധികം വർണ്ണിക്കേണ്ട ആവശ്യ

മില്ല. കേരളത്തിനൊട്ടാകെയും തൃശ്ശൂരിനു പ്രത്യേകിച്ചും ചിര സ്മരണീയമായ ഒരു സംഭവമാണു് പുതിയ മെത്രാൻ തിരുമന സ്സിലെ പട്ടാഭിഷേകം. തൃശ്ശൂർ രൂപതയുടെ ദേശീയമെത്രാനാ യി അഭിഷേകം ചെയ്യപ്പെട്ടന്ന മൂന്നാമത്തെ മെത്രാനാണു് നി. വ. ദി. ശ്രീ ഡോക്ടർ ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു്. ഇതു മേൽ സമുല്ലേഖം സിദ്ധിച്ച ഒരു കഥാനായകന്റെ ജീവിതം എഴുവാൻ സാധിച്ചതു ഗ്രന്ഥകർത്താവിനു തികച്ചും ചാരിതാ ർത്ഥ്യം ജനിപ്പിക്കുന്ന ഒരു സംഗതിയാണു്. ഉദ്കൃഷ്ടനായക ലാഭം സാഹിത്യകാരന്മാർക്കു് ഉത്സാഹം ജനിപ്പിക്കുമെന്നു് സ വ്വസമ്മതമാകുന്നു. ഈ പുസ്തകത്തിലെ സാഹിത്യരസം തുള്ള ുന്ന മനോഹരമായ ഭാഷ ഈ വാസ്തവത്തെ വിശദമാക്കുന്നു ണ്ടു്. വിഷയപ്രതിപാദനത്തിൽ പലവിധത്തിലുള്ള തത്പചി ന്തകൾ അടങ്ങിയിരിക്കുന്നതു ഗ്രന്ഥകാരന്റെ വൈദികമന സ്ഥിതിയെ വ്യക്തമാക്കുന്നതുപോലെ പ്രതിപാദ്യവിഷയത്തി ന്റെ ആത്മീയമഹിമയേയും പ്രകാശിപ്പിക്കുന്നുണ്ടു്.

അവസരോചിതമായ ഈ പുസ്തകത്തിന്റെ പ്രസിദ്ധീക രണം തൃശ്ശൂർ രൂപതയുമായി പലവിധത്തിലും ബന്ധപ്പെട്ട ഭാര തവിലാസം പ്രസ്സുടമസ്ഥൻ മിസ്റ്റർ മാളിയമ്മാവു മാത്തു ലോന യുടെ ആഭിമുഖ്യത്തിലും ഉത്സാഹത്തിലുമാണെന്നുള്ളതു് കനക ത്തിനു പരിമളംകൂടി ഉണ്ടായാലെന്നപോലെ ഹൃദയാവജ്ജകമാ ണെന്നു വിശേഷിച്ചും പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഡോക്ടർ ആലപ്പാട്ടു മെത്രാൻ തിരുമനസ്സുകൊണ്ടു് കഥാ നായകൻ, ഫാദർ സെബാസ്റ്റ്യൻ തേർമഠം ഗ്രന്ഥകാരൻ, ഭാ രതവിലാസം പ്രസ്സുടമസ്ഥൻ പ്രസാധകൻ, ഈ യോഗം തു ലോം ഹൃദയാകർഷകമായിട്ടുണ്ടു്. ഇപ്രകാരമുള്ള ഈ വിശിഷ്ട പുസ്തകത്തിനു വാസ്തവത്തിൽ ഒരവതാരികയുടെ ആവശ്യം ത ന്നെയില്ല. ഗ്രന്ഥകർത്താവും പ്രസാധകനും അവതാരിക കൂടി യേ കഴിയൂ എന്നു നിർബ്ബന്ധിക്കുകയാൽ മാത്രമാണു് ഈ സ ന്ദർഭത്തിൽ എനിക്കു ഭാഗഭാക്കാകുവാൻ ഇടയായതു്. ഈ സം ഗതി എനിക്കും അളവറ്റ സന്തോഷം ഉളവാക്കുന്നുണ്ടു്.

തൃശ്ശൂർ, } രാമവർമ്മ കുഞ്ഞപ്പൻ തമ്പുരാൻ,
31—4—'44. } ***Prince of Cochin.***

നി. വ. ടി. ശ്രീ.

ഡോക്ടർ ആലപ്പാട്ട് മെത്രാൻ
പി. എച്ച്. ഡി; ഡി. ഡി;
തിരുമനസ്സുകൊണ്ട്.

അദ്ധ്യായം 1.

ബാല്യവും വിദ്യാഭ്യാസവും.

ലോകം കൽ നാടകരംഗം! മനുഷ്യർ അതിലെ നടന്മാർ!! ജീവിതം നാടകവിഷയം!!! ദുഃഖപര്യവസായിയായ ഈ നാടകത്തിൽ ആദ്യമനുഷ്യന്റെ ഉദയത്തോടുകൂടി ആരംഭിച്ച നാന്ദി മുതൽ കാരോ രംഗങ്ങളേയും വിവിധവികാരത്തള്ളലോടെ അഭിവീക്ഷിക്കുന്ന പ്രകൃതിമാതാവു്, ദൈവദൂതൻ അതിന്റെ ഭരതവാക്യം ചൊല്ലിക്കേൾക്കുന്നതുവരെ മൌനയായി അങ്ങനെ നോക്കിനില്ക്കും. ഉടവാളിന്റെ വായ്ത്തലകൊണ്ടു് ഉലകത്തെ മുഴുവനും പാദാധീനമാക്കിയ രാജകേസരികൾ, കൽത്തുറുങ്കിന്നകത്തുകിടന്നു നരകയാതന അനുഭവിക്കുന്നതു് അവൾ കണ്ടിട്ടുണ്ടു്; ദാരിദ്ര്യത്തിന്റെ കൊടുന്തീയിൽ ഉള്ളുരുകി, ജീവിതഭാരത്തെ കൂലിപ്പണിയുടെ അത്താണിമേൽ ഇറക്കിവെച്ചു് നിത്യവും സമാശ്വസിച്ചിരുന്നവർ, സമസ്തൃഷ്ണകളുടെ നിണനീരിൽ മുങ്ങിക്കുളിച്ചു് സാമ്രാജ്യച്ചെങ്കോലെടുക്കുന്നതും അവൾ കണ്ടിട്ടുണ്ടു്. സമ്പത്തിന്റെ കൂമ്പാരത്തിന്മേൽ കയറിയിരുന്ന പാവങ്ങളുടെ ജീവരക്തം ഊറ്റിക്കുടിക്കുവാൻ ലാക്കുനോക്കിയി

രുന്ന കുബേരന്മാർ തെരുവീഥികളിൽകൂടി തെണ്ടിത്തി രിയുന്നതും, മാറുള്ളവരുടെ അന്നകമ്പമേൽ ജീവിതലത യെ ചുറിപ്പടത്തിയിരുന്നവർ ധനത്തിൻെറ മണിപീ ഠത്തിന്മേൽ കയറിയിരിക്കുന്നതും അവർ കണ്ടിട്ടുണ്ട്; പാണ്ഡിത്യത്തിൻെറ പരമാനന്ദത്തിൽ ലയിക്കുന്ന പ ണ്ഡിതന്മാരേയും, അനക്ഷരതയുടെ കൂരിരുട്ടിൽ തപ്പിന ടക്കുന്ന പാമരന്മാരേയും, ഭാവനാലോകത്തിൽ സഞ്ചരി ക്കുന്ന കവിവരന്മാരേയും അവർ കണ്ടിട്ടുണ്ട്; ലോക പ്രൌഢികളെല്ലാം പുല്ലുപോലെ വലിച്ചെറിഞ്ഞു ദാരി ദ്ര്യത്തെ സഹായം കൈവരിച്ച ഘോരവനാന്തരങ്ങളിലോ, അടച്ചുകെട്ടിയ ആശ്രമങ്ങളിലോ പോയി, അജ്ഞാതവാ സം ചെയ്യുന്ന സന്ന്യാസിമുഖ്യന്മാരേയും, കൊറിന്നുവേ ണ്ടി കാഷായവസ്ത്രവും യോഗദണ്ഡുമെടുത്തു് ലോകത്തെ വഞ്ചിക്കുന്ന കപടഭക്തന്മാരേയും അവർ കണ്ടിട്ടുണ്ട്. കാരോ നടൻേറയും അഭിനയചാതുരിയോ, അഭിനയ വൈകല്യമോ കണ്ടു് അവർ പൊട്ടിച്ചിരിക്കയോ, വാ വിട്ടുകരയുകയോ, കോപംകൊണ്ടു മുഖം ചുവപ്പിക്കയോ, ഹാസ്യമായി മന്ദഹസിക്കയോ, വിസ്മയത്തോടെ പകച്ചു നോക്കുകയോ ചെയ്യാറുണ്ടു്. പൂന്നാൽ തുശ്ശൂരിൻെറ അ ഭിമാനസുംഭമായി, ആലപ്പാട്ടു കുടുംബത്തിൻെറ വാടാ വിളക്കായി, കത്തോലിക്കസഭയ്ക്കു് ഒരു നവീനതിലക മായി, കുസുവിൻെറ കുഞ്ഞാടുകളുടെ ഭരണച്ചെങ്കോലും തങ്കക്കിരീടവും ധരിച്ചു്, ധാമ്മികസിംഹാസനത്തിൽ ഉപവിഷ്ടനായി, തുക്കരംപൊക്കി അനുഗ്രഹവർഷംചൊ രിയുന്ന മൂന്നാമത്തെ ദേശീയസൂയ്സൻെറ— നി. വ. ദി. ശ്രീ ആലപ്പാട്ടു് ഗീവഗ്ഗീസു മെത്രാനച്ചൻ തിരുമേനി യുടെ—അഭിനയപാടവംകണ്ടു് പണ്ടേ മനംകുളിത്തിരു

ന്ന പ്രകൃതിമാതാവു്, ഇന്നു വിസ്മയസ്തിമിതയായിത്തീ ന്നിരിക്കയാണു്.

അന്നു് അജ്ഞതലോകത്തിന്റെ അകക്കാമ്പുകളെ പ്രകാശമാനമാക്കിക്കൊണ്ടു് സപ്തർഷിയിൽ നിന്നൊരു പൊൽത്താരക കാന്തിപ്രസരം പരത്തി ലോകത്തെ നാകമാക്കുന്നതിന്നു കീഴ്പ്പോട്ടിറങ്ങി; കാർമേഘങ്ങൾക്കുമീതെ കതിരൊളിവീശുന്ന കുളിർമതിബിംബംപോലെ, അതു് അന്ധകാരത്തിന്റെ നിശ്ശബ്ദതയിൽ സുഖനിദ്രചെയ്യുന്ന ബോധലഹം പട്ടണത്തിനു പരിവേഷമിണക്കി; ഇരുളിലിരുണ്ട അന്നത്തെ രജനി വെണ്മതിരണ്ടു പ്രകാശിച്ചു. മധുരസപ്നങ്ങളിൽ ലയിച്ചിരുന്ന അജപാലന്മാരുടെ നീണ്ടിടംപെട്ട കണ്ണുകളും, ചന്ദ്രോദയത്തിലെ ആമ്പൽപോലെ വിടന്പ്പോലും, കളിതിരളുന്ന കനകത്തേരിൽ സൌന്ദര്യംവഴിയുന്നൊരു ഗണം ദേവദൂതന്മാർ സപ്തർഷിയഗാനങ്ങളും ആലപിച്ചുകൊണ്ടു് അവരുടെ മുമ്പിൽ പ്രത്യക്ഷരായി. കാതും കരളും കവരുന്ന ആ ഗാനമാധുരിയിൽ, കണ്ണുകളെ കുളുപ്പിക്കുന്ന ആ ദിവ്യപ്രഭയിൽ, മതിമറന്നു് അവർ അന്നിനിന്നു. പ്രകൃതിതന്നെ മനോഹരമായൊരു മംഗളകർമ്മത്തിന്നു പരികർമ്മിയെന്നോണം അതിപ്രഭാവതിയായി ശോഭിച്ചു. അതെ—അന്നായിരുന്ന ലോകത്തിനു സുദിനം! മനുഷ്യനു വിമുക്തി! നരകത്തോളം അധഃപതിച്ച ലോകത്തിനു വിമോചനവും വിശുദ്ധിയുമരുളി അതിനെ നാകത്തോളം ഉയർത്തുന്നതിനുവേണ്ടി, ദൈവസുതൻ കാലിത്തൊഴുത്തിലേക്കിറങ്ങിയ ആ മംഗളദിനത്തിനുശേഷം, പ്രകൃതി, ആയിരത്തിതൊള്ളായിരം വസന്തങ്ങളോടു നർമ്മസല്ലാപംചെയ്തു കടന്നു പിന്തിരിഞ്ഞുനോക്കിയപ്പോൾ, അ

വിട്ടത്തെ കരു പ്രതിനിധി, ഭാവിയിൽ മറഞ്ഞിരിക്കുന്ന യോഗ്യതകളുടെ പ്രഭാപൂരംപരത്തി അണിയറയിൽനിന്ന് അരങ്ങത്തേക്ക് എഴുന്നള്ളുന്നതുകണ്ടു കൺകുളുപ്പിച്ചു.

തേനും പാലോടുമൊപ്പം പ്രകൃതിസൌന്ദര്യവുംകൂടി വഴിഞ്ഞൊഴുകുന്ന കാനാൻദേശംപോലെ, ഗ്രാമശ്രീയുടെ കളിത്തൊപ്പായി പരിലസിക്കുന്ന കരു മനോഹരഗ്രാമമാണു കരാഞ്ചിറ. ഭാവനാസമ്പന്നനായൊരു കവിവര്യൻ, ശ്രീവിലാസത്തിന്റെ നടനവേദിയായ ഇപ്രദേശത്തിരുന്നാൽ അദ്ദേഹത്തിന്റെ കവിതാതരംഗിണി അണമുറിഞ്ഞു നിരർഗ്ഗളം പ്രവഹിക്കാതിരിക്കയില്ല. തെളിനീരൊഴുകുന്ന കരുവന്നൂർപുഴയിൽനിന്നും കരു ശാഖ പുറപ്പെട്ട് ഈ രാജ്യത്തിൻ രജതാരിഞ്ഞാണംചാർത്തി, കടൽപർപ്പിലേക്കു പോകുന്നതുകൊണ്ട് അതിന്റെ ഭംഗിയും പുഷ്ടിയും ഗതാഗതസൌകര്യവും, വാണിജ്യാഭിവൃദ്ധിയും ആരേയും ഹഠാദാകഷിക്കുന്നതാണു്. പൊന്നിൻ കുടങ്ങളും ചുമന്ന്, പച്ചക്കുടകളും നിവർത്തിപ്പിടിച്ച്, ധനദേവതയുടെ അംഗരക്ഷകരായി നിലകൊള്ളുന്ന കേരവൃക്ഷങ്ങളുടെ ഇടയിൽ അവിടവിടെയായി പൊന്തിനില്ക്കുന്ന ഉത്തുംഗമണിമേടകളും, തദ്ദേശിയരുടെ സമ്പൽസമൃദ്ധിയെ കാണിക്കുന്ന കനകക്കുന്നുകളാണു്. ദാരിദ്ര്യരാക്ഷസിയുടെ കരാളമുഷ്ടികൾക്കു പിടിച്ചൊതുക്കുവാൻ സാധിക്കാത്ത ഇപ്രദേശത്തു് ലക്ഷ്മിയും സരസ്വതിയും കൈയോടുകൈയ്യു കോർത്തുപിടിച്ചു നടക്കുന്ന കാഴ്ച ആരേയാണു് ആനന്ദിപ്പിക്കാത്തതു്. 'ചിന്നറോമ' എന്നു് അപരനാമമുള്ള ഈ ഗ്രാമത്തിന്റെ അഭിമാനപാത്രങ്ങളായി പരിശോഭിക്കുന്ന വിശിഷ്ടകുടുംബങ്ങളിലൊന്നാണു് 'ആലപ്പാട്ട പാലത്തിങ്കൽ കുടുംബം.' ധനംകൊണ്ടും

വിദ്യകൊണ്ടും നേടാവുന്ന പേരും പെരുമയും മാത്രമല്ല, സത്പ്രജനസമ്പത്തുംകൂടി ഈ കുടുംബം പണ്ടുതന്നെ സമാജ്ജിച്ചിട്ടുള്ളതുകൊണ്ടാണ് ശമഗുണപ്രധാനന്മാരായ പലേ പുരോഹിതശ്രേഷ്ഠന്മാരും അതിനെ അപ്പപ്പോഴായി അലംകരിച്ചിട്ടുള്ളത്.

പൂവ്വികന്മാരുടെ സുകൃതഫലങ്ങൾ ത്രപമെടുത്തു വാഴുന്നൊരു കാലഘട്ടം കാരോ കുടുംബത്തിനും അനുഭവവേദ്യമാകുമെങ്കിൽ, ആ സുവർണ്ണകാലപരിധിക്കുള്ളിൽ ജീവിക്കുവാൻ അസാധാരണ ഭാഗ്യശാലികൾക്കേ സാധിക്കുകയുള്ളൂ. ശ്രീമാൻ ചാക്കോരുവിന്റേയും, ശ്രീമതി കുഞ്ഞിലയുടേയും ഭാഗ്യനക്ഷത്രം എമ്പാടും വീശിയ സുവർണ്ണരശ്മികൾ ഉടലെടുത്തത് ആലപ്പാട്ട ഗൃഹത്തിന്റെ മണിമച്ചിൽ മിന്നിത്തിളങ്ങി. മതഭക്തി, ദൈവസ്നേഹം, പരോപകാരതല്പരത, ത്യാഗസന്നദ്ധത തുടങ്ങിയ വിശിഷ്ടഗുണങ്ങൾ, ആ ദമ്പതിമാരുടെ സ്വഭാവശുദ്ധിക്കു മാറ്റുകൂട്ടിയിരുന്നു. കന്യകാമറിയത്തിന്റേയും, വി. യൌസേപ്പിന്റേയും പരിശുദ്ധിയിൽ മനംതെളിഞ്ഞ സർവ്വേശ്വരൻ അവരുടെ മകനായി ജനിക്കുവാൻ കാരുണ്യമുണ്ടായെങ്കിൽ, അവരെ അടിതൊറ്റാതെ അനുകരിച്ചുപോന്ന നമ്മുടെ ദമ്പതിമാക്ക്, അവിടുത്തെ പ്രതിപുരുഷനെന്ന നിലയിൽ ത്രപത ഭരിക്കുന്നതിനുള്ള കരു വിശിഷ്ടപുരുഷരത്നത്തെ സന്താനമായി സമ്മാനിക്കുവാൻ സന്മനസ്സുണ്ടായതിൽ എന്താണത്ഭുതപ്പെടുവാനുള്ളത്?

സന്താനലാഭം ജീവിതമഹിമാവിനു മാറ്റുകൂട്ടുന്നതുകൊണ്ടാണല്ലോ, അബ്രാഹം, ഇസഹാക്കു, യാക്കോബു തുടങ്ങിയ പൂവ്വപിതാക്കന്മാർ ഈ വരം അഭിലഷിക്കയും ദൈവം അതു കനിഞ്ഞനുവദിക്കയും ചെയ്തിട്ടുള്ള

ട്ട്. ശ്രീമാൻ ചാക്കോരുവിന്റേയും ശ്രീമതി കുഞ്ഞി ലയുടേയും ദാമ്പത്യലത പുഷ്പിച്ച്, ഏഴു സന്താനങ്ങള ണ്ടായതിൽ കൊച്ചുമറിയം, കൗസേപ്പു, വാറുണ്ണി എന്നീ മൂന്നുപേർ മാത്രമേ ജീവിച്ചിരിക്കുന്നുള്ളു. ഇവരിൽ വാ റുണ്ണിയാണു നമ്മുടെ കഥാപുരുഷനും, തൃശ്ശൂരിന്റെ മെ ത്രാനായി ശ്രേഷ്ഠയുടെ ഭദ്രാസനത്തിമേൽ വാണരു ളുന്നവനുമായ നി. വ. ദി. ശ്രീ. ഗീവർഗ്ഗീസു മെത്രാൻ തിരുമനസ്സുകൊണ്ട്.


തിരുമേനിയുടെ വത്സലമാതാവായ ശ്രീമതി കു ഞ്ഞില കാട്ടൂരിൽ സുപ്രസിദ്ധമായ ആലപ്പാട്ടു കുടുംബ ത്തിലെ കുരംഗവും, ആ മഹതിയുടെ ഇളയപ്പൻ ആല പ്പാട്ടു ജോർജ്ജച്ചനവർകൾ തൃശ്ശൂർ ശ്രേഷ്ഠാരാമത്തിൽ ഫ ലപ്രദമായ പല വേലകളും നടത്തീട്ടുള്ള കരു പുരോഹി തവര്യനുമാകുന്നു. അദ്ദേഹത്തിന്റെ അഭിഷിക്തഹസ്ത ങ്ങളാണ് എങ്ങണ്ടിയൂരിലെ ഹയർ എലിമെൻറി വി ദ്യാലയത്തിന്റെ അടിക്കല്ലുപാകീട്ടുള്ളതു്. ഏതാണ്ടു 21 കൊല്ലങ്ങളോളം തൃശ്ശൂർ ശ്രേഷ്ഠയുടെ മേലദ്ധ്യക്ഷനാ യി, മതപരമായും വിദ്യാഭ്യാസപരമായും സാമുദായിക മായുമുള്ള പരിഷ്കാരസരണികൾ വെട്ടിത്തുറന്ന് 1942 മെയ് 12-ാംനു- സ്വർഗ്ഗംപ്രാപിച്ച യതിവര്യനായ പഴ പ്പിള്ളി മാർ ഫ്രാൻസിസ്കോസ് മെത്രാൻ തിരുമനസ്സുകൊ ണ്ട് ശ്രീമാൻ ആലപ്പാട്ടു ചാക്കോരുവിന്റെ അമ്മായി യുടെ പൌത്രനാണ്.

തൃശ്ശൂർ ശ്രേഷ്ഠാസൌധത്തിന്റെ ബലിഷ്ഠമായ കരു ത്തണായി നീണ്ട അമ്പതു സംവത്സരങ്ങളോളം താങ്ങിനി ല്ക്കുന്ന പണ്ഡിതവര്യനായ കരു പുരോഹിതശ്രേഷ്ഠനാ ണ് വന്ദ്യദിവ്യശ്രീ ആലപ്പാട്ട് യോഹന്നാനച്ചനവർ കൾ. ശ്രേഷ്ഠയുടെ 'ദ്രാക്ഷാവാടിയിൽ' അദ്ദേഹം നിസ്സാ

ത്ഥമായും അശ്രാന്തമായും നടത്തിയിരുന്ന പ്രേഷിതവൃത്തികൾക്കിടയിൽ, മേനാച്ചേരി, വാഴപ്പിള്ളി എന്നീ തിരുമേനിമാരുടെ വലംകയ്യായി, കാനോനിക്കാഭരണസമിതിയിൽ ഒരു പ്രമുഖാംഗമായി, അവരുടെ ഭരണരഥം വിജയോന്മുഖമായി നയിക്കുവാൻ നിരന്തരം പരിശ്രമിച്ചിട്ടുണ്ട്. ത്രുപതയിലുള്ള എല്ലാ പ്രധാന ഇടവകകൾക്കും, കോഴിക്കോട്ട് ഈശോസഭക്കാരുടെ പ്രത്യേക ഭരണപരിശീലനം സിദ്ധിച്ചിട്ടുള്ള ഈ ആത്മിക ഇടയന്റെ ഭരണചാതുരിയുടേയും പ്രസംഗപാടവത്തിന്റേയും തുമധു ആസ്വദിച്ചാനന്ദിക്കുവാൻ ഭാഗ്യംസിദ്ധിച്ചിട്ടുള്ളതു് ആരും അത്ര വേഗം വിസ്മരിക്കുമെന്നു തോന്നുന്നില്ല. ശ്രോതാക്കളുടെ ഹൃദയാന്തർഭാഗത്തേക്കു തുളച്ചുകയറി, ഒരു യഥാർത്ഥമാനസിക പരിവർത്തനമുണ്ടാക്കുവാൻ ഇദ്ദേഹത്തിന്റെ ആശയസംപുഷ്ടമായ പ്രസംഗങ്ങൾക്കു ശക്തിയുണ്ടെന്നു് അനുഭവസ്ഥരോടു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണല്ലൊ വാഴപ്പിള്ളി തിരുമനസ്സുകൊണ്ടു് ഇദ്ദേഹത്തെ അനേകപ്രാവശ്യം വൈദികന്മാരുടെ ധ്യാനഗുരുവായി നിയമിച്ചിട്ടുള്ളതു്. സുറിയാനിക്കാരുടെ കാനോൻനിയമ ക്രോഡീകരണവും, കർമ്മലീത്താസന്ന്യാസിനിമാരുടെ നിയമപരിഷ്കരണവും, മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ഇദ്ദേഹത്തിന്റെ പണ്ഡിതഹസ്തങ്ങളിലാണു് അർപ്പിച്ചതെങ്കിൽ, ഈ പുരോഹിതപുംഗവന്റെ അഗാധജ്ഞാനവും, ലോകപരിചയവും എത്രാണ്ടുഹിക്കാവുന്നതാണു്. അനേകം കത്തോലിക്കമതഗ്രന്ഥങ്ങളുടേയും പ്രത്യേകിച്ചു് വേദപുസ്തകവിവർത്തനങ്ങളുടേയും പരിശോധകനായി ഈ വിശിഷ്ടാശയൻ പലപ്പോഴും നിയമിതനായിട്ടുണ്ടു്. പണ്ഡി

തവൃദ്ധനായ ഈ മഹാനുഭാവൻ കഥാപുരുഷന്റെ ഒരു അടുത്ത കാരണവരാണെന്നുള്ളതു തിരുമേനിക്ക് അഭിമാനജനകമാണല്ലൊ. ത്രുപതക്കൊരലംകാരമായ ഈ അഭിവന്ദ്യപുരോഹിതൻ ഇനിയും ദീർഘകാലം ജീവിച്ചിരിക്കുവാനുള്ള ആരോഗ്യം ദൈവം സദയം അരുളുമാറാകട്ടെ.

കഥാനായകന്റെ പ്രത്യേകഭക്തിക്കു പാത്രമായ അമലോത്ഭവകന്യക, ആധുനികലോകത്തെ വിസ്മയവിവശയാക്കിച്ചെയ്യുന്ന നിരവധി അത്ഭുതകർമ്മങ്ങൾ ദൈനംദിനം നടന്നുകൊണ്ടിരിക്കുന്ന ലൂർദ്ദിൽ ബർണർദീത്ത എന്ന ഗ്രാമീണകന്യകക്കു പ്രത്യക്ഷയായതു ഒരു ഫെബ്രുവരി 11-ാംനു-യായിരുന്നു. അങ്ങനെയുള്ള ഒരു ഫെബ്രുവരി 11-ാംനു- (1900-ാം ആണ്ടിലെ) പ്രകൃതി ഉലകമെങ്ങും കതിരൊളി പരത്തുന്ന ബാലാർക്കനെ പൂവ്വാദ്രിക്കും, സമത്രുപനായൊരു ഉണ്ണിക്കതിരോനെ ആലപ്പാട്ട കുടുംബത്തിനും പ്രദാനം ചെയ്തു പ്രസന്നവദയായ്ത്തീർന്നു. ആ അംബരപ്പൊരുമാളെ അകമ്പടി സേവിക്കുവാൻ അണിനിരന്ന കാഞ്ചനമുകിൽത്തുണ്ടുകളും, അദ്ദേഹത്തിന്റെ സതീർത്ഥ്യനുഭാവുകം നേർന്നുകൊണ്ട് കനകമാരി ചൊരിഞ്ഞു. കിളിക്കുലങ്ങളും കളഗാനമുതിർത്തപ്പോൾ പുലരിപ്പൂക്കളും പുഷ്പാഞ്ജലി ചെയ്തു; കുളിർമാരുതൻ പരിമളം വീശി. പൂമെത്തമേൽ മലർന്നുകിടന്നു, കരചരണങ്ങളുംകൊണ്ടു കാളംതല്ലി, പുഞ്ചിരിതൂകിക്കളിക്കുന്ന ആ പിഞ്ചുപൈതലിന്റെ തളിരിളം മേനി നോക്കുംതോറും നമ്മുടെ ദമ്പതിമാർ ആനന്ദപരവശരായി. അവരറിയാതെ ആകാശത്തേക്കുയർന്ന ചില അർത്ഥനാകൂസുമങ്ങൾ ഒരു സമർപ്പണമാല്യമായി



തിരുമേനിയുടെ വത്സലമാതാവു്.



തിരുമനസ്സിലെ യൌവനപ്രായം.

സഭ്യക്കത്തോവിന്റെ പാദാരവിന്ദങ്ങളിലാക്കി. 'സർവ്വ ശക്തനായ ദൈവമേ! അവിടുന്ന് ഞങ്ങൾക്കു കല്പിച്ചരുളിയ ഈ പൊന്നോമനക്കുട്ടൻ എന്നും അവിടത്തേതായിരിക്കേണമേ!' അന്ന് അവ്യക്തമായിരുന്ന പ്രാർത്ഥനാശകലം അനവദ്യമായിപ്പരിണമിക്കുന്നതിന് അധികകാലം വേണ്ടിവന്നില്ല.

എല്ലാ നീതിയും പരിപൂർണ്ണമാകുന്നതിനു യോഗ്യനാൻ നദീതീരത്തുവച്ച്, യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച കുസ്സൂനാഥന്റെ ഭാവി പിൻഗാമിയായ ആ പിഞ്ചുപൈതലിനെ, കരാഞ്ചിറ ദേവാലയത്തിൽവച്ച്, അന്നത്തെ വികാരി ചിരിയൻകണ്ടത്തു ബഃ യാക്കോബച്ചൻ അവർകൾ സഭാസന്താനമാക്കി ഗീവർഗ്ഗീസ് എന്നു നാമകരണം ചെയ്തു. വിശുദ്ധാത്മാക്കളുടെ സമൂഹത്തിൽ സ്ഥാനം ലഭിച്ച ആ 'കൊച്ചു തോബിയാസി'ന്റെ ജീവിതയാത്രയിൽ അനുഗ്രഹത്തിന്റെ പൂവിതറുവാൻ മനുഷ്യദൃഷ്ടിഗോചരമായ രൂപം ധരിച്ച ഒരു മാലാഖ അകമ്പടി സേവിച്ചു. പ്രകൃതി ആനന്ദനൃത്തിലായി പുഞ്ചിരിച്ചു കി.

'ശിശുവാണു മനുഷ്യന്റെ പിതാവു്' എന്നു ആംഗ്ലേയകവിപുംഗവനായ വേഡ്സ്വർത്ത് വർണ്ണിച്ചിട്ടുള്ള ബാല്യകാലം തങ്ങളുടെ അരുമസന്താനങ്ങളെ സംബന്ധിച്ചേടത്തോളം ത്യാജകോടിയിൽ തള്ളിക്കളയുവാൻ നമ്മുടെ യുവദമ്പതിമാർ തെല്ലുംസന്നദ്ധരായില്ല. യൌവ്വനം തെളിക്കുന്ന പ്രണയത്തിൽ ലയിച്ച്, സന്താനങ്ങളുടെ ജീവിതം സന്താപത്തിലാഴ്ത്തുന്ന മാതാപിതാക്കന്മാർക്ക്

'ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം' എന്ന കവി

വാക്യത്തിന്റെ മണികിലുക്കം കണ്ണുപൂടങ്ങളിൽ മാറോലിക്കൊണ്ടിരുന്ന നമ്മുടെ ദമ്പതിമാർ മാതൃകാമിഥുനങ്ങളായിരുന്നു. കാൽത്തളിർകൊണ്ടു മണിമുറ്റത്തു പൂമൊട്ടിട്ട് കൊടിക്കളിക്കുന്ന പിഞ്ചുപൈതങ്ങളുടെ ബാലലീലകളിൽ മതിമറന്ന് ആനന്ദിച്ചിരുന്ന സമയത്തുതന്നെ അതിലാളന അമളിപിണയുമെന്ന ദുഃബോധത്തോടെ അവരുടെ ജീവിതസരണി സുഗമമാക്കിത്തീർക്കുവാനുള്ള മാർഗ്ഗങ്ങൾ അവർ ആരാഞ്ഞുകൊണ്ടിരുന്നു. ആകാശത്തിൽ പാടിപ്പറക്കുന്ന പറവകളെ കാണുമ്പോൾ കൈകൾ വിരിച്ചു കുതിച്ചു പൊങ്ങുവാനുള്ള മോഹവും, സാധിക്കാതെ വരുന്ന സമയത്തു മുപ്പാരുംമയക്കുന്ന കൊഞ്ചലുതിർത്തു കൈകൾ കൊട്ടി മാടിവിളിക്കുന്ന ഭാവവും, പൂവല്ലികളുടെ ചില്ലകൾതോറും പറന്നുകളിക്കുന്ന പൂമ്പാറ്റകളെ പതുങ്ങിപ്പിടിക്കുവാനുള്ള സൂത്രവും, നട്ടവളത്തുന്ന ചെടികളെ കട പറിച്ചു തലകുത്തി നിറുത്തുന്ന തന്ത്രവും, പ്രകൃതിദത്തമായി സിദ്ധിച്ചിട്ടുള്ള ഭാവനാസമ്പന്നരായ സന്താനങ്ങളെ, യഥാർത്ഥലോകത്തിലെ നിസ്സാരന്മാരാക്കേണ്ടതു മാതാപിതാക്കന്മാരുടെ കർത്തവ്യമാണെന്നുള്ളതു പ്രത്യേകം പറയേണ്ടതില്ലല്ലോ.

സദ്ധർമ്മനിഷ്ഠാനങ്ങളിൽ കൃത്യനിഷ്ഠയുള്ള മാതാപിതാക്കന്മാരുടെ സന്താനങ്ങൾ ലോകാന്തരീക്ഷത്തിൽ മണിദീപങ്ങളായി രൂപാന്തരം പ്രാപിക്കുമെന്നുള്ളതിനു നമ്മുടെ കഥാപുരുഷന്റെ ജീവചരിത്രംതന്നെ മകുടോദാഹരണമാണ്. ശൈശവത്തിന്റെ പുഞ്ചിരിപ്പൊലിമ പരത്തുന്ന നമ്മുടെ 'കൊച്ചുവാവണ്ണി'യുടെ ബാലചാപല്യങ്ങളിൽ മനസ്സലിയാതെ, അന്തഃകരണശുദ്ധിയും ദൈവസ്നേഹവും ഉരുവാക്കുന്നതായ സുകൃതജപങ്ങളും

ദൈവികകഥകളും വത്സലനിധികളായ മാതാപിതാക്കന്മാർ ആ അപത്യത്തിനു് അപ്പപ്പോഴായി ഉപദേശിച്ചുകൊണ്ടിരുന്നു. അച്ഛനുടികസങ്കാശവെണ്മ പൊരിയുന്ന ആ കോമളബാലന്റെ വിമലമനസ്സിനെ തീണ്ടുന്നതിനുപോലും ഈ പാഴ്ലോകത്തിലെ ദൂഷിച്ച വായുവിനു് അനുവാദം ലഭിച്ചിരുന്നില്ല. കറപുരളാത്ത ആത്മാവുകൾ കൂടികൊള്ളുന്ന പിഞ്ചുപൈതങ്ങളെ കൈനീട്ടി ആശ്ലേഷിക്കുന്ന കുസുനാഥന്റെ സ്പർശനസുഖം അനുഭവിച്ചുകൊണ്ടു് ആ ബാലൻ ശുക്ലപക്ഷത്തിലെ ചന്ദ്രക്കലപോലെ വളർന്നുവന്നു.

ഉദ്ദേശ്യം നാലുവയസ്സു തികഞ്ഞതോടുകൂടി 'വാരണ്ണി' സ്ഥലത്തെ സെയിൻറ് സേവിയേഴ്സ് പ്രാഥമികവിദ്യാലയത്തിൽ പഠനം തുടങ്ങി. കാലാനുസൃതമായ വിദ്യാഭ്യാസംകൊണ്ടു് അനുഗ്രഹീതരായ മാതാപിതാക്കന്മാരുടെ സംരക്ഷണവും, അഭ്യുദയകാംക്ഷികളായ അദ്ധ്യാപകന്മാരുടെ ശിക്ഷണവും നമ്മുടെ ബാലന്റെ പഠനത്തിനു പറയത്തക്ക പോഷണം തന്നെയായിരുന്നു. വിദ്യാഭ്യാസത്തിന്റെ വെള്ളിക്കതിർ വാരണ്ണിയുടെ ബാലമനസ്സിനെ പ്രകാശിപ്പിക്കുവാൻ തുടങ്ങിയപ്പോൾ എതുവിഷയത്തിലും സമവയസ്കരായ സതീർത്ഥ്യരെ അതിശയിക്കുന്ന ബുദ്ധിചാതുര്യം പ്രദർശിപ്പിക്കുന്ന ആ ബാലനെക്കണ്ടു് ആനന്ദപരവശരായ അദ്ധ്യാപകന്മാർ 'മുളയിലറിയാം വിത്തിന്റെ ഗുണ'മെന്ന പല്ലവി സാധാരണ പാടാറുണ്ടായിരുന്നുവത്രെ. ഏതാനും കൊല്ലം ഇവിടെ പഠിച്ചതിന്റെശേഷം പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കിയതു കാട്ടൂർ പോംപെ സെൻറ് മേരീസ് വിദ്യാലയത്തിലും തൃശ്ശൂർ സെന്തോമസ് വിദ്യാലയത്തിലും കൂടിയാണു്.

തൃശ്ശൂരിന്റെ മണിവിളക്കായി വിളങ്ങുന്ന സെന്റോമസ് കലാലയം അന്നു കേവലം ഒരു ഹൈസ്കൂൾമാത്രമായിരുന്നു. ഉപരിപഠനത്തിനായി 'കൊച്ചുവാവണ്ണി' പ്രസ്തുത വിദ്യാലയത്തിൽ ചേർന്നു പഠനം നടത്തി. പഠനത്തിലുള്ള മിടുക്കും സ്വഭാവത്തിലുള്ള പ്രസരിപ്പും കാരണം പി. സി. വാവണ്ണി താമസംവിനാ എവരുടെയും സ്നേഹഭാജനമായിത്തീർന്നു. ആ ബാലന്റെ ജീവിതരീതി കണ്ടു് അവനിൽ ലോകത്തിനു് അജ്ഞാതമായ ഏതോ ഒരു ശക്തിവിശേഷം കളിഞ്ഞുകിടപ്പുണ്ടെന്നും അതു കാലാന്തരത്തിൽ വളർന്നു് ഭാവിയിൽ സുഭാഷത്തിന്റെ ഒരുന്നതസ്ഥാനത്തെ അവൻ അലങ്കരിക്കുമെന്നും പലരും അന്നു പ്രവചിച്ചിരുന്നു.

മാനസികവികാസത്തിനും ആരോഗ്യസംരക്ഷണത്തിനും സഹായിക്കുന്ന പലേ പ്രവർത്തനങ്ങളും അവിടെ ഉണ്ടായിരുന്നതിനാൽ പി. സി. വാവണ്ണിയുടെ ജീവിതത്തിനു് അതൊരു നിദർശനമായിത്തീർന്നു. സാഹിത്യസദസ്സുകളിൽ വിജ്ഞാനപ്രദങ്ങളായ ഉപന്യാസങ്ങൾ വായിച്ചും, ഉത്തേജകങ്ങളായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചും, അദ്ദേഹം പള്ളിക്കൂടത്തിൽ അന്നുതന്നെ അഭിനന്ദനാർഹമായൊരു സ്ഥാനം കരസ്ഥമാക്കി. വിനോദത്തിനുവേണ്ടിയുള്ള മത്സരക്കളികളിൽ ചേർന്നു്, വിജയശ്രീലാളിതനായി, ജീവിതവിജയം സ്വായത്തമാക്കുവാനുള്ള മനോബലത്തേയും അദ്ദേഹം വെളിവാക്കി. കളങ്കമില്ലാത്ത ഹൃദയം, പരോപകാരത്തിനുള്ള ആഗ്രഹം, സ്നേഹം ചൊരിയുന്ന പെരുമാറ്റം മുതലായ സദ്ഗുണങ്ങൾകൊണ്ടു് ആർക്കും കണ്ണിലുണ്ണിയായി വളരുന്ന കഥാപുരുഷനെ കണ്ടിട്ടു് അദ്ധ്യാപകന്മാരുടെ കണ്ണുകൾ തുറ്റിയടഞ്ഞു.

വിദ്യയിൽ പ്രാചീന്യവും, ജീവിതത്തിൽ പരിശു ദ്ധിയും സമാജ്ജിച്ചുകൊണ്ട് പി. സി. വാറണ്ണി ഹൈ സ്കൂൾ പഠനം പൂർത്തിയാക്കിയ ആ കൊല്ലംതന്നെ സെ ന്തോമസ് ഹൈസ്കൂൾ കലാലയമായുയർന്നു. അനേകാ യിരം ബിരുദധാരികളുടെ ജനയിത്രിയായ പ്രസ്തുത കലാ ലയത്തിൽ ആദ്യത്തെ സന്താനമായി ചേർന്നു്, കാലാ ന്തരത്തിൽ അവളുടെ രക്ഷാധികാരിയാകുവാനുള്ള ക ഥാനായകൻ തന്നെയാണു്.

ഉടുപ്പിലും നടപ്പിലും, ഊണിലും ഉറക്കത്തിലുംകൂ ടി പരിഷ്കാരം വാഴ്ത്തുവിടുന്ന പരിവർത്തനങ്ങൾ വിദ്യാ ർത്ഥികളെ പിടികൂടുന്നതു് അവർ യൌവനത്തിലേക്കു കാലുവയ്ക്കുമ്പോഴാണു്. മുതുപിടിച്ച മദ്യപനെപ്പോ ലെ വിദ്യാർത്ഥികൾ അന്നു കാണിക്കുന്ന വിക്രമങ്ങൾ പിന്നീടു പൌരലോകത്തിൽ പ്രവേശിക്കുന്ന കാലത്തു് അവർക്കുതന്നെ ആലോചിച്ചു നെറിചുളിക്കുന്നതിനും പൊട്ടിച്ചിരിക്കുന്നതിനും കാരണമാകുന്ന സംഗതികളാ യിരിക്കും. എന്നാൽ യൌവനത്തിന്റെ കളരിയിൽ പാദമൂന്നിയ പി. സി. വാറണ്ണി, കലാലയജീവിതം യോഗാഭ്യാസനിരതനായൊരു സന്ന്യാസിമുഖ്യനെപ്പോ ലെ ചിന്താശീലനായിട്ടല്ല നിവ്വഹിച്ചതു്. സതീർത്ഥ്യ രോടൊപ്പം കളികളിലും വിനോദങ്ങളിലും തമാശ കളിലും മറവു നിർദ്ദോഷകങ്ങളായ പലതിലും ഭാഗഭാ ക്കായിരുന്നുവെങ്കിലും ആരിലും ഗോചരമാകാത്ത ഒരു സാന്മാർഗ്ഗികനിഷ്ഠ അദ്ദേഹത്തിൽ തെളിഞ്ഞുകണ്ടിരുന്നു.

രണ്ടുകൊല്ലങ്ങളുടെ തുടർന്നുള്ള പഠനത്തിനുശേഷം ഇൻറർമീഡിയേറ്റു പരീക്ഷ കഴിഞ്ഞതോടുകൂടി കഥാ പുരുഷന്റെ ജീവിതസമ്പ്രദായത്തിനു പെട്ടെന്നൊരു

വ്യതിയാനം സംഭവിച്ചു. ഉന്മേഷവദനനായിരുന്ന പി. സി. വാരണ്ണി ചിന്താലോകത്തിൽ സഞ്ചരിക്കുവാൻ തുടങ്ങി. പ്രകൃതി പച്ചവിരിച്ച വിജനപ്രദേശത്തു് ഏകനായിരുന്നു് ആത്മദൃഷ്ടിയെ തുറക്കുന്ന ചിന്തകൾക്കു് അദ്ദേഹം പലപ്പോഴും വിധേയനാകാറുണ്ടെന്നു് അദ്ദേഹത്തിന്റെ സഹചാരികളിൽ പലരും പറയുന്നുണ്ടു്. കാന്തിവഴിയുന്ന ആ യുവവദനത്തിൽ ചിന്തയുടെ ചില രജതരേഖകൾ മിന്നിത്തെളിഞ്ഞു. മത്സരക്കളികളിലും മറ്റും ഉല്ലാസഭരിതനായി പങ്കെടുക്കാറുള്ള അദ്ദേഹത്തിന്റെ ക്ഷാന്തി തുളുമ്പുന്ന ഹൃദയത്തിൽ ലോകത്തോടുള്ള വിരക്തി കുറഞ്ഞുപൊന്തുന്നുണ്ടെന്നും, മനുഷ്യദൃഷ്ടിയ്ക്കഗോചരമായ ചില പരിവർത്തനങ്ങൾ അതിൽ നടമാടുന്നുണ്ടെന്നും ദിനചര്യകളിലുള്ള വ്യതിയാനങ്ങളിൽ നിന്നു സഹപാഠികൾ ഊഹിച്ചു. കഥാപുരുഷൻ 1921-ൽ കലാലയത്തോടു യാത്രപറഞ്ഞു; പക്ഷെ അതു മനുഷ്യകുലത്തെ രക്ഷിക്കാൻ കാൽവരിയിൽ സ്വയം ബലി അർപ്പിച്ച ദിവ്യനാഥനെ അനുഗമിക്കുവാൻ വേണ്ടി മാത്രമായിരുന്നു.

അദ്ധ്യായം 2.

പൊറിറ്റ് സെമ്മിനരിയിൽ.

ദൈവത്തേയും മനുഷ്യരേയും കൂട്ടിയിണക്കുന്ന കാഞ്ചനശൃംഖലയാണു മതമെങ്കിൽ—മതബോധം മനുഷ്യന്റെ കൂടപ്പിറപ്പാണെങ്കിൽ—പൌരോഹിത്യം അതിന്റെ അവശ്യസഹചരനാണു്. മനുഷ്യസമുദായത്തോ

ളം പഴക്കമുള്ള മതത്തേയും ആരംഭത്തിൽതന്നെ അതി
നോടു് അഭേദ്യമായി യോജിച്ചിരിക്കുന്ന പൌരോഹി
ത്യത്തേയും തമ്മിൽ വേർതിരിച്ചാൽ ലോകത്തിന്റെ
ധാർമ്മികശക്തിയുടെ പ്രവാഹത്തെ അണകെട്ടിനിറുത്താ
മെന്നു കണ്ടിട്ടാണു് ഇന്നത്തെ തലതിരിഞ്ഞ നേതാക്ക
ന്മാർ മതത്തെ പൌരോഹിത്യത്തിന്റെ പരിലാളന
യിൽനിന്നും പിഴുതുകളയുവാൻ ശ്രമിക്കുന്നതു്. ലോ
കത്തിന്റെ ദൃഷ്ടിച്ച പ്രസ്ഥാനങ്ങൾ സദാ വമിച്ചുകൊ
ണ്ടിരിക്കുന്ന അവിശ്വാസത്തിന്റേയും ദുരാചാരത്തി
ന്റേയും വിഷക്കാറ്റേറ്റു കരപിടിച്ച മനുഷ്യഹൃദയങ്ങ
ളെ പ്രകാശിപ്പിക്കുവാൻ പൌരോഹിത്യത്തിനു തികച്ചും
ശക്തിയുള്ളതുകൊണ്ടാണല്ലോ "നിങ്ങൾ ലോകത്തിന്റെ
പ്രകാശമാണെ"ന്നു് അപ്പസ്തോലന്മാരോടു കൃസ്തു അരു
ളിച്ചെയ്തതു്. അതിനാൽ മതത്തിന്റെ മൌലികങ്ങ
ളായ ആദർശങ്ങളെ പൌരോഹിത്യത്തിന്റെ പിൻതുണ
യോടുകൂടി പ്രായോഗികമാക്കിച്ചെയ്യുമ്പോൾ മാത്രമേ ലോക
ത്തിനു രക്ഷയുള്ളുവെങ്കിൽ—പുരോഹിതന്മാർ ലോകത്തി
നു സഹായവും അവരുടെ അഭാവം നാശവുമാകുന്നു.

പുരോഹിതന്മാരില്ലാത്ത ക്രൂപതയും തദ്ഭൂക്ഷത്രം,
വേലക്കാരില്ലാത്ത വയലും അതിന്റെ ഉടമസ്ഥനും സ
മമാണു്. ക്രൂപതയുടേയും ക്രൂപതാജനങ്ങളുടേയും നാനാ
പ്രകാരത്തിലുള്ള അഭിവൃദ്ധിക്കുവേണ്ടി അഭിയത്നിക്കു
വാൻ ശപഥം ചെയ്തിറങ്ങിയ യോഹന്നാൻ മെത്രാന
ച്ചൻ തിരുമനസ്സുകൊണ്ടു്, തൽക്ഷണം മനസ്സിലാക്കി,
വൈദികന്മാരുടെ എണ്ണം വർദ്ധിപ്പിച്ചല്ലാതെ, അവിട
ത്തെ പരിശ്രമങ്ങൾ മുകുടംചൂടുകയില്ലെന്നു്. കാലോചി
തമായ സംസ്കാരവും പരിശീലനവും ഭാവിപുരോഹിത

ന്മാക്ക ചെറപ്പത്തിൽത്തന്നെസിദ്ധിക്കുന്നതിനുവേണ്ടി, പരിശുദ്ധ കന്യകമാതാവിന്റെ മാദ്ധ്യസ്ഥത്തിൽ കരു പെറിറ്റ്സെമ്മിനാരി അദ്ദേഹം സമാരംഭിച്ചു. അന്നു പരിശുദ്ധ കന്യകമാതാവിന്റെ ശിക്ഷണം ലഭിച്ച അ പ്പസ്തോലന്മാർ ലോകത്തിന്റെ നാനാഭാഗത്തും സുവി ശേഷത്തിന്റെ വിത്തുകൾ വിതരണം ചെയ്തുപോലെ ആ അമ്മയുടെ പരിലാളനയിൽ വളർന്നവന്ന ഈ പരി ശീലനക്കളരിയിൽ അഭ്യസിച്ച് സംസ്കാരസമ്പന്നരായ കട്ടേറെ വൈദികന്മാർ ഇന്ന് കുസുവിനുംവണ്ടി രംഗ ത്തിറങ്ങിയിട്ടുണ്ട്. എന്നാൽ ഏവരുടേയും കണ്ണിലുണ്ണി യായി, അഭിമാനപാത്രമായി, ഏവരേയും പാൽപുഞ്ചി രികൊണ്ടു സൽക്കരിക്കുന്ന കരു കൊച്ചുമിടുക്കനായി, പ ച്ചപിടിച്ച പുൽത്തകിടികളാലും, ഇടതൂർന്ന വൃക്ഷനിരക ളിന്മേൽ തലവച്ചുറങ്ങുന്ന ലതകളാലും, മനോഹരാരാമ മായ 'തോപ്പി'ന്റെ വളപ്പിൽ, തുള്ളിച്ചാടിക്കളിച്ചും, മാമ്പഴത്തിനു സഹപാഠികളോടു മത്സരിച്ച് കൂടിക്കിത ച്ചും, നടന്നിരുന്ന ആ 'കൊച്ചുവാവണ്ണി' മുപ്പത്തിരണ്ടു കൊല്ലം കഴിഞ്ഞാൽ മേനാച്ചേരി തിരുമേനിയുടെ രണ്ടാ മത്തെ പിൻഗാമിയായി, തൃശ്ശൂർ രൂപതാദ്ധ്യക്ഷചെ ങ്കോലെടുത്തു് കുസുവിന്റെ കുഞ്ഞാടുകളെ രക്ഷാക വാടത്തിലേക്കു നയിക്കുവാൻ പരിശുദ്ധപിതാവു നി യോഗിക്കുമെന്നു്, പെറിറ്റ് സെമ്മിനരിയേയും തദ്ഗ ങ്ങളേയും പിതൃതുല്യം പരിപാലിച്ചിരുന്ന മെത്രാനാ കട്ടെ, റെക്ടരാകട്ടെ കരുതിയിരിക്കുകയില്ല. അന്നു 'തോ പ്പി'ന്റെ പറമ്പിൽ മന്ദമാരുതൻ കുതൂഹലത്തോടെ കാ ടിനടന്നിരുന്നതും, പുലർകാലത്തിൽ പക്ഷികൾ പഞ്ചമം പാടിയിരുന്നതും, വൃക്ഷശിഖരങ്ങളും പൂവല്ലികളും തല

യാട്ടി താളം പിടിച്ചിരുന്നതും, അസുമനസൂര്യൻ പാരിടത്തിൽ തങ്കച്ചാര കോരിയൊഴിച്ചിരുന്നതും, പനിമതി പാൽമഴ പൊഴിച്ചിരുന്നതും, നക്ഷത്രങ്ങൾ കൌതുകത്തോടെ കീഴ്പോട്ടുനോക്കിയിരുന്നതും ആ ബാലന്റെ ഭാവിയുടെ തിരശ്ശീലയ്ക്കപ്പുറത്തു മറഞ്ഞുകിടക്കുന്ന മഹാഭാഗ്യത്തെ അനുസ്മരിച്ചായിരിക്കാം.

മനുഷ്യൻ ആത്മശരീരങ്ങളുടെ സങ്കരമായിരിക്കുന്നതുകൊണ്ട് ഭൗതികലോകത്തിലെന്നല്ല ആദ്ധ്യാത്മികലോകത്തിലും കടന്ന് അവനു പലതും പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ 'ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു' വെന്ന് കൃസ്തു അപ്പസ്സോലന്മാരോടു തുറന്നു പ്രസ്താവിക്കുന്നതിനാൽ, വൈദികവൃത്തിയിലേക്കുള്ള അഭിനിവേശം ആദ്യമായി ഹൃദയത്തിൽ അങ്കുരിക്കുന്നതിന്നു കരുപക്ഷെ ഭൗതികസാഹചര്യങ്ങൾ പ്രേരകങ്ങളായി നില്ക്കാമെങ്കിലും, അതിനെ ആശ്ലേഷിക്കുവാൻ ദൈവത്തിന്റെ പ്രത്യേകതരത്തിലുള്ള പ്രസാദവരം ആവശ്യമാണ്. അവിടത്തെ പ്രവർത്തനങ്ങൾ അതിനിഗൂഢങ്ങളും സ്ഥലകാലങ്ങളുടെ പരിധിക്കുള്ളിൽ കുടുങ്ങിനില്ക്കാത്തതുമാകുന്നു. ചിലരെ വൈദികപദത്തിലേക്കു ദൈവം വിളിക്കുന്നതു് അഥവാ പ്രേരിപ്പിക്കുന്നതു് പിഞ്ചിളംപ്രായത്തായിരിക്കാം; ചിലരെ വിദ്യാഭ്യാസംകൊണ്ടും മറ്റും ഹൃദയസംസ്കാരം സിദ്ധിച്ചതിനുശേഷമായിരിക്കാം; ചിലരെ ആകസ്മികങ്ങളായ ഏതെങ്കിലും സംഭവത്തിനുശേഷം ഹൃദയത്തിനു പരിവർത്തനം വന്നിരിക്കുന്ന സമയത്തായിരിക്കാം.

നമ്മുടെ കഥാപുരുഷനെ ദൈവം വൈദികമേലദ്ധ്യക്ഷനായിട്ട്— കരപ്പസ്സോലനായിട്ട്— തിരഞ്ഞെടുത്തിരുന്നതുകൊണ്ട് വൈദികനാകണമെന്ന കരാഗ്രഹം

ബാല്യത്തിൽത്തന്നെ അദ്ദേഹത്തിന്റെ നിർമ്മലമനസ്സിൽ പാകി പിടിപ്പിക്കുകയും അനുകൂലസാഹചര്യങ്ങൾകൊണ്ട് അതിനു വളംവച്ചുകൊട്ടുക്കുകയും ചെയ്തിരുന്നു. തിരുമനസ്സുകൊണ്ട് സെന്തോമസ് ഹൈസ്കൂളിൽ ചേർന്നപ്പോൾ അവിടത്തേക്കു 11 വയസ്സുമാത്രം പ്രായമായിരുന്നുള്ളുവെങ്കിലും, അന്നു പ്രശസ്തമായും, അന്യാദൃശമായ ശിക്ഷണത്തിലും നടന്നിരുന്ന സെന്തോമസ് ബോർഡിങ്ങിൽ പ്രവേശിപ്പിക്കാതെ ഊക്കൻ ബ: യോഹന്നാനച്ചൻ അവർകളുടെ ഭരണത്തിൽ നടന്നിരുന്ന പെററിറ്റ് സെമ്മിനാരിയിൽ ചേർക്കുവാനാണു്, മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ആജ്ഞാപിച്ചതു്. അദ്ദേഹത്തിന്റെ പിൻഗാമിയാകാൻപോകുന്ന ആ ബാലന്റെ നിർമ്മലമനസ്സു യാതൊരുവിധത്തിലും മലിനമാകാതിരിക്കുവാനുള്ള സാഹചര്യങ്ങളെ ദൈവം പ്രത്യേകവിധത്തിൽ അനുകൂലമാക്കിയെന്നു മാത്രമേ നാം ഇതിൽനിന്നു ഗ്രഹിക്കേണ്ടതുള്ളു. കഥാപുരുഷൻ ഭാവിജീവിതത്തെ ശോഭനമാക്കുവാൻ വേണ്ടതായ പരിശീലനം സമ്പാദിച്ചതും ഈ കളരിയിൽനിന്നാണു്.

സാധാരണമനുഷ്യാനങ്ങളുടെ ആകത്തുകയാണു ജീവിതമെങ്കിൽ, വിജയത്തിന്റെ അടിസ്ഥാനവും അഭിവൃദ്ധിയും അതുതന്നെയാണു്. മനുഷ്യജീവിതത്തെ നാനാപ്രകാരത്തിൽ വിമർശിച്ചിട്ടുള്ള പണ്ഡിതപട്ടക്കളുടെ അഭിപ്രായവും ഇതിൽനിന്നു വ്യതിരിക്തമല്ല— ക്ലേശങ്ങളുടെ കരാളകല്ലോലങ്ങൾ നാനാഭാഗത്തുനിന്നും ആഞ്ഞടിക്കുകമൂലം മാർഗ്ഗമറിയാതെ നാം കഷ്ടപ്പെട്ടുമ്പോൾ കർത്തവ്യം എന്ന "വടക്കൻനോക്കി" യന്ത്രത്തെ നോക്കി ജീവിതത്തോണിയെ ഭാഗ്യത്തിന്റെ തുറമുഖത്തേക്കു നിഷ്പ്രയാസം അടുപ്പിക്കാം. ലോകമിന്നു് മഹാന്മാരെ

ന്ന തലകുലുക്കി സമ്മതിക്കുന്നവരുടെ ചരിത്രമാരാഞ്ഞു നോക്കിയാൽ, സാഹചര്യങ്ങൾ കണ്ണുരുട്ടിയപ്പോഴും, മന്ദഹസിച്ചപ്പോഴും മനസ്സുപതറാതെ കർത്തവ്യം ചൂണ്ടിക്കാണിച്ച മാർഗ്ഗത്തിൽകൂടി നിർഭയം സഞ്ചരിച്ചപ്പോഴാണ വിജയത്തിന്റെ വിശാലസാമ്രാജ്യത്തിൽ പ്രവേശിച്ചതെന്ന നമുക്കു മനസ്സിലാക്കാം.

മൌലികമായ ഈ ആദർശഭിത്തിയിന്മേൽ നിന്നുകൊണ്ടാണ് കഥാപുരുഷൻ പെറിറ്റ് സെമ്മിനാരിയിൽ ജീവിതം നയിച്ചിരുന്നതു്. പണ്ടത്തെ ഗുരുകുലവാസത്തെ അനുസ്മരിപ്പിക്കുന്ന അവിടത്തെ ജീവിതം സുഖലാലസരായ ഇന്നത്തെ വിദ്യാർത്ഥികൾക്കു മടുപ്പു തോന്നിക്കുന്നതാണെങ്കിലും, അത്യുന്നതമായ ഏതോ അന്തർഗ്ഗതം തലപൊക്കുവാൻ പിടച്ചുകൊണ്ടിരുന്ന ഹൃദയത്തോടുകൂടിയ "കൊച്ചുവാവണ്ണി"ക്കു് അച്ചടക്കത്തോടുകൂടിയ ജീവിതം അത്യധികം രസിക്കുകയാണുണ്ടായതു്. നയകോവിദനായ റെക്ടറുടെ ഉപദേശങ്ങളും പ്രോത്സാഹനങ്ങളും അദ്ദേഹത്തെ കൂടുതൽ സഹായിച്ചിട്ടുണ്ടു്. തിക്തകങ്ങളായ എത്ര ക്ലേശങ്ങളേയും പുഞ്ചിരികൊണ്ടു് മധുരങ്ങളാക്കുവാനുള്ള അദ്ദേഹത്തിന്റെ സ്വതസ്സിദ്ധമായ വൈഭവം പെറിറ്റ് സെമിനാരിയിൽ ധാരാളം പ്രകടമായിരുന്നുവെന്നു് അന്നത്തെ അദ്ദേഹത്തിന്റെ സഹപാഠികൾ ചരക്കെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാണു്.

ഏതാനും കൊല്ലങ്ങൾക്കുശേഷം പെറിറ്റ് സെമ്മിനാരിയുടെ ഭരണഭാരം എടക്കളത്തൂർ ബ: മത്തായി അച്ചനവർകളുടെ വിദഗ്ധഹസ്തങ്ങളിലേക്കു മാറി. ഈ മഹാശയൻ പലേ വിശിഷ്ടോപദേശങ്ങളുടെ തുവൽതൂവി കഥാപുരുഷനിൽ പകർന്നു; അദ്ദേഹത്തിൽ കുമ്പിട്ടുത്തി

രുന്ന വൈദികവൃത്തിയിലേക്കുള്ള അഭിനിവേശത്തെ വളത്തിക്കൊണ്ടുവന്നു. ഗുരുഭൂതന്മാരുടെ മാഹാത്മ്യം ശിഷ്യന്മാരിലും നിഴലിക്കുമെന്ന തത്വം യഥാർത്ഥമാണെന്നുള്ളതിന്നു് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് ഒരുത്തമ ദൃഷ്ടാന്തമാണു്. എന്തുകൊണ്ടെന്നാൽ മേനാച്ചേരി തിരുമനസ്സിലെ കാര്യദർശി. വാഴപ്പിള്ളി തിരുമേനിയുടെ വികാരി ജനറാൾ, പരിശുദ്ധ പിതാവിന്റെ ഭവനാധികാരി, സെന്തോമസ് കലാലയത്തിന്റെ മാനേജർ, തൃശ്ശൂർ മിസ്സത്തിന്റെ അഡ്മിനിസ്ട്രേറ്റർ എന്നീ വിവിധനിലകളിൽ പ്രശസ്തസേവനം നടത്തി, ഏവരുടേയും ഭക്തിബഹുമാനാദരവുകളെ സമാർജ്ജിച്ചു്, കൃപതയുടെ വിമലാന്തരീക്ഷത്തിൽ ഒരു ഉജ്ജ്വലതാരമെന്നോണം പ്രശോഭിക്കുന്ന നി. വ. ദി. ശ്രീ എടക്കളത്തൂർ മത്തായി അച്ചൻ അവർകളുടെ ശിക്ഷണത്തിൽ വളർന്ന 'കൊച്ചുവാവണ്ണി' ഇന്നു് തൃശ്ശൂർ മെത്രാനായി അഭിഷിക്തനായതിൽ എന്താണാശ്ചര്യം? പ്രകൃതി വെട്ടിത്തുറന്ന സുവർണ്ണ സരണിയിൽകൂടി ദൈവത്തിന്റെ അദൃശ്യകരം, ശത്രുക്കളുടെ ഭീകരപോരാട്ടങ്ങളിൽ വേണ്ടത്ര പിൻതുണനൽകി, അദ്ദേഹമഹിക്കുന്ന ഒരു മഹോന്നതസ്ഥാനത്തു് അവരോധിച്ചു എന്നുമാത്രമേയുള്ളൂ.

ചിലപ്പോൾ സന്തോഷത്തിന്റെ ചെറുപുഞ്ചിരി പരത്തുകയും ചിലപ്പോൾ ദുഃഖത്തിന്റെ കാളിമ വീശുകയും ചെയ്യുന്ന ആകസ്മികസംഭവങ്ങളെ ലോകമാകുന്ന തിരശ്ശീലമേൽ കാണിച്ചുകൊണ്ടാണു കാലചക്രം അനുനിമിഷം മുന്നോട്ടു തിരിഞ്ഞുകൊണ്ടിരിക്കുന്നതു്. താദൃശാനുഭവങ്ങളിൽ ചിലതു ഭൂതകാലത്തിൽ വീണു ജീർണ്ണിച്ചുതുടങ്ങിയാലും, അവ വർത്തമാനത്തിന്റെ തെളിചില്ലിന്മേൽ നിഴലിച്ചു ലോകത്തെ ചിരിപ്പിക്കുകയോ, അ

ല്ലെങ്കിൽ കരിക്കല്ലും വറാത്ത കണ്ണീരുറവയെ സൃഷ്ടിക്കുകയോ ചെയ്യുന്നുണ്ടാകാം. ഭാവിയുടെ വിശാലസാമ്രാജ്യത്തിൽ സച്ഛന്ദം പ്രവേശിക്കുവാൻ ആർക്കും അധികാരമോ അവകാശമോ ഇല്ലാത്തതുകൊണ്ടു ലോകത്തിന്റെ അഭിവൃദ്ധിക്കോ അധോഗതിക്കോ വഴിയുണ്ടാക്കുന്ന ചില നൂതനസംഭവങ്ങൾ, വിത്തിൽ വൃക്ഷമെന്നപോലെ, അവയിൽ കുളിച്ചുകിടക്കുന്നുണ്ടെന്നു് ആരും ഗ്രഹിച്ചിരിക്കയില്ല.

തൃശ്ശൂർ പ്രുതയിൽ ഉജ്ജ്വലതേജസ്സോടെ ഏകദേശ്യം ഇരുപത്തിമൂന്നു വർഷങ്ങളോളം പ്രശോഭിച്ചിരുന്ന മേനാച്ചേരി മെത്രാൻ തിരുമനസ്സുകൊണ്ടു് അനന്തപാരാവാരത്തിലാണ്ടുപോയി. കടുത്ത കദനത്തിന്റെ കരിനിഴൽപ്പാടുകൾ പ്രുതയുടെ നാനാഭാഗത്തും തടിച്ചുകൂടി; കണ്ണീരിൽ മുങ്ങിക്കുളിച്ച പ്രുതാമാതാവു് വൈധവ്യത്തിന്റെ അഗ്നികുണ്ഡത്തിലേക്കു വഴുതിവീണു; തിരുമേനിയുടെ രണലിൽ വിശ്രമം കൊണ്ടിരുന്ന വിവിധസ്ഥാപനങ്ങൾ വാടിത്തളർന്നു. എന്നാൽ പാരിനെ പുഞ്ചിരി കൊള്ളിച്ചുകൊണ്ടു് ഉദിച്ചുയർന്ന കരു പൂർണ്ണചന്ദ്രന്റെ— മോൺസിഞ്ഞോർ ആൻറണി പുഴുശ്ശേരി അവർകളുടെ— ആവിർഭാവത്തോടുകൂടി പ്രുതയുടെ നീരുന്ന ഹൃദയം തെല്ലൊന്നു കുളിർത്തു. അദ്ദേഹം അഡ്മിനിസ്ട്രേറ്റർ ആയിരുന്ന കാലത്തും പെറിറ്റ് സെമ്മിനാരിയുടെ ഭരണയന്ത്രം തിരിച്ചിരുന്നതു് അദ്ദേഹത്തിന്റെ നിപുണഹസ്തങ്ങൾ തന്നെയാണു്. അന്നു നമ്മുടെ കഥാപുരുഷൻ, വൈദികനാകണമെന്നുള്ള ആഗ്രഹം സാധിക്കുന്നതിനുവേണ്ടി ആധ്യാത്മികസമ്പത്തു്, പെറിറ്റ് സെമ്മിനാരിയുടെ അംഗമായിരുന്നു സംഭരിക്കുകയായിരുന്നു. അസുലഭാരത്തിന്റെ ഉറ

പ്പനുസരിച്ചാണല്ലോ കെട്ടിടത്തെ ഉയർത്തുന്നതു്. കഥാപുരുഷന്റെ പരിണതശിരസ്സിനെ തൃശ്ശൂർ ത്രുപതയുടെ വൈദികാദ്ധ്യക്ഷക്കിരീടംകൊണ്ടു് ദൈവം അലങ്കരിച്ചിട്ടുണ്ടെങ്കിൽ പെററിറ്റ് സെമ്മിനാരിയിൽവെച്ചു് ആ 'കൊച്ചുവാവണ്ണി' തന്റെ ആദ്ധ്യാത്മികസൌധത്തിനിട്ട അസ്തിവാരം എത്ര ബലവത്തരമായിരുന്നുവെന്നു് ആർക്കും ഊഹിക്കാവുന്നതാണു്.

ചെങ്കോലും കിരീടവും മാത്രം ഒരുവനെ രാജാവാക്കുന്നില്ല; വാളും പോർച്ചട്ടയും ഒരുവനെ യോദ്ധാവാക്കുന്നില്ല; യോഗദണ്ഡും കാഷായവസ്ത്രവും ഒരുവനെ സന്ന്യാസിയാക്കുന്നില്ല. പ്രത്യുത ഈദൃശ്യബാഹ്യചിഹ്നങ്ങൾക്കനുയോജ്യമായ യോഗ്യതയും, അവ ചൂണ്ടിക്കാണിക്കുന്ന ആദർശങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുന്നതിനുള്ള ഉൾക്കരുത്തും ഏറ്റവും ആവശ്യമാണു്. വൈദികപദത്തിലേക്കു കാൽവയ്ക്കുവാൻപോകുന്ന ഒരു യുവാവിനു്, അവശ്യം ഉണ്ടായിരിക്കേണ്ട സാന്മാഗ്ഗികയോഗ്യതയും ഭൌതികവിദ്യാഭ്യാസവും ശാരീരികാരോഗ്യവും നമ്മുടെ കഥാനായകനിൽ അന്നത്തെ അഡ്മിനിസ്ട്രേററർ മോൺ. ആൻറണി പുതുശ്ശേരി അവർകൾ തെളിഞ്ഞുകണ്ടപ്പോൾ, 1921 ജൂൺ 13-ാംനു- അദ്ദേഹത്തിനു വൈദികവസ്ത്രം നല്കി. എന്നാൽ 23 കൊല്ലം കഴിയുമ്പോൾ അന്നത്തെ ത്രുപതാദ്ധ്യക്ഷൻ ഒരു അഡ്മിനിസ്ട്രേററർ ആകുമെന്നോ, അദ്ദേഹത്തിന്റെ കരങ്ങളിൽനിന്നു കഥാപുരുഷൻ തോമാശ്ലീഹായുടെ (മദ്രാസ്) ദേവാലയത്തിൽവച്ചു് ആ പുണ്യപുരുഷന്റെ പിൻഗാമിക്കുള്ള സ്ഥാനവസ്ത്രം സ്വീകരിക്കുമെന്നോ ആരും ഊഹിച്ചിരിക്കുവാൻ ഇടയില്ല. ഹാ! ഒരു വ്യക്തിയുടെ ഭാവി എത്ര മാത്രം ആകസ്മികസംഭവങ്ങൾകൊണ്ടാണു് പ്രകൃതി ആ

വരണംചെയ്യിരിക്കുന്നത്! ക്രൈസ്തവപുരോഹിതന്റെ പോർച്ചട്ട ധരിച്ചു കളരിയിൽ ഇറങ്ങിയ ഈ ഭാവിയോദ്ധാവിൽ, അനേകം സന്നദ്ധഭടന്മാരെ രണാങ്കണത്തിലേക്കു നയിക്കുന്ന ഒരു മഹാസേനാനിയുടെ ഉൾക്കരുത്തും, ആത്മികപ്രബുദ്ധതയും, മറഞ്ഞുകിടപ്പുണ്ടായിരുന്നു. ലോകാഭിവൃദ്ധിക്കുവേണ്ടി ജീവിതരംഗത്തിലേക്കിറങ്ങുന്ന പുണ്യപുരുഷന്മാരുടെ അഭിനയം വിജയശ്രീലാളിതമാകുന്നതിന്ന്, അനുയോജ്യങ്ങളായ രംഗവിധാനങ്ങൾ സജ്ജീകരിക്കുന്ന പ്രകൃതിമാതാവു, ത്രപതാപുത്രിയുടെ വൈധവ്യദുഃഖംമൂലം കാർവേണിയ്ക്കിടയിൽ മറച്ചിരുന്ന മുഖസൂര്യനെ പുറത്തുകാണിച്ച പുഞ്ചിരിതൂകി രണ്ടാമത്തെ ജാമാതാവിനെ അനുഗ്രഹിച്ചു.

കാലചക്രം അങ്ങനെ തിരിഞ്ഞുകൊണ്ടിരുന്നു. വരണ്ട വേനലിന്നുശേഷം കുളർമാരികൊണ്ടു ഭൂമിയുടെ മുഖം കുളർമപൂണ്ടു. കൃഷ്ണപക്ഷം തിമിരതിരശ്ശീലയാൽ പൊതിഞ്ഞിരിക്കുന്ന പാരിനെ ശുക്ലപക്ഷം വെൺചായംപൂശി. വറ്റിവരണ്ട കൊച്ചരുവികൾ ആനന്ദത്തിന്റെ മൃദുലഗാനം മുഴക്കി. ബാലസൂര്യൻ ചെമ്പട്ടുടുത്തു് ഉദയാചലത്തിന്മേൽ ഉപവിഷ്ടനായി, കരങ്ങൾനീട്ടി ലോകത്തെ അനുഗ്രഹിച്ചു. ത്രപതയെങ്കിലും ആനന്ദത്തിന്റെ വെള്ളിക്കതിർവീശി. 1921 ജൂലായി 6-ാംനു വാഴപ്പിള്ളി തിരുമനസ്സുകൊണ്ടു് തൃശ്ശൂർ മതാദ്ധ്യക്ഷപീഠത്തെ ആരോഹണംചെയ്തു. ത്രപതാമാതാവു സനാഥയായി.

ലോകം ആനന്ദിച്ചാശ്ലേഷിക്കുവാൻ പോകുന്ന ചില സുകൃതവിശേഷങ്ങളുടെ നിഴലാട്ടം പ്രത്യക്ഷപ്പെടാതെങ്കിലും, അന്നു ലോകം അത്ര ജിജ്ഞാസ പ്രദർശിപ്പിക്കാറില്ല. വാഴപ്പിള്ളിത്തിരുമനസ്സുകൊണ്ടു് അഭിഷി

ക്തനായതിന്റെ ശേഷം പൌരോഹിത്യത്തിന്റെ മ
ണിമന്ദിരത്തിലേക്ക് ആദ്യമായി ആശീർവ്വദിച്ചയിട്ടത്
അവിടത്തെ പിൻഗാമിയാകുവാനുള്ള നമ്മുടെ കഥാപു
രുഷനെയാണ്. അന്നു, സെഹിയോൻ ഊട്ടുശാലയിൽ
പ്രാർത്ഥനാനിരതരായിരുന്ന അപ്പസ്തോലന്മാരുടെ ശിര
സ്സുകളിൽ പരിശുദ്ധാത്മാവു തീനാക്കുകളുടെ രൂപത്തി
ലിറങ്ങിയതുപോലെ, ഇന്ന് ഈ അപ്പസ്തോലനിൽനി
ന്ന് അഭിഷേകസമയത്തു് അദ്ദേഹത്തിനു കൈവന്നിട്ട
ള്ള സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ ശക്തി, കഥാപുരുഷനി
ലും സംക്രമിച്ചിട്ടുണ്ടായിരിക്കണം.

ആലപ്പാട്ട തിരുമേനി അന്ന് ആരുടേയും ശ്രദ്ധ
യെ സമാകർഷിച്ചതും, ഭാവിയിൽ അദ്ദേഹം ആരോഹ
ണംചെയ്യുവാൻ പോകുന്നതുമായ ഉത്തുംഗപദവിക്ക് അ
ടിസ്ഥാനമാകുന്ന ധർമ്മബോധം, ദീനാനുകമ്പ, സമസ്തി
സ്നേഹം, ഈശ്വരഭക്തി തുടങ്ങിയ വിശിഷ്ടഗുണങ്ങൾക്കു
നിലയനമാണെന്നു വാഴപ്പിള്ളിത്തിരുമനസ്സുകൊണ്ടു സൂ
ക്ഷ്മമായി മനസ്സിലാക്കി, അദ്ദേഹത്തെ കൂടുതൽ സംസ്കാ
രസമ്പന്നനാക്കുന്നതിന്നുവേണ്ടി, വൈദികപഠനം തു
രുവാൻ സഭയുടെ പരമാധികാരി വാണരുളുന്ന നിത്യന
ഗരത്തിലേക്കുതന്നെ അയക്കുവാൻ തീരുമാനിച്ചു.

അദ്ധ്യായം 3.

പ്രോപ്പഗാന്ത കോളേജിൽ.

പഞ്ചേന്ദ്രിയങ്ങൾക്കു പരമാനന്ദമരുളുവാൻ പഞ്ച
ഭൂതങ്ങൾ നിർമ്മിച്ചിട്ടുള്ള ഒരു വിനോദപ്രദർശനശാലയാ
ണ് ഇന്നത്തെ ഭൗതികലോകം. സ്ഥാനം, മാനം, ധനം
എന്നിവകളിൽ ഭ്രമിച്ച് ജീവിതത്തെത്തന്നെ ശൂന്യമാ



നി. വ. ഒ. ശ്രീ മോൺ
ആൻറണി പുതുശ്ശേരി അവർകൾ.

ക്കിത്തീർക്കുന്ന അന്ധകാരവൃതമായ അന്തരിക്ഷം അതിനെ വലയംചെയ്തിരിക്കയാണ്. ബുദ്ധിയുടെ പൊൻകതിരുകൾ ചൊരിഞ്ഞ് ആത്മാവിന്റെ പരിശുദ്ധി ദർശിക്കുവാൻ കണ്ണുണ്ടെങ്കിലും അതിനു കാഴ്ചയില്ലാതായിരിക്കുന്നു. ശാസ്ത്രീയാദിവൃദ്ധിയാൽ സംസിദ്ധമായ പുരോഗമനം ലോകത്തെ പരിഷ്കാരത്തിന്റെ ചതുപ്പുനിലത്തിൽ കൊണ്ടുതള്ളിയിരിക്കയാണ്. ആശക്കു പകരം നിരാശ, ആത്മസമാധാനത്തിനു പകരം നരകവേദനതിമത്തു പുളയ്ക്കുന്ന കുത്തരങ്ങമായി ജീവിതം.

ആദ്യമനുഷ്യന്റെ അധഃപതനം മനുഷ്യനെ പാപത്തിന്റെ ചളിക്കുണ്ടിലേക്കു വലിച്ചെറിയുക മാത്രമല്ല, മനുഷ്യഹൃദയത്തെ വികാരവിചാരങ്ങൾ തമ്മിൽ ഭീമമായ സമരം നടക്കുന്ന ഒരു ഭയങ്കരരണഭൂമിയായിത്തീർക്കുകകൂടി ചെയ്തു. അതേവരെ ഉത്കൃഷ്ടാശയങ്ങളുടെ ഇരിപ്പിടമായ ഉത്തമാംഗത്തിന്റെ വരുതിയ്ക്കു കീഴ്പ്പെട്ടിരുന്ന അധമാംശം ഇപ്പോൾ ദുരഹങ്കാരം തടിച്ചു മുഴുത്ത് ഉത്തമാംശത്തോടു എതിർക്കുവാൻ തുടങ്ങി. അധമ്മത്തോടു് എന്തെന്നില്ലാത്ത ഒരഭിനിവേശം മനുഷ്യനു സഹജമായിത്തീർന്നപ്പോൾ ജീവിതം നന്മയും തിന്മയും തമ്മിലുള്ള നിരന്തരസംഘട്ടനങ്ങളുടെ രംഗകത്തുകയായിപ്പുകൾന്നു. നൈസർഗ്ഗികമായ ഈ ദുർവ്വാസനയെ അടിച്ചമർത്തി മനുഷ്യൻ ധർമ്മനിരതനായിത്തീരണമെങ്കിൽ പ്രവൃത്തികളുടെ നിർവ്വാഹകനായ മനസ്സിനു് വേണ്ടത്ര സംസ്കാരവും പരിശീലനവും സിദ്ധിക്കണം.

ഒരു സാധാരണ വ്യക്തിക്കു മാനസികപരിശീലനം അനുപേക്ഷണീയമാണെങ്കിൽ, ദുഷിച്ച ഭൗതികാദർശങ്ങളുടെ കല്ലോലങ്ങൾ ഇരമ്പിമറിയുന്ന ആധുനികലോകത്തിൽക്കൂടി ആധ്യാത്മികതതപങ്ങളുടെ മാലുമിയാ

യ ഒരു പുരോഹിതനു പരിശീലനം എത്രമാത്രം ആവശ്യമാണെന്നു പറയേണ്ടതില്ലല്ലോ.

വൈദികവിദ്യാർത്ഥികൾക്കു ശാസ്ത്രാഭ്യസനത്തിനും, ആധ്യാത്മികപരിശീലനത്തിനുമുള്ള സെമ്മിനരികൾ ഇന്ത്യയുടെ പലേ ഭാഗങ്ങളിലും പ്രശസ്തിയിൽ നടത്തപ്പെട്ടിരുന്നുവെങ്കിലും, ലോകത്തിലുള്ള സകല വൈദികവിദ്യാലയങ്ങളുടേയും ജനയിത്രിയും മാതൃദേശിനിയുമായ പ്രൊപ്പഗാന്ത സെമ്മിനരിയിൽ വൈദികപഠനം നടത്തുവാൻ ഭാഗ്യം സിദ്ധിച്ചതു കഥാപുരുഷന്റെ ഭാവിയോഗ്യതകളുടെ ഒരു നാന്ദിമാത്രമായിരുന്നു.

കഥാപുരുഷൻ, അവിടുത്തെ വാത്സല്യം തുളുമ്പുന്ന മാതാവിനോടും ശേഷം ബന്ധുമിത്രാദികളോടും മാതൃഭൂമിയോടും ഹൃദയസ്പർശകമായി യാത്രപറഞ്ഞു, വാഴപ്പിള്ളി മെത്രാനച്ചൻ തിരുമനസ്സിലെ പ്രത്യേകാനുഗ്രഹത്തോടുകൂടി 1921 സെപ്തമ്പർ 8-ാംനു- നിത്യനഗരത്തിലേക്കു പുറപ്പെട്ടു. ദിവ്യശ്രീ പോൾ ആലപ്പാട്ട് പി. എച്ച്. ഡി; ബി. ഡി. അവർകൾക്കുശേഷം തുടർന്നു വളരെ സംവത്സരത്തേയ്ക്കു പ്രൊപ്പഗാന്ത കോളേജിൽ ആക്കം പ്രവേശനം ലഭിക്കാതിരുന്നുവെങ്കിലും, മോൺ. ആൻറണി പുതുശ്ശേരി അവർകളുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി ലഭിച്ച അനുമതികൊണ്ടാണ് കഥാനായകനു നിത്യനഗരത്തിലേക്കു പോകുവാൻ സാധിച്ചതു്. പുത്രസ്നേഹം തുളുമ്പുന്ന ആ മാതാവിന്റെ നേത്രങ്ങളിൽനിന്നു രണ്ടു് അശ്രുകണങ്ങൾ കഥാനായകന്റെ വേർപാടിൽ അടർന്നുവീണുവെങ്കിലും ഈശ്വരസേവനത്തിനായി ആത്മാപ്പണം ചെയ്യു ധീരതയോടെ ഇറങ്ങുന്ന അരുമസന്താനത്തെ അതിൽനിന്നു തടഞ്ഞു നിറുത്തുവാൻ ആ സാധുമണി മുതിർന്നില്ല. ദൈവസേവ

നത്തിന്നായി പുറപ്പെട്ടന്ന സപ്തസന്താനങ്ങളുടെ മാഗ്ഗങ്ങളിൽ നാനാതരത്തിലുള്ള പ്രതിബന്ധങ്ങൾ വലിച്ചിട്ടു വീഴ്ത്തുമുട്ടിച്ച് അവസാനം ലോകത്തിന്റെ ദുർഗ്ഗന്ധം വമിക്കുന്ന പാഴ്ക്കുണ്ടിലേക്ക് ഉന്തിയിടുന്ന ചില 'ലോകത്താന്മാരായ' മാതാപിതാക്കൾ, തിരുമനസ്സിലെ മാതാവിനെ ത്തന്നെകരിക്കേണ്ടതാണ്. ദൈവത്തിന്റെ തിരുവുള്ളത്തോട് പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി പ്രതിഷേധത്തിന്റെ ചെങ്കൊടി ധിക്കാരപൂർവ്വം ഉയർത്തുകയാണ് ഇത്തരം മാതാപിതാക്കന്മാർ ചെയ്യുന്നത്. എന്നാൽ അനേകായിരം നാഴികയപ്പുറത്തുതീരെ അപരിചിതമായ ഒരു നാട്ടിലേക്ക് എട്ടുപത്തു സംവത്സരങ്ങൾ കഴിഞ്ഞല്ലാതെ ഒരുനോക്കു കാണുവാൻകൂടി സാധിക്കാത്തവിധത്തിൽ സ്വപുത്രനെ അയക്കുമ്പോൾ മാതൃസഹജമായ ദുഃഖം തിരുമേനിയുടെ മാതാവിനും ഉണ്ടായിരുന്നുവെങ്കിലും ദൈവസ്നേഹത്തിന്റെ അണമുറിഞ്ഞുള്ള പ്രവാഹത്തിൽ അതു തീരെ നശിച്ചുപോയിരിക്കണം.

'എന്നേക്കാൾ കൂടുതൽ മാതാപിതാക്കന്മാരെ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല' എന്ന കുസുവിന്റെ മൗലികവാക്യത്തിൽ അന്തർഭവിച്ചുകിടക്കുന്ന ആശയത്തെ വേണ്ടവിധം മനസ്സിലാക്കിയ കഥാനായകന്റെ ഹൃദയം, ബന്ധുമിത്രാദികളുടെ കണ്ണുനീരും മാതാവിന്റെ ചുടുനെടുവീർപ്പുകളും മൂലം ചില നൈസർഗ്ഗികവികാരങ്ങൾക്കധീനമായെങ്കിലും അതു ശരൽക്കാലത്തിലെ കാർമേഘംപോലെയായിരുന്നു.

ലോകത്തിലെ ഏകധാർമ്മികസമ്രാട്ടും കുസുവിന്റെ പ്രതിപുരുഷനും വിശ്വൈകപിതാവുമായ പോപ്പുരാജന്റെ ശീതളച്ഛായയിൽ പരിപോഷിച്ചുകൊണ്ടിരിക്കു

ന്ന പ്രൊപ്പഗാന്ത സെമ്മിനാരിയിൽ അധ്യയനം നടത്തുവാൻ സാധിക്കുന്നതു് കരസ്സാധാരണ ഭാഗ്യമായി നാം കരുതുന്നുണ്ടെങ്കിൽ, ലോകത്തിനു് അപൂർവ്വം ചില അവസരങ്ങളിൽ മാത്രം ദർശിക്കുവാൻ ഭാഗ്യം സിദ്ധിക്കുന്ന പ്രത്യേക സംഭവങ്ങളിലുംകൂടി ആലപ്പാട്ട തിരുമേനിക്കു ഭാഗഭാക്കാകുവാൻ സാധിച്ചിട്ടുള്ളതു ഭാവിയിൽ ദൈവം അവിടുത്തേക്കു നല്കുവാൻ തീർച്ചയാക്കിയിരുന്ന മഹോന്നതപദവിയുടെ സൂചനയായിരുന്നുവെന്നു പരിഗണിക്കുന്നതിൽ എന്താണു് അസാംഗത്യം? കത്തോലിക്ക സഭയുടെ പരമാധികാരത്തേയും ഭരണപരിഷ്കാരത്തേയും, പരിശുദ്ധിയേയും വിളിച്ചറിയിക്കുന്ന താദൃശസംഭവങ്ങളെപ്പറ്റിയുള്ള പരിപൂർണ്ണജ്ഞാനം, കരുമേലദ്ധ്യക്ഷനു സിദ്ധിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഭരണീയരായ കുഞ്ഞാടുകൾക്കു് അവയുടെ കരേകദേശരൂപമെങ്കിലും കാണിച്ചുകൊടുക്കുന്നതിനു സാധിക്കുന്നു. അവനവനില്ലാത്ത യാതൊന്നും ഇതരന്മാർക്കു വീതിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ലല്ലോ.

വാത്സല്യം അലതല്ലുന്ന കരു പൊതുപിതാവിന്റെ കരുണാമസൃണമായ സംരക്ഷണം, ഭരണനിപുണനും നയകോവിദനുമായ ജോബെ തിരുമേനിയുടെ മേൽനോട്ടം, പാണ്ഡിത്യത്തിന്റെ പരിമളധോരണികൊണ്ടു് ലോകപ്രസിദ്ധന്മാരായ ഗുരുഭ്രേതന്മാരുടെ ശിക്ഷണം, ഭക്തശിരോമണിയും സംസ്കാരസമ്പന്നനുമായ കരു ധാമ്മികോപദേഷ്ടാവിന്റെ നിയന്ത്രണം, വിവിധങ്ങളായ സംസ്കാരസമ്പന്നത്തുകളെ കോരിപ്പകരുന്ന ഏകദേശം 40 രാജ്യങ്ങളിൽനിന്നുള്ള സതീർത്ഥ്യരോടുള്ള സഹവാസം—ഇതിലപ്പുറം എന്തുവേണം കരു വൈജ്ഞാനികവിദ്യാർത്ഥിയുടെ ഭാവി വിജയംചൂടുവാൻ?

കുസ്സുവിന്റെ സപത്ഗാരോഹണത്തിനുശേഷം, നാടുംവീടും സുഖശ്രീനികരങ്ങളെല്ലാം പുല്ലുപോലെ വലിച്ചെറിഞ്ഞു കാടുംതോടും കടന്നു, കുന്നുംമലയും കേറി പലസ്തീനയിൽനിന്നു വിദൂരസ്ഥിതമായിരിക്കുന്ന ഭാരതഭൂമിയിലേക്കു വന്ന പ്രേഷിതവീരനായ വി. തോമാസിന്റെ യഥാർത്ഥപിൻഗാമിയാകുവാനുള്ള 'ആലപ്പാട്ടു ശമ്മാശൻ' തന്റെ മുൻഗാമിയെ അനുകരിച്ചു പ്രവർത്തിക്കുവാനുള്ള ആത്മീയചൈതന്യവും പ്രബുദ്ധതയും ലഭിക്കുന്നതിനു് സംസ്കാരസമ്പന്നത്തിന്റെ വിളനിലമായ നിത്യനഗരത്തിലേക്കു കപ്പൽ കയറി. കുസ്സു നേരിട്ടു നല്കിയ സുവിശേഷങ്ങളുടെ വിത്തു പാകിപ്പിടിപ്പിച്ചു് അവസാനം സചേതം നിണനീരുകൊണ്ടുതന്നെ അതിനെ നനച്ചുവളർത്തുവാൻതക്ക മനോസ്ഥൈര്യം, ലൊങ്കീനോസ്സ് കുത്തിത്തുറന്ന തിരുചങ്കിൽനിന്നു വി. തോമസ് വാരിയെടുത്തതുപോലെ, ആ പുണ്യശ്ലോകന്റെ പ്രേഷിതവൃത്തിയെ തുടരുവാനുള്ള നമ്മുടെ കഥാപുരുഷൻ അതിനുള്ള അനുഗ്രഹം കുസ്സുവിന്റെ ദൃശ്യപ്രതിപുരുഷനിൽനിന്നു വാങ്ങുവാൻ നാനാതരത്തിലുള്ള ക്ലേശങ്ങൾ സഹിച്ചു നിത്യനഗരത്തിലേക്കു പുറപ്പെട്ടു. അഞ്ചുവയസ്സിൽ അന്തരിച്ചുപോയ പിതാവു്, സപത്ഗത്തിലിരുന്നു് കഥാപുരുഷനിൽ ദൈദികപദത്തിൽ കാൽവയ്ക്കുവാൻ പോകുന്ന ഈ അവസരത്തിൽ അനുഗ്രഹത്തിന്റെ പുഷ്പങ്ങൾ വാരിവിതറിയിട്ടുണ്ടായിരിക്കണം.

മുകളിൽ നിർമ്മലാകാശം! ചുറ്റും കരകാണാത്ത കടൽപ്പരപ്പു്! കരു ഭാവിമെത്രാനെ വഹിച്ചുകൊണ്ടു പോകുന്നുവെന്ന ഹുങ്കാരത്തോടുകൂടി പുഞ്ചിരിയുടെ വെൺനുര പരത്തി ആ കപ്പൽ മുന്നോട്ടു ചീറിക്കുതിച്ചു. അനന്തവാരാശിക്കൊരു കൊച്ചുപറവപോലെ വീചിക്കു

രങ്ങളുടെ ആശ്ലേഷസുഖവും അനുഭവിച്ചുകൊണ്ടു കപ്പൽ അങ്ങനെ പൊയ്ക്കൊണ്ടേയിരുന്നു.

നിത്യനഗരം! പഴയപരിഷ്കാരവും പുതിയ സംസ്കാരവും കൈകോർത്തുപിടിച്ചുകൊണ്ടു നില്ക്കുന്ന ആ സനാതനനഗരം! പ്രാചീനങ്ങളായ എല്ലാ അക്രൈസുവസംസ്കാരങ്ങളുടേയും കേന്ദ്രമായി, മൃഗീയമായ ക്രൂരകർമ്മങ്ങളുടെ നികേതനമായി, വിഗ്രഹാരാധനയുടെ നൃത്തരംഗമായി, ഭൗതികൈശ്വര്യംകൊണ്ടു ലോകത്തിന്റെ നടനായികയായി പരിലസിച്ചിരുന്ന റോമാ, ഇന്ന് ക്രൈസുവസംസ്കാരത്തിന്റെ മണിയറയായി, ലോകത്തിന്റെ പുണ്യക്ഷേത്രമായി, സകല വിശുദ്ധിയും ഉടലെടുത്ത ധാർമ്മികസമ്രാട്ടിന്റെ ഇരിപ്പിടമായി അഖിലജാതി മതസ്ഥരേയും ആകർഷിച്ചുകൊണ്ടു പരിലസിക്കുന്നു! ദുരാചാരങ്ങളുടേയും ദുഷ്കർമ്മങ്ങളുടേയും കറപുരണ്ട റോമാസാമ്രാജ്യത്തിൽ നേറോൻ തുടങ്ങിയ നരവ്യാഘ്രങ്ങളായ ചക്രവർത്തിമാർ 'ചന്ദ്രഹാസ'മെടുത്തു നിർദ്ദയം മർദ്ദിച്ചുകൊന്നൊടുക്കിയ ലക്ഷോപലക്ഷം ക്രൈസുവധർമ്മധീരന്മാരുടെ പരിപാവനരക്തം കാളംതല്ലിയപ്പോൾ അയ്യോ ലോകത്തിന്റെ പുണ്യക്ഷേത്രമായിത്തീർന്നു. അന്നു കിരാതന്മാരായ റോമാചക്രവർത്തിമാർ ക്രൈസുവരുടെ വിമലരക്തം പാനം ചെയ്യുന്നതിനുവേണ്ടി ബുഭുക്ഷയുള്ള ചെന്നായ്ക്കളെപ്പോലെ മുരണ്ടുകൊണ്ടിരുന്നുവെങ്കിൽ, ഇന്നു കാൽവരിയിലെ ആ മഹാത്യാഗിവര്യന്റെ പ്രതിപുരുഷൻ ലോകത്തിന്റെ അധർമ്മങ്ങൾ കണ്ടു പരിതപ്തഹൃദയനായി നെടുവീർപ്പിട്ടുകൊണ്ടിരിക്കയാണ്. അന്നു മൃഗീയഗർജ്ജനങ്ങളുടേയും ജനാവലിയുടെ ഭീകരാട്ടഹാസങ്ങളുടേയും നടുവിൽക്കൂടി കേട്ടിരുന്ന ധർമ്മധീരന്മാരുടെ ദയനീയരോദനങ്ങളുടെ മാറ്റൊലി ഇന്ന് ക്രൈസുവസ

ഭയുടെ കാഹളധ്വനിയായി രൂപാന്തരപ്പെട്ടുമെന്നു ക്രൂരന്മാരായ ചക്രവത്തിമാരാകട്ടെ, ശിലാഹൃദയരായ ജനാവലിയാകട്ടെ കാത്തിരിക്കയില്ല. നരനായാട്ടു നടത്തിയിരുന്ന ചക്രവത്തിമാരുടെ സ്ഥാനത്തു്, അഖിലലോകത്തേയും സ്നേഹത്തിന്റെ പൊൻകരംകൊണ്ടു് അനുഗ്രഹിച്ചാശ്ലേഷിക്കുവാൻ കാത്തുനില്ക്കുന്ന പുണ്യപിതാക്കന്മാരെ നോക്കി, ഭൂഗർഭാലയങ്ങളിൽ നിത്യവിശ്രാന്തി കൊള്ളുന്ന പൂർവ്വകുസൃഷ്ടാനികളുടെ വിശിഷ്ടാവശിഷ്ടങ്ങൾ ഇന്നു പുഞ്ചിരിതൂകുന്നുണ്ടായിരിക്കണം.

നിത്യനഗരം! ഹാ! എത്രയെത്ര പാവനസ്മരണകളാണു് ആ നാമധേയത്തിന്റെ ശ്രവണമാത്രത്താൽ ജാഗരംകൊള്ളുന്നതു്! അപ്പോൾ പിന്നെ അതിന്റെ ദർശനത്താൽ, അതിലെ മണ്ണിന്റെ സ്പർശനത്താൽ എന്തെത്ര സ്മരണകൾ കരുവന്റെ ചിന്താപഥത്തിലേക്കു കടന്നുവരികയില്ല! പ്രഥമപാപ്പയായ വി. പത്രോസിന്റെ പ്രധാനപ്രവൃത്തിരംഗമായി, അവിടത്തെ അന്ത്യനിമിഷങ്ങളെ ദർശിച്ച സായൂജ്യംനേടിയതായി, പ്രാപഞ്ചികമായ പഴയ പരിഷ്കാരം ആധ്യാത്മികമായ പുതിയ സംസ്കാരത്തിനു വഴിമാറിക്കൊടുക്കുവാനുള്ള വൈധൃത്തൽ പ്രേരിതരായ റോമൻചക്രവത്തിമാരാൽ നടത്തപ്പെട്ട നിരവധി വേദനൈരുക്കുകൾക്കു പാത്രീഭൂതരായ ആദിമകുസൃഷ്ടാനികളുടെ വിമലരക്തത്താൽ നനയ്ക്കപ്പെട്ടതായിരിക്കുന്ന പുണ്യഭൂവല്ലയോ അതു്! അവിടെ പാശ്ചാത്യവും പൌരസൃഷ്ടവുമായ, പ്രാകൃതവും സംസ്കൃതവുമായ, പ്രാചീനവും അർവ്വാചീനവുമായ നിരവധി കലകളുടെ മാതൃകകൾ ലോകത്തിന്റെ അത്ഭുതവിഷയങ്ങളായി നിലകൊള്ളുന്നു. അവയുടെയെല്ലാം സത്തെടുത്തു് അതിനു രൂപംകൊടുത്തതുപോലെ വിപുലവും മ

നോഹരവുമായിരിക്കുന്ന സെയിൻറ് പീറേഴ്സ് ദേ
വാലയം നിലകൊള്ളുന്നു. അതിൻെറ സമീപത്തായി,
മീൻചിട്ടത്തക്കാരനായ പത്രോസിൻെറ പിൻഗാമികള
ുടെ അധിവാസസ്ഥാനമായ വത്തിക്കാൻ അരമനയും
ലാലസിക്കുന്നു.

പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ പ്രത്യേക മേൽ
നോട്ടത്തിലും പ. പിതാവിൻെറ പിതൃനിർവ്വിശേഷമായ
പരിപാലനയിലും വളർന്നുവരുന്നതും, ലോകത്തിൻെറ
എല്ലാ ഭാഗങ്ങളിലുമുള്ള വൈദികവിദ്യാർത്ഥികൾക്ക പ്ര
വേശം അനുവദിക്കുന്നതുമായ ഒരു മഹാവൈദികവിദ്യാ
ലയമാണ് പ്രോപ്പഗാന്ത (ഊബ്മൻ) കോളേജ്. ഇതി
നോടനുബന്ധിച്ചുള്ള വിദ്യാർത്ഥിമന്ദിരം പ്രോപ്പഗാന്ത
കോളേജിലെ ഒരു പൂർവ്വവിദ്യാർത്ഥിയായിരുന്ന അത്യുന്ന
തകർദ്ദിനാൾ മുൺഡെലെയിൻ തിരുമനസ്സിലെ അപ
രിമിതമായ ധനസഹായത്താൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാ
ണ്. ഭൂനിരപ്പിനടിയിലും മുകളിലുമായി നാലു നിലക
ളോടുകൂടിയ മനോഹരമായ ഈ കെട്ടിടം വത്തിക്കാൻ
കൊട്ടാരത്തിനും വി. പത്രോസിൻെറ ദേവാലയത്തിനും
സമീപമുള്ള ജാനിക്കുളം (Gianicolum) കുന്നിലാണ
സ്ഥാപിതമായിരിക്കുന്നതു്. പരിശുദ്ധപിതാവിൻെറ
മുറികൾക്ക് അഭിമുഖമായിട്ടാണെങ്കിലും വത്തിക്കാൻ
സംസ്ഥാനത്തിൻെറ അതൃത്തിക്കു പുറത്തു സ്ഥിതിചെ
യ്യുന്ന ഈ ബ്രഹ്മാണ്ഡകെട്ടിടത്തെ ഭാഗ്യസ്മരണാർ
നായ 11-ാം പിയൂസ് ഉദ്ഘാടനം ചെയ്യുവെന്നതു്
ഇതിൻെറ ഒരു പ്രത്യേകതയാണ്. നമ്മുടെ കഥാനായ
കനോടുകൂടി അപ്പോൾ ഏകദേശം 40 രാജ്യങ്ങളിൽനി
ന്ന് മുപ്പതിൽപരം ഭാഷകൾ സംസാരിക്കുന്നവരായി ഉ
ദ്ദേശം 300 വിദ്യാർത്ഥികൾ ഇതിൽ അദ്ധ്യയനം നട
ത്തുന്നുണ്ടായിരുന്നു.

ശ്രീമതി ഇ. വി. സി.

ശ്രീമതി ഇ. വി. സി.യുടെ പുത്രിയായ

ശ്രീമതി ഇ. വി. സി.

ശ്രീമതി ഇ. വി. സി.യുടെ പുത്രിയായ





ഒരു വ്യക്തിയുടെ സ്വഭാവവും സമ്പ്രദായവും മറ്റൊരുവന്റേതിൽനിന്നു വിഭിന്നമായിരിക്കുന്നതു് പ്രകൃതിയുടെ ഒരു പ്രത്യേകതയാണു്. വിവിധസ്വഭാവരീതികളോടുകൂടിയ അനേകം വ്യക്തികൾ ഒരുമിച്ചുകൂടി താമസിക്കുന്നിടത്തു് ഏവരുടേയും സ്നേഹത്തിനും വിശ്വാസത്തിനും പാത്രീഭവിക്കണമെങ്കിൽ അസാധാരണമായ നയചാതുരിയും നിഷ്കപടമായ സമ്പ്രദായവും ആവശ്യമാണു്. അതുകൊണ്ടാണല്ലോ കൂട്ടുജീവിതത്തിൽ ചിലപ്പോൾ ചില അന്തഃഛിദ്രങ്ങൾ തലപൊക്കുവാനും അസന്തുഷ്ടിയുടെ സാംക്രമികരോഗം പടർന്നുപിടിക്കുവാനും ഇടവരുന്നതു്. ഒരേ രാജ്യക്കാരായിരിക്കുകയും ഒരേ ഭാഷ സംസാരിക്കുകയും ചെയ്യുന്ന വ്യക്തികളുടെ ശേഖരത്തിൽ ഇത്രയും പ്രയാസം ജനിക്കാതെങ്കിൽ വിഭിന്നഭാഷകൾ സംസാരിക്കുന്ന വിവിധരാജ്യക്കാരായ വ്യക്തികളാണെങ്കിൽ പ്രസ്തുത പ്രയാസം ശതഗുണം വർദ്ധിക്കുന്നതാണു്. പ്രൊപ്പഗാന്ത കോളേജിലെ 'ജനറൽ പ്രീഫക്ററ്' എന്ന ഉന്നതവും ഉത്തരവാദിത്വമുള്ളതുമായ ഒരു ജോലി തദ്ധികൃതന്മാർ നമ്മുടെ കഥാപുരുഷന്റെ തോളിലിട്ടുവച്ചപ്പോൾ, അദ്ദേഹത്തിന്റെ ഭരണപാടവത്തേയും സ്വഭാവസംസ്കാരത്തേയും, ജീവിതവിശുദ്ധിയേയും, കർത്തവ്യബോധത്തേയുംപറ്റി ലോകം അന്നു വിസ്മയിച്ചിരുന്നുവെങ്കിൽ, ഭാവിയിൽ ഒരു ത്രപതയുടെ ഭരണചക്രം അദ്ദേഹത്തിന്റെ ബലിഷ്ഠഹസ്തങ്ങളിൽ ദൈവം അർപ്പിക്കുമെന്നു് അറിയുവാൻ സാധിക്കാത്തതുകൊണ്ടായിരുന്നു.

ജനറൽ പ്രീഫെക്ററ് എന്ന സ്ഥാനം തിരുമേനിയുടെ സുകൃതാഭ്യസനത്തിനും, പി. എച്ചു്. ഡി., ഡി. ഡി. എന്ന ഉന്നതബിരുദങ്ങൾ തത്വശാസ്ത്രം, ദൈവശാ

സ്സും എന്നിവയിൽ അവിടത്തേക്കുള്ള അഗാധപാണ്ഡിത്യത്തിനും ഉദാഹരണങ്ങളാണ്.

ഏതു നിസ്സാരസംഭവങ്ങളും കണ്ടാലും, കോരകത്തിൽ മധുപോലെ, അതിൽ കുളിഞ്ഞുകിടക്കുന്ന തത്വങ്ങളെ ഉൾക്കണ്ണുകൊണ്ടു കണ്ടുപിടിക്കുന്ന കരുണയെ സൂക്ഷ്മദർശനസ്വഭാവം ആലപ്പാട്ടു് ശമ്മാശനുണ്ടായിരുന്നതു മൂലം അദ്ധ്യയനകാലത്തു റോമയിൽ നടന്നുകൊണ്ടിരുന്ന പലതരം വിഷയങ്ങളും അദ്ദേഹത്തിനു നൂതനപാഠങ്ങൾ നല്കാതെ കടന്നുപോയിട്ടില്ല.

റോമിലായിരിക്കുമ്പോൾ കഥാനായകനു പത്തുപ്രാവശ്യം പ. പിതാവിനെ അഭിമുഖമായിക്കണ്ടു സംസാരിക്കുവാൻ സാധിച്ചിട്ടുണ്ടു്. അക്കാലത്തിനിടക്കുതന്നെ പ. പിതാവു 15-ാം ബനഭിക്തോസ് തിരുമേനിയുടെ ശവസംസ്കാരകർമ്മങ്ങളിലും, വാഴ്ത്തപ്പെട്ട സ്റ്റാനിസ്ലാവി, കൊച്ചുത്രേസ്യ, കഫാസ്സോ, ഗെരികോയ്, ബെല്ലാർമിൻ, കഫാർണെ, കാനിഡിയൂസ്, തോറെ, കാപ്പിത്താനിയോ, വിയാനി, എവുദേസ്, ബർണർദിത്ത എന്നിവരുടെ നാമകരണകർമ്മങ്ങളിലും, സഹായകാർമ്മികത്വം ലഭിക്കുകയുണ്ടായിട്ടുണ്ടു്. പ. പിതാവു 11-ാം പീയൂസ് തിരുമേനിയുടെ കിരീടധാരണം, സാർവ്വലോകമിഷ്യനറിപ്രഭൽനം, ദിവ്യകാരുണ്യകോൺഗ്രസ് മുതലായ മഹൽസംഭവങ്ങൾക്കു തിരുമേനി ദൃക്സാക്ഷിയായിനിന്നു ഭാവിയിലേക്കു വേണ്ടതായ പലേ ആശയങ്ങളും ഹൃദിസ്ഥമാക്കി. കുസ്തുരാജത്തിരുനാൾ ആഘോഷമായി സ്ഥാപിച്ചപ്പോഴും ലോകമഹാജൂബിലിക്കാലത്തും, നിക്യാസൂനഹദോസിന്റെ 16-ാം ശതാബ്ദാഘോഷക്കാലത്തും അവിടുന്നു റോമിൽ തന്നെയായിരുന്നു. അഞ്ചാം ജോർജ്ജുചക്രവർത്തിയേയും മേരി രാജ്ഞിയേയും വത്തിക്കാനിൽവെച്ചു

രണ്ടുപ്രാവശ്യവും, സ്പെയിനിലെ അൽഫോൻസോ രാ
ജാവിനേയും അദ്ദേഹത്തിന്റെ രാജ്ഞിയേയും ഒരു പ്രാ
വശ്യവും കാണുകയുണ്ടായി.

നിത്യനഗരത്തിൽവെച്ചു നിത്യത്വത്തിലേക്കു പ്ര
വേശിച്ച പാവനചരിതനായ കൃപാളശ്ശേരി മെത്രാന
ച്ചൻ തിരുമനസ്സിലെ ചരമത്തിൽ തൃശ്ശൂർ രൂപതയുടെ
പ്രാതിനിധ്യം വഹിച്ചുകൊണ്ടുനിന്നിരുന്നതു തൃശ്ശൂരി
ന്റെ ഭാവിമെത്രാനായ ഡോക്ടർ ആലപ്പാട്ടായിരുന്നു.
മലങ്കര സുറിയാനി ഹൈരാർക്കിയെ പ്രതിനിധീകരി
ച്ചു്, പരിശുദ്ധ പിതാവിന്റെ തിരുസന്നിധിയിൽ
നിന്നു് സുറിയാനിയിൽ പ്രസംഗം ചെയ്തതും കഥാ
പുരുഷൻ തന്നെയാണു്.

1927 ഡിസമ്പർ 17-ാംനു- ലാത്തറൻ സെമ്മിനാ
രി കപ്പേളയിൽവച്ചു് പ. പിതാവിന്റെ വികാരി ജന
റാളായ അത്യുന്നത പോമ്പീലി കർദ്ദിനാൾ തിരുമനസ്സു
കൊണ്ടു് കഥാപുരുഷനെ പൌരോഹിത്യത്തിന്റെ സു
വർണ്ണപദത്തിലേക്കുയർത്തി. ഭാവിയിൽ ഒരു മെത്രാനാ
യി അഭിഷേചിക്കപ്പെടുവാൻ പോകുന്ന ഡോക്ടർ ആ
ലപ്പാട്ടിനെ, ഒരു കർദ്ദിനാൾ, പുരോഹിതസ്ഥാനത്തേക്കു
യർത്തിയതു് എത്രയും സമുചിതമായിട്ടുണ്ടു്. പിറ്റെ
ദിവസം അദ്ദേഹം മഞ്ഞുമാതാവിന്റെ ദേവാലയത്തിൽ
വെച്ചു്; 19 നൂറ്റാണ്ടുകൾക്കുമുമ്പു കാൽവരിയിൽനടന്ന
ആ മഹായജ്ഞത്തെ, സചന്തം കരങ്ങൾകൊണ്ടാദ്യമായാ
വർത്തിച്ചു.

റോമിലെ ആദ്യത്തെ ദേവാലയമായതുകൊണ്ടു 'മേ
റി മജോർ' എന്നും, ദിവ്യപൈതലിനെ കിടത്തിയിരു
ന്ന പുൽത്തൊട്ടിയുടെ ഒരു ഭാഗം ഇവിടെ സംപൂജ്യമാ
യി സൂക്ഷിച്ചിരിക്കുന്നതിനാൽ പുൽത്തൊട്ടി മാതാവി

ന്റെ ദേവാലയം എന്നും മഞ്ഞുമാതാവിന്റെ ദേവാലയത്തിന് അപരനാമങ്ങളുണ്ട്. ലോകൈകമാതാവായ പ. കന്യകയുടെ അനുഗ്രഹവഷ്ത്തിൽ കുളിത്തുകൊണ്ടിരിക്കുന്ന തൃശ്ശൂർ തൃപതയെ ഭരിക്കുവാനുള്ള ആലപ്പാട്ട ജോജ്ജച്ചനവർകളും, ആ വിമലമാതാവിന്റെ ദേവാലയത്തിൽ ആദ്യത്തെ ബലി അർപ്പിക്കേണ്ടതു് ഏറ്റവും ആവശ്യമാണു്.

അദ്ധ്യായം 4.

തീർത്ഥയാത്രയും യൂറോപ്പുപര്യടനവും.

മനുഷ്യനോടുകൂടി ജനിച്ചു്, മൂലപ്പാലോടൊപ്പംവളർന്നു്, ജീവിതയാത്രയിൽ ഒരു വാടാവിളക്കെന്നോണം മാർഗ്ഗദർശിയായി, അവസാനം മനുഷ്യജീവിതത്തിന്റെ മൌലികോദ്ദേശ്യത്തിലേക്കു് അടുപ്പിക്കുന്ന ഒരു വിശിഷ്ട ബന്ധുവാണു വിശ്വാസം. വിശ്വാസസംഹിതയുടെ കേന്ദ്രമായ ക്രിസ്തുവിനെ സംബന്ധിക്കുന്ന മനുഷ്യരും, സാധനങ്ങളും, സ്ഥലങ്ങളും ഒരു ക്രൈസ്തവനു് എത്രമാത്രം വിശിഷ്ടങ്ങളാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ക്രിസ്തു മുപ്പത്തിമൂന്നു സംവത്സരങ്ങൾകൊണ്ടു് അഭിനയിച്ച ലോകപരിത്രാണനനാടകത്തിന്റെ കാരോ രംഗങ്ങളേയും വിശ്വാസക്കണ്ണുകളാൽമാത്രം ദർശിക്കുന്ന ഒരുവനു്, അവയെ ശാരീരികചക്ഷുസ്സുകൾകൊണ്ടു കൂടി കാണുവാൻ സാധിക്കുന്നുവെങ്കിൽ, ഇതിൽപ്പരം ഒരു മഹാഭാഗ്യം അവന്റെ ജീവിതത്തിൽ അവനു കൈവരുവാനില്ല.

പുണ്യത്തിലും പാണ്ഡിത്യത്തിലും അയ്യായ്മായ ഒരു പദവിയിൽ കയറിനില്ക്കുന്ന ഡോ. ആലപ്പാട്ടു്,

സെഹിയോൻ ഭോജനശാലയിൽനിന്നു അപ്പസ്തോലന്മാർ പ. കന്യക മറിയത്തിന്റെ ആശിസ്സുവാങ്ങി ക്രിസ്തുവിനുവേണ്ടി പടപൊരുതുവാൻ ധീരതയോടെ ലോകരംഗത്തിറങ്ങിയതുപോലെ, പ. പിതാവിന്റെ അനുഗ്രഹത്തോടുകൂടി വി. തോമസ് ശ്ലീഹായുടെ അനുഗാമിയാകുവാൻ ഭാരതത്തിലേക്കു പുറപ്പെട്ട. എന്നാൽ കത്തോലിക്കാ മതത്തിനോടു് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന തിരുസ്ഥലങ്ങളെ സന്ദർശിച്ചു് ആത്മാവിനു സംസ്കാരവും വിശ്വാസത്തിനു ദാർഢ്യവും, പാശ്ചാത്യപര്യടനംകൊണ്ടു പാണ്ഡിത്യത്തിനു തെളിവും, സമ്പാദിക്കുവാൻ അദ്ദേഹം തീച്ചയാക്കിയതു്, അദ്ദേഹത്തിന്റെ ഭരണീയരാകുവാൻ പോകുന്ന തൃശ്ശൂർ പ്രവാനിവാസികളുടെ ഭാഗ്യാതിരേകമെന്നേ പറയേണ്ടതുള്ളൂ.

മദ്ധ്യധരണ്യാഴിയിൽനിന്നു് ഉദ്ദേശം രണ്ടായിരവും, ചാവുകടലിൽനിന്നു മുപ്പായിരത്തി അഞ്ഞൂറും അടി ഉയരത്തിൽ ഉയർന്നുനില്ക്കുന്ന രണ്ടു മലകളുടെ മുകളിലാണു്, യിജ്ഞാനസ്നാപകന്റെ ഉദയാചലവും പൂർവ്വമഹിമകളുടെ നിലയനമായതുകൊണ്ടു യഹൂദന്മാരുടെ അഭിമാനവും, കുസ്തു നടത്തിയിട്ടുള്ള പരിത്രാണനകർമ്മങ്ങളുടെ പ്രധാന വേദിയായിരിക്കുന്നതിനാൽ കുസ്ത്യാനികൾക്കു പരിപാവനവും, ശ്ലേച്ഛന്മാരും കിരാതന്മാരുമായ തുർക്കികളുടെ കരങ്ങളിൽ കിടക്കുന്നതുമൂലമുള്ള മാലിന്യം, കോടാകോടി ക്രൈസ്തവഭടന്മാരുടെ നിർമ്മലരക്തംകൊണ്ടു ക്ഷാളനം ചെയ്യിട്ടുള്ളതിനാൽ പരിശുദ്ധവും ആയ ജെറുസലം, കഥാപുരുഷന്റെ തീർത്ഥയാത്രയിലെ പ്രധാനലക്ഷ്യമായിരുന്നു. വടക്കുപടിഞ്ഞാറു് കുസ്ത്യാനികൾ, തെക്കുപടിഞ്ഞാറു് അർമ്മേനിയാക്കാർ, വടക്കുകിഴക്കു കമാറിന്റെ അമ്പലം, തെക്കുകിഴക്കു മഹമ്മദീയർ, ഇവയു

ടെ നട്ടക്ക ലോകത്തിന്റെ സവിശേഷമായ ശ്രദ്ധയെ സമാകർഷിച്ചുകൊണ്ടു ജെറുസലം അങ്ങനെ കിടക്കുന്നു. പടിഞ്ഞാറു ജാഫാഗയിറ്റും, വടക്ക സിയോൺ വാതിലും മൊഗ്രാസിനി വാതിലും, കിഴക്ക മരിയനായകിയുടെ വാതിലും, തെക്ക ഹേദേശിന്റെ വാതിലും, ദമാസ്കോ വാതിലും ആധുനികവാതിലും, ഇങ്ങനെ ഏഴു വാതിലുകൾ ജെറുസലം പട്ടണത്തിനു പ്രവേശദ്വാരങ്ങളായിട്ടുണ്ട്.

ജെറുസലത്തുനിന്നു നമ്മുടെ കഥാപുരുഷൻ കാശാന ദിവസം കുസ്സു ഘോഷയാത്രയായി പുറപ്പെട്ട സ്ഥലമായ ബത്ത്ഫ്ഗെ എന്ന സ്ഥലം സന്ദർശിച്ചു്, അവിടുന്നു കഴുതപ്പുറത്തു കയറുവാൻ ഉപയോഗിച്ച കല്ലിനെ നമസ്കരിച്ചു. അവിടെനിന്നു ജോസെഫാത്തിന്റെ താഴ്വരയിൽകൂടി, മത്ത, മറിയം, ലാസർ എന്ന വിശുദ്ധാത്മാവുകൾ അധിവസിച്ചിരുന്നതും, കുസ്സു ലാസറിനെ ഉയർപ്പിച്ചതും, അദ്ദേഹത്തിന്റെ ശവകുടിരം കുടികൊള്ളുന്നതുമായ ബത്താനിയ കണ്ടു്, ഏലിയനിവ്യായുടെ ഗ്രഹ, സീനമല, പിശാചു് കുസ്സുവിനെ പ്രലോഭിച്ച 'പരീക്ഷമല', കലിവേറുമല, ശ്ലോളമൻ കള്ളദേവന്മാരെ പ്രതിഷ്ഠിച്ച 'ദ്രോഹത്തിന്റെ മല' തുടങ്ങിയവയെ കടന്നു് 40 മയിൽ അകലെയുള്ള ജെറിക്കോയിൽ എത്തി. ഏലിസേലൂസ് ദീർഘദർശി ഉപ്പുവെള്ളത്തെ ശുദ്ധജലമാക്കിയ അരുവിയും, ജോഷുവാ നിലംപതിപ്പിച്ച കോട്ടയും മറ്റും സന്ദർശിച്ചു. പാപംമൂലം ആളിക്കത്തിയ ദൈവനീതിയുടെ അഗ്നികുണ്ഡലത്തിൽ ദഹിച്ചുപോയ 'സോദോം ഗോകോറ' എന്ന അഞ്ചു പട്ടണങ്ങൾ നിന്നിരുന്ന സ്ഥലമാണു് ഇപ്പോൾ ചാവുകടലായി രൂപാന്തരം ഭവിച്ചുകിടക്കുന്നതു്. 50 മ

യിൽ നിളവും 20 മയിൽ വീതിയും 1200 അടി താഴ്ച യുമുള്ള ഈ ജലവിഭാഗം പാപത്തിന്റെ നേരെ ദൈവം പ്രയോഗിക്കുന്ന നിശിതമായ നീതി എത്ര ഭയങ്കരതര മാണെന്നു യുഗങ്ങളുടെ അവസാനംവരെ ലോകത്തെ അറിയിക്കും. യഹൂദജനനേതാവായ മൂശ മരണമടഞ്ഞ മോവാബ് മല ചാവുകടലിന്റെ കിഴക്കേതീരത്തു് സ്ഥിതിചെയ്യുന്നു. ഇവയെല്ലാം കണ്ടതിന്റെശേഷം നമ്മുടെ തീർത്ഥയാത്രക്കാരൻ നിർജ്ജീവമായ ചാവുകടൽതീരത്തിൽനിന്നു നിത്യജീവപ്രദായകിയായ യോർദ്ദാൻ പുഴയുടെ കരയിലേക്കു പോയി. പാപകർമ്മങ്ങളുടെ കറ പുരണ്ട യോർദ്ദാൻനദി, പാപത്തിനു ദൈവം നല്കിയ ശിക്ഷനടെ സ്മാരകമായി നിലകൊള്ളുന്ന ചാവുകടലിലേക്കു് ഒഴുകിച്ചേരുന്നതിൽ അത്ഭുതമില്ല. യോർദ്ദാന്റെ അടുത്തുതന്നെ ഏലിയാപ്രവാചകൻ അഗ്നിരഥത്തിൽപോയ സ്ഥലം കണ്ടു് ഡോ: ആലപ്പാട്ടു് വീണ്ടും ജെറുസലമിൽതന്നെ വന്നു.

ആദ്യത്തെ കൃസ്തീയ ചക്രവർത്തിയായ കൊൻസ്റ്റൻറൈനും, അദ്ദേഹത്തിന്റെ മാതാവ് ഹെൽനാരാജ്ഞിയും കുസ്തുവിന്റെ വധസ്ഥലവും, ശവകുടീരവും അകത്തായിരിക്കത്തക്കവണ്ണം ബ്രഹ്മാണ്ഡമായ ഒരു ദേവാലയം പണിതീർത്തുവെങ്കിലും മതവൈരികളായ തുർക്കികളുടെ നിരന്തരമായ ആക്രമണംമൂലം അതിനു സംഭവിച്ച ചില ഹാനികൾ അപ്പപ്പോൾ തീർത്തുകൊണ്ടിരുന്നു. പക്ഷെ ഇപ്പോൾ കാണുന്ന ദേവാലയം 12–ാംനൂറ്റാണ്ടിൽ കുരിശുയുദ്ധക്കാർ പണിചെയ്യിട്ടുള്ളതാണു്. കഥാപുരുഷൻ പള്ളിയകത്തു പ്രവേശിച്ചു്, തൈലാഭിഷേകം ചെയ്യുന്നതിനു കുസ്തുവിന്റെ മൃതശരീരം കിടത്തിയ കല്ലും, കന്യകമറിയവും മറവു ഭക്തസ്ത്രീകളും നിന്നിരുന്ന

ഇടവും, രക്ഷകനെ ആണിതറച്ച സ്ഥലവും, കുരിശു നാട്ടിയ പ്രദേശവും, പ്രകൃതികത്താവിന്റെ ഭയങ്കരമരണത്തിൽ പ്രകൃതി പരിഭ്രമിച്ചസമയത്തെ ഭ്രകമ്പത്താലുണ്ടായ പിളർപ്പും, രണ്ടായി മുറിഞ്ഞ പാറക്ഷണവും, കുസ്സുവിന്റെ ഉത്ഥാനത്തെ അറിയിച്ച ദൈവദൂതൻ ഇരുന്നിരുന്ന കല്ലും, പ. ശവകുടീരവും, അറമത്തിയക്കാരൻ യൌസേപ്പിന്റെ തോട്ടത്തിൽ കുസ്സു മറിയമഗ്ദലേനക്കു പ്രത്യക്ഷനായ സ്ഥലവും, വി. കർബ്ബാനയുടെ കപ്പേളയിൽ സൂക്ഷിച്ചിരിക്കുന്ന കൽത്തൂണിന്റെ ഒരു ഭാഗവും, മറ്റും ഭക്തിപാരവശ്യത്തോടെ ചുംബിച്ചു.

ഒരു ദൈവദൂതൻ പ്രത്യക്ഷനായി ഇളക്കുമ്പോൾ ആദ്യമായി ഇറങ്ങുന്ന രോഗി പൂർണ്ണാരോഗ്യം പ്രാപിച്ചിരുന്ന പ്രൊബാറിക്കാ കുളത്തെയാണ് പിന്നീട കഥാനായകൻ സന്ദർശിച്ചതു്. പ്രസ്തുത കുളത്തിന്റെ വായുക്കൽ മലയാളംതുടങ്ങി ലോകത്തിലുള്ള എല്ലാ ഭാഷകളിലും വി. യോഹന്നാന്റെ 5_ാം അദ്ധ്യായം എഴുതിവെച്ചിട്ടുണ്ട്. അനന്തരം സ്ലീവാപാഥയുടെ 14 സ്ഥലങ്ങളും ഭക്തിപുരസ്സരം നമസ്കരിച്ചു്, കലിവേറ്റ്മലയുടെ അടിവാരത്തിലുള്ള മാതാവിന്റെ ശവകുടീരവും, കുസ്സു ഗഥസേമ്മനിയിലേക്കു പോകുമ്പോൾ ശിഷ്യന്മാരെ നിത്തിപ്പോയ "പ്രാത്ഥനയുടെ ഗ്രഹവും" കണ്ടു് ഗഥസേമ്മനി തോട്ടത്തിലേക്കു കടന്നു്, കുസ്സു രക്തംചിന്തി പ്രാത്ഥിച്ച പാറയും, അവിടുന്നു ജെറുസലംപട്ടണത്തെനോക്കി കണ്ണുനീർവാർത്ത സ്ഥലവും ചുംബിച്ചു്, കലിവെറ്റ് മലമുകളിൽകയറി. നമ്മുടെ കർത്താവു സ്വർഗ്ഗാരോഹണംചെയ്യുമ്പോൾ അവിടുത്തെ തൃപ്പാദങ്ങൾ പതിഞ്ഞ പാറ ഇന്നു അറബികളുടെ കൈവശത്തിലാകയാൽ അ

തിനെ കണ്ടാനന്ദിക്കുന്നതിനുകൂടി അവക്ക് ഒരു ചെറിയ തുക സമ്മാനം നൽകണം.

കലിവേറ്റ് മലയിൽനിന്നു ഡോ. ആലപ്പാട്ട്, ജോസഫാത്തിന്റെ താഴ്വരയിലേക്കിറങ്ങി. അബ്സലോം, ജോസഫാത്ത്, വി. യാക്കോബ്, സക്കറിയാ എന്നീ പുണ്യപുരുഷന്മാരുടെ പൂജ്യാവശിഷ്ടങ്ങൾ വിശ്രമംകൊള്ളുന്നതു് ഇവിടെയാണു്. കുസ്സ കപടഭക്തന്മാരായ ഫരീശന്മാരെ ശപിച്ചതും, മന്ത്രിരിയുടെ ഉപമ അരുളിച്ചെയ്തതും, ശിഷ്യഗണത്തിനായി കടുവിൽ പ്രാർത്ഥിച്ചതും, അവിടുന്നു മണ്ണുകുഴച്ചു കുരുടന്റെ കണ്ണിൽപൂരട്ടി കഴുകുവാൻ അരുളിച്ചെയ്തു സിലോ കുളവും, പൊതുവിധിയുടെ സ്ഥലമായിരിക്കുമെന്നു പരക്കെ ഒരു പാരമ്പര്യവിശ്വാസമുള്ള ഈ താഴ്വരയിലാകുന്നു. സിലോ കുളത്തിന്റെ അടുത്താണു് പുരോഹിതശ്രേഷ്ഠന്മാർ കുസ്സായിനെ സംഹരിക്കുവാൻ ദുരാലോചന നടത്തിയ സ്ഥലവും, യൂദാസ് തൂങ്ങിമരിച്ച 'ഹക്കേൽദ്മാ' എന്ന വയലും കിടക്കുന്നതു്. അവിടെനിന്നു സിയോൻമലയിലേക്കു പോകുംവഴി, കാഴ്ഗ്ദേവാലയത്തിൽനിന്നു ശേഷിച്ചിട്ടുള്ള ഒരു പഴയ ഭിത്തിയുടെ സമീപത്തു വെള്ളിയാഴ്ച തോറും വന്നു ലോകരക്ഷകനെ വേഗത്തിൽ അയക്കുവാൻ യഹോവായോടു നിലവിളിച്ചപേക്ഷിക്കുന്ന ഒരു വലിയ സംഘം യഹൂദന്മാരുടെ മൌഢ്യംകണ്ടു് ഡോ. ആലപ്പാട്ട് തീച്ചയായും ചിരിച്ചിട്ടുണ്ടായിരിക്കണം.

പിന്നീടു് കഥാനായകൻ സന്ദർശിച്ചതു്, കുസ്സാമതത്തിന്റെ നട്ടെല്ലായ വി. കുബ്ബാനയെ കുസ്സ സ്ഥാപിച്ച സെഹിയോൻ ഊട്ടുശാലയാണു്. അവിടെയുണ്ടായിരുന്ന ആദ്യത്തെ ദേവാലയത്തെ ശത്രുക്കൾ നശിപ്പിച്ചുവെങ്കിലും, 12-ംനൂറാണ്ടിൽ ഫ്രൻസിസ്കൻ സഭക്കാർ

ഒരു ദേവാലയം വീണ്ടും സ്ഥാപിച്ചു. പക്ഷെ 16-ാം നൂ
റാണ്ടിൽ തുർക്കികൾ അതു കൈകേറിയതിൽപിന്നെ ക
ത്തോലിക്കർക്ക് അതിന്റെ ഉടമസ്ഥാവകാശം സിദ്ധി
ച്ചിട്ടില്ല. കന്യകമറിയത്തിന്റെ തിരുമരണസ്ഥലം വ
ണങ്ങിയതിന്റെ ശേഷം കഥാപുരുഷൻ ജെറുസലത്തു
നിന്ന് ആറനാഴിക അകലെ സ്ഥിതിചെയ്യുന്ന ബേത
ലഹമിലേക്കു പുറപ്പെട്ടു.

'ജാഫാ ഗയിറ്റി'ങ്കൽനിന്നു വണ്ടികയറിയ ഡോ.
ആലപ്പാട്ട് ഹിന്നോൻമലയുടെ ചെരുവിൽകൂടി, രാജ
ഷിയായ ദാവീദ് രണ്ടുപ്രാവശ്യം ഫിലിസ്ത്യരോടു യു
ദ്ധംചെയ്ത എഫ്രേമിന്റെ വയലും, മൂന്നു രാജാക്ക
ന്മാർ ബേദലഹമിലേക്കുള്ള യാത്രയിൽ ദാഹശമനംവരു
ത്തിയ കിണറും, ഏലിയ ടീഷ്ബശ്ശി ഹോറേബ് മലയി
ലേക്കോടുമ്പോൾ ആശ്വസിച്ച സ്ഥലവും, റാക്കേലി
ന്റെ ശവകുടീരവും കടന്ന്, അപ്പത്തിന്റെ ഭവനമെ
ന്നർത്ഥമുള്ള ബെത്തലഹം പട്ടണത്തിൽ പ്രവേശിച്ചു.

കൂസ്സുചിറന്ന സ്ഥലത്തു കോൺസ്റ്റന്റൈൻ പ
ണിയിച്ച ബ്രഹ്മാണ്ഡമായ ഒരു ദേവാലയമുണ്ട്. അ
തിൽ കഥാപുരുഷൻ ഭക്തിസമേതം കടന്ന്, കൂസ്സീയ
വേദത്തിന്റെ മഹാരഹസ്യം രൂപമെടുത്ത സ്ഥലമായ
തിരുതൊഴുത്തും, ഉണ്ണിയെ ക. മറിയം പൈക്കോലിൽ
കിടത്തിയ സ്ഥലവും, രാജാക്കന്മാർ വന്നപ്പോൾ ദിവ്യ
ശിശു കിടന്നിരുന്ന ഇടവും, വി. യൌസേഫിന്നു തൈ
വദൂതൻ പ്രത്യക്ഷനായ സ്ഥലവും, വേദപുസ്തകം തർജ്ജമ
ചെയ്തുകൊണ്ട് വി. ഈറാനീമോസ് താമസിച്ചിരുന്ന
തറയും വണങ്ങി തൃപ്തിയടഞ്ഞു.

കൂസ്സുവിനുമുമ്പ് അജ്ഞതയുടെ ഒരു പർവ്വതമായി
രുന്നുവെങ്കിലും ഇന്നു ലോകത്തെ മുഴുവനും സമാകർഷി

ച്ചുകൊണ്ടിരിക്കുന്ന നസ്രത്തിലേക്കാണ് ഡോ. ആലപ്പാട്ട് പിന്നീട് പുറപ്പെട്ടത്. ജെരുസലത്തുനിന്നു നസ്രത്തിലേക്കു നൂറിലധികം നാഴിക ദൂരമുണ്ട്. അഞ്ചുനാഴിക പോയപ്പോൾ സാമൂഹരാജാവിന്റേയും, പഴയനിയമത്തിലെ അബിയാത്തർ എന്ന പുരോഹിതന്റേയും 'തെൻനിൽഫും' എന്നും 'അനാത്ത്' എന്നുമുള്ള സ്ഥലങ്ങളിൽ എത്തി. നബിസാമുയേൽ എന്ന ദീഘ്ദർശിയുടെ ശവകുടീരവും, വി. പൌലോസിനെ റോമൻപടയാളികൾ ആൻറിപാത്തറിന്റെ അടുക്കലേക്കു കൊണ്ടുപോയ വഴിയും, 'റാമ' എന്ന സ്ഥലവും അദ്ദേഹം കണ്ടു. 10 നാഴികക്കുശേഷം കുന്നു സ്ത്രീകൾക്കും കുന്നു പുരുഷന്മാർക്കും പോകുവാനുള്ള രണ്ടു റോഡുകൾതമ്മിൽ കൂട്ടിമുട്ടുന്ന സ്ഥലമായ ബിറോത്തിൽ അദ്ദേഹം എത്തി. വി. യൌസേപ്പും കന്യകമറിയവും ഇവിടെ എത്തിയപ്പോഴാണു തങ്ങളുടെ കാമനമകൻ നഷ്ടപ്പെട്ടതായി അവർ മനസ്സിലാക്കിയതു്. ഡോ. ആലപ്പാട്ട്, പൂവ്വയാക്കോബ് സഭ്ഗ്രീയഗോവണി ദർശിച്ച സ്ഥലമായ 'ബേത്ത'ലും, മൂന്നു നൂറാണ്ടുകളോളം വാശുത്തിന്റെ പെട്ടകം ഇരുന്നിരുന്നതും, സാമുവേൽ ദീഘ്ദർശി തന്റെ യൌവ്വനദശയിൽ താമസിച്ചിരുന്നതുമായ സിലോ ദേശവും, ഏലിയാസറിന്റെ കുഴിമാടവും, യാക്കോബിന്റെ കിണറും, സമരീത്തക്കാരുടെ കേന്ദ്രവും അഭയസ്ഥാനവുമായിരുന്ന 'സിക്കാം' പട്ടണവും, യൂദിത്തിന്റെ രാജ്യമായ ബത്തിലിയും, പൂവ്വയൌസഫിനെ സഹോദരന്മാർ വിറ്റ ബൊത്തായി എന്ന സ്ഥലവും, കുസ്സു 10 കുഷ്ഠരോഗികളെ സുഖപ്പെടുത്തിയ 'എൻഗാനീം' പുരിയും, ജെദയോന്റെ അരുവിയും, ഏലിസേവൂസിന്റെ ജന്മദേശമായ 'സൂനാ'യും, വിധവയുടെ മകനെ രക്ഷകൻ പുനർജ്ജീവി

പ്പിച്ച 'നായിം' പട്ടണവും കടന്ന് അദ്ദേഹം നസ്രത്തിലെത്തി.

വി. ഭവനം ഇരുന്നിരുന്നതും, ദൈവദൂതൻ മംഗലവാർത്ത അറിയിച്ചതുമായ സ്ഥലം ഭക്തിവികാരങ്ങളോടെ ഡോ. ആലപ്പാട്ട് ചുംബിച്ചു. പിന്നീട് വി. യൌസേപ്പുപിതാവിന്റെ കരകൌശലശാലയും, അതിനു സമീപം ഗോതമ്പു സൂക്ഷിച്ചിരുന്ന മണ്ണറയും, കന്യകമറിയം വെള്ളംകോരിയിരുന്ന കിണറും അദ്ദേഹം സന്ദർശിച്ചു, കാനായിൽചെന്ന് കുസ്സ 'പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കിയ' സ്ഥലവും, അതിന്റെ വടക്കുകിഴക്കായി കിടക്കുന്ന വയലും കണ്ടു. ഈ വയലിൽവെച്ചാണ് വിശപ്പുകൊണ്ടു വിവശരായ അപ്പസ്തോലന്മാർ ഗോതമ്പുപറിച്ചു ഭക്ഷിച്ചതും ഫരീശന്മാർ കോപിച്ചതും, കുസ്സ അവരോടു ന്യായവാദം ചെയ്തതും മറ്റും. അനന്തരം അദ്ദേഹം ഗലിലിയ തടാകതടത്തിലേക്കു പോയി. ഇതിനു 16 നാഴിക നീളവും 7 നാഴിക വീതിയുമുണ്ട്. ശിഷ്യന്മാർ അത്ഭുതതരമായി മത്സ്യംപിടിച്ചതും, ചുങ്കം കൊടുക്കുന്നതിനുള്ള നാണ്യം മത്സ്യത്തിൽനിന്നു വി. പത്രോസിനു ലഭിച്ചതും, ഭയങ്കരനായ പിശാചിനെ കുസ്സ ആട്ടിയോടിച്ചതും, അവിടുന്നു വെള്ളത്തിൻമീതെ നടന്നതും, മറ്റുമുള്ള പലേ അതിസ്വാഭാവികസംഭവപരമ്പരകളും ഗലീലിയാതടാകം കണ്ടപ്പോൾ കഥാപുരുഷന്റെ മനസ്സിൽ അലച്ചുകേറി.

ഈ തടാകത്തിന്റെ തീരത്തുതന്നെയാണ് കുസ്സവിന്റെ പരസ്യജീവിതത്തിന്റെ പ്രധാനരംഗമായ കഫർനഹം കിടക്കുന്നതു്. ജരുസലം കഴിഞ്ഞാൽ അവിടുത്തെ അത്ഭുതകൃത്യങ്ങൾ കണ്ടാശ്ചര്യപ്പെടുവാൻ ഇതുപോലെ വേറൊരു പട്ടണത്തിനും ഭാഗ്യമുണ്ടായിട്ടില്ല.

കുസ്സ വി. കുമ്പസാരം ലോകത്തിന്റെ വാഗ്ദാനംചെയ്യുന്നും, അഞ്ചപ്പംകൊണ്ട് അയ്യായിരംപേക്ക് മൃഷ്ടാഹാരം നൽകിയതും, വിശേഷാത്തരമായ മലമേൽപ്രസംഗം നടത്തുന്നും, അന്ത്രയോസ് സീമോൻ ഫിലിപ്പ് എന്നീ ശിഷ്യന്മാരുടെ ജനനംനടന്നതുമായ ഈ പട്ടണത്തെ കഥാപുരുഷൻ സന്ദർശിച്ച് പല നൂതനതത്വങ്ങളും ഗ്രഹിസുമാക്കി, ക്രിസ്തു മറുരൂപംധരിച്ച 'താബോർ' മലമുകളിലേക്കു പോയി.

ക്രൈസ്തവമതത്തിന്റെ പിള്ളത്തൊട്ടിയാണല്ലൊ നസ്രത്തിലെ തിരുക്കുടുംബം. ദൈവജനനിയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പസ്തോലന്മാർ അതിനെ ഒരു കപ്പേളയായി ഉപയോഗിച്ചു. നാലാം നൂറ്റാണ്ടിൽ വി: ഹെൽനാരാജ്ഞിയുടെ കല്പനപ്രകാരം തിരുഭവനത്തിനു ചുറ്റും ബ്രഹ്മാണ്ഡമായൊരു ദേവാലയം പണിതീർത്തു. 26ാ_ൽ കയറോവിലെ സുൽത്താൻ വിശുദ്ധസ്ഥലങ്ങളെ കൊള്ളചെയ്ത് നസ്രത്തുപട്ടണത്തെ നശിപ്പിച്ചുവെങ്കിലും തിരുഭവനത്തെ അഗ്നിക്കിരയാക്കിയില്ല. ആദ്യത്തെ കുരിശുയുദ്ധത്തിനുശേഷം വളരെക്കാലം പലസ്തീനായിലെ ക്രിസ്ത്യാനികളും അവിടെ താമസിച്ചിരുന്ന പാശ്ചാത്യക്രിസ്ത്യാനികളും മതതീക്ഷ്ണതയില്ലാത്തവരായ്ത്തീരുകമൂലം നസ്രത്ത് അധമ്മ്മങ്ങളുടെ കരുനടനവേദിയായി. അതിനാൽ വി: ഭവനത്തിന്റെ വിശുദ്ധിയെ പരിരക്ഷിക്കുന്നതിനായി ദൈവദൂതന്മാർ അതിനെ എടുത്തുകൊണ്ടുപോയി ലോറെത്തിൽ ഉറപ്പിച്ചു. അതിപ്പോഴും അവിടെത്തന്നെയാണ്. അതിനു 37 അടി നീളവും, 13അടി വീതിയും, ഭിത്തികൾക്കു 13അടിപൊക്കവും, ഒരു മുറിയും, ഒരു ജനാലയുംമാത്രമാണുള്ളത്. തെക്കുഭാഗത്തെ ഭിത്തിയോടു ചേർന്ന് അപ്പസ്തോ

ലന്മാർ ദിവ്യബലി അർപ്പിച്ചിരുന്ന പീഠവും, തെക്കുവശത്തെ ഭിത്തിയിലുള്ള കരലമാരിയിൽ തിരുക്കുടുംബത്തിന്റെ സ്വത്തായ രണ്ടു മൺചട്ടികളുണ്ട്. സംപൂജ്യമായ ഈ ഭവനത്തിനകത്തു സാഷ്ടാംഗം നമസ്കരിച്ച് മേരീഭക്തനായ കഥാപുരുഷൻ പ്രാർത്ഥിച്ച് മടങ്ങിയപ്പോൾ, തീർച്ചയായും കന്യകമറിയം, കരു മെത്രാനാകാനുള്ള വരം അദ്ദേഹത്തിനു നൽകീട്ടുണ്ടായിരിക്കണം.

ജനാസനയിൽ ആകാശത്തുനിന്ന് ഇറങ്ങിവന്ന് ഇടവിതാനത്തിൽ നില്ക്കുന്ന ദൈവജനനിയുടെ അത്ഭുതാവഹമായ പടത്തെ അദ്ദേഹം നമസ്കരിച്ചു. അനന്തരം അവിടെയുള്ള അത്യത്ഭുതത്തെ ഉളവാക്കുന്ന തുങ്ങപ്പെട്ട സ്വരൂപത്തെ നമസ്കരിച്ചതിന്റെ ശേഷം ഫ്രാൻസീസ് അസ്സീസിയുടെ ജന്മദേശമായ അസീസിപട്ടണത്തെ സന്ദർശിച്ച് ഡോ. ആലപ്പാട്ട് തന്റെ തീർത്ഥയാത്രാപര്യടനങ്ങൾക്കു തല്ക്കാലം പൂർണ്ണവിരാമമിട്ടു.

തിരുസ്ഥലങ്ങളെ ഭക്തിയോടെ സന്ദർശിച്ച് നേടാവുന്നിടത്തോളം ആദ്ധ്യാത്മികസമ്പത്തു് സംഭരിച്ച് അതിനെ ജീവിതത്തിൽ എങ്ങിനെ പ്രായോഗികമാക്കണമെന്നു പഠിക്കുവാൻവേണ്ടി ലോകത്തിലെ പ്രധാന പട്ടണങ്ങളെ സന്ദർശിക്കുവാൻ തീർച്ചയാക്കി. ക്രിസ്തുവിനു 13 നൂറ്റാണ്ടുകൾക്കു മുമ്പ് സ്ഥാപിതമായതും, വി. ബർണാദിന്റെ ആദ്ധ്യക്ഷത്തിൽ കരു സൂനഹദോസ് തന്നെ കൂടീട്ടുള്ളതും, 200 അടി ഉയരവും 140 അടി ചുറ്റളവും 15 അടി ചെരിവുമുള്ളതും ലോകത്തിലെ അത്ഭുതവിഷയങ്ങളിൽ കന്നമായ ചെരിഞ്ഞ ഗോപുരത്താൽ ലോകപ്രസിദ്ധിനേടീട്ടുള്ള പിസ്സാപട്ടണം മുഴുവൻ കഥാനായകൻ നടന്നുകണ്ടു. അനന്തരം ഡിൻറി, മൈക്കിൾ

ആഞ്ചലോ, ഗലേലയോ, ബോക്കോച്ചിയോ തുടങ്ങിയ ഭുവനപ്രസിദ്ധന്മാരുടെ ജന്മഭൂമിയായ ഫ്ലോറൻസുപട്ടണം, പഞ്ചഭൂതങ്ങൾക്കടിമപ്പെടാതെ ഇരിക്കുന്ന വിശുദ്ധ കന്യകയുടെ ശരീരം, തികഞ്ഞ ശാസ്ത്രജ്ഞനായ ഗാൽവാനിയുടെയും വിശുദ്ധ ഡൊമനീക്കോസിന്റെയും, വിശുദ്ധ എമൽദായിക്ക് എന്നിവരുടെയും ശവകുടീരങ്ങൾ, വി. അന്നയുടെ ശിരസ്സ് തുടങ്ങിയവകളാൽ സുപ്രസിദ്ധമായ ബൊളോഞ്ഞാ, വി. അന്തോണീസിന്റെ ശവകുടീരം, അദ്ദേഹത്തിന്റെ ദഹിക്കാത്ത നാവ് എന്നിവയാൽ കീർത്തിപ്പെട്ട പാദുവ, വി. മാർക്കൂസിന്റെ പള്ളിമൂലം കേൾവിയാർന്ന വെനീസ്, ലോകത്തിലെ എട്ടാമത്തെ അത്ഭുതവിഷയമായതും വി. ചാൾസ് ബൊക്കോമ്മയയുടെ തിരുശരീരം ഇരിക്കുന്നതുമായ ദേവാലയം, നമ്മുടെ കർത്താവിനെ തറച്ച ആണികളിൽ ഒന്ന് എന്നിവകൊണ്ടു പേരുകേട്ട മിലാൻ, കർത്തൂസ്യൻ ആശ്രമംകൊണ്ടു കേളികേട്ട പവിയ എന്നീ പട്ടണങ്ങൾ സന്ദർശിച്ച് ഡോ: ആലപ്പാട്ട് സ്വിസർലൻറിലേക്കു പോയി. ലൗസൻ, ജനീവ എന്നീ പട്ടണങ്ങൾ കണ്ടു ഫ്രാൻസിലേക്കു കടന്നു.

ലയോൺസുനഗരം വി. മഗ്ദലീത്താ അലക്കേക്ക് പുണ്യവതിയുടെ ശവകുടീരമുള്ള പാറലേമോണിയൻ പട്ടണം, 'ആർസിലെ വികാരിയുടെ' ശവക്കല്ലറകൊണ്ടു ശ്രുതിപ്പെട്ട ആർസ്, ശരീരം ദഹിക്കാതിരിക്കുന്ന വാഴ്ത്തപ്പെട്ട ബർണ്ണാർദീത്തയുടെ ശരീരമിരിക്കുന്ന നെവർസ്, ഫ്രാൻസിന്റെ പ്രധാന പട്ടണമായ പാരീസ്, വി. കൊച്ചുത്രേസ്യായുടെ ശവക്കല്ലറയുള്ള ലിസ്യൂ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് അദ്ദേഹം ഇംഗ്ലണ്ടിലേക്കു വണ്ടികയറി.

സുപ്രസിദ്ധമായ കാക്സ്ഫോർഡ്, ഡോവർ മുത
ലായ പട്ടണങ്ങളും സന്ദർശിച്ചു, ബൽജിയത്തിൽ ചെന്നു
ബ്രസ്സത്ത്, ലൂവ്യേൻ എന്നീ സ്ഥലങ്ങളും കണ്ടു, വീണ്ടും
ഫ്രാൻസിൽ വന്നു ബോഡോ, കം. മറിയത്തിന്റെ അ
ത്ഭുതപ്രവർത്തനരംഗമായ ലൂർദ്ദിൽ എത്തി. പ. കന്യക
ലൂർദ്ദിൽ പ്രത്യക്ഷയായ വാർഷികദിനത്തിൽതന്നെ ജനി
ക്കുവാൻ ഭാഗ്യം സിദ്ധിച്ച കഥാനായകൻ, ലൂർദ്ദിൽ
അനേകദിവസം താമസിച്ചു അദ്ദേഹത്തിന്റെ മേരീ
ഭക്തിയെ യഥാർഹം പ്രകടമാക്കി സ്വദേശത്തേക്കു മ
ടങ്ങി.

അദ്ധ്യായം 5.

തൃശ്ശൂർ സെമ്മിനരിയിൽ.

സെമ്മിനാരി വെറും ഒരു വിദ്യാഭ്യാസകേന്ദ്രമ
ല്ല. ലൗകികമാത്രങ്ങളായ വിഷയങ്ങളെ പരാമർശിച്ചു
കൊണ്ടു അദ്ധ്യാപനം നടത്തുന്ന സ്ഥലമായ ഒരു കലാ
ലയത്തിനു ജനസാമാന്യത്തിന്റെ ദൃഷ്ടിയിൽ അത്യന്ന
തമായ ഒരു സ്ഥാനമുണ്ടെങ്കിൽ, ലൗകികങ്ങളും പാരത്രി
കങ്ങളുമായ വിഷയങ്ങളെ പുരസ്കരിച്ചു അദ്ധ്യാപനം
നടത്തുകയും, നന്മകൾ വിതച്ചുകൊണ്ടു ചുറ്റിസഞ്ചരി
ക്കുന്ന കൃസ്തുവിനെ അനുകരിക്കേണ്ടവർക്കു വേണ്ടത്തക്ക
പരിശീലനം നൽകുകയും, ചെയ്യുന്ന വൈദികവിദ്യാല
യത്തിന്റെ നിസ്തുലനിലയെപ്പറ്റി എന്തു പറയാനാ
ണു്. വൈദികർ ലോകത്തിന്റെ ലവണമാണു്—അ
തെ; പാപമാലിന്യമേറുന്ന ലോകം ജീർണ്ണിച്ചുപോകാതിരി
പ്പാനുള്ള അനന്യലഭ്യമായ ലവണമാണു്. അവർ ലോ



നി. വ. ദി. ശ്രീ മോൺ. മാത്യു എടക്കളത്തൂർ
അവർകൾ.

കത്തിന്റെ പ്രകാശവുംകൂടിയാകുന്നു; പാഷണ്ഡമതങ്ങളുടേയും അബദ്ധജഡിലങ്ങളായ നിരവധി പ്രസ്ഥാനങ്ങളുടേയും സമ്മർദ്ദത്താൽ ക്ലേശിതരായി, നിത്യസുന്ദരമായ സത്യത്തിന്റെ ആശ്ലേഷസുഖമന്വേഷിച്ച്, മറ്റു തരത്തിൽ എത്തുംപിടിയുമില്ലാതെ ലോകം തെളിക്കുന്ന അപഥത്തിൽകൂടി വിചരിതഗമനം ചെയ്യുന്ന ആത്മാവിനു സത്യത്തിന്റെ തെളിവെളിച്ചം പരത്തുന്ന പൊൻവിളക്കുകളാണ്. മനുഷ്യസമുദായത്തിന്റെ ഉത്ഭവം മുതൽ, അവനെ സദാ പ്രലോഭിപ്പിച്ച് മാർഗ്ഭ്രംശം വരുത്തിക്കൊണ്ടിരുന്നിട്ടുള്ളവയും; ദൈവത്തിന്റെ സുന്ദരമായ മുഖത്തു നടന്നിട്ടുള്ള നിരവധി വഞ്ചനകൾക്കും, കലാപങ്ങൾക്കും കൂട്ടക്കൊലകൾക്കും സമാധാനം പറയേണ്ടവയുമായ അതിന്റെ ജഡികാസക്തികളേയും അവയ്ക്കു വളംവച്ചുകൊടുക്കുന്ന പരിതസ്ഥിതികളേയും ബഹുദൂരം പരിത്യജിച്ച്, ദാരിദ്ര്യത്തിന്റെ പ്രിയതമന്മാരായി, ലോകത്തിനു മാതൃകകളായി, ലോകപരിത്രാതാവിന്റെ മഹനീയകൃത്യം തുടർന്നു നടത്തിപ്പോകേണ്ടവരാണ്. അവർ കരയുന്നവരെ സന്തുഷ്ടരാക്കണം; പാപഗർത്തത്തിലേക്കാണ്ടു പോകുന്നവർക്കു കരങ്ങൾ കാണിച്ച് കരകയറ്റണം; മരണത്തിന്റെ ഘോരവക്ത്രത്തിലേക്ക് അനുനിമിഷം വഴുതിപ്പോകുന്നവർക്കു വേണ്ടതായ ആത്മീയസ്ഥൈര്യവും, അവരുടെ ചുറ്റിലും നിൽക്കുന്നവർക്ക് ആവശ്യമായ ആശ്വാസവും അവർ നല്കണം. പിള്ളത്തൊട്ടിമുതൽ ശവക്കുഴിവരെക്കും മനുഷ്യനു കരുതൽവൈദികന്റെ സാന്നിദ്ധ്യവും സഹായവും ഉപദേശവും നിയന്ത്രണവും ആവശ്യമത്രെ. വൈദികൻ ഈദ്ദശകൃത്യങ്ങൾക്കു തികച്ചും യോഗ്യനല്ലെങ്കിൽ നിരവധി ആത്മാവുകൾ അവരുടെ ജന്മോദ്ദേശ്യത്തിൽനിന്നും തെറി

ച്ച്, സപസ്തൃഷ്ടാവിന്റെ ദർശനം സാദ്ധ്യമാകാതെ നിത്യ നിരാശയിൽ നിശ്ചയമായും നിപതിച്ചുപോകും. അങ്ങനെ സാക്ഷാത്തായ ലോകസേവനത്തിനു ബഹുധാ സമർത്ഥന്മാരായ വൈദികന്മാരെ, ലോഹഗുണം നല്ല പോലെ പരീക്ഷിച്ചറിഞ്ഞതിനുശേഷം, വാർത്തുവിടുന്ന മഹനീയസ്ഥലങ്ങളത്രെ വൈദികവിദ്യാലയങ്ങൾ. അവിടെ വൈദികവിദ്യാർത്ഥികളുടെ ഗുരുശ്രേന്മാരായും ഉപദേഷ്ടാക്കളായും നിയമിതരാകുന്നവർ എത്രമാത്രം ഉത്തരവാദിത്വബോധത്തോടുകൂടിയവരായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ല.

തൃശ്ശൂർ പ്രവിശ്യയ്ക്ക് ആവശ്യമുള്ള വൈദികവിദ്യാർത്ഥികളെ ചേർത്തു പഠിപ്പിക്കുന്നതിനു പുത്തൻപള്ളി സെമ്മിനാരിയിൽ സ്ഥലസൌകര്യമില്ലാതെ വന്നപ്പോൾ വാഴപ്പിള്ളിത്തിരുമനസ്സുകൊണ്ടു ഗാഢമായ ചിന്തയ്ക്കുശേഷം കരു 'മേജർ സെമ്മിനാരി' തോപ്പിൽ സമാരംഭിച്ച് ഭരണനിപുണനും പരിശ്രമശാലിയുമായ വന്ദ്യദിവ്യശ്രീ ചിറയത്തു് ജോസഫച്ചനവർകളെ അതിന്റെ റെക്ടറായി നിയമിച്ചു.

അഭികാമ്യങ്ങളായ ഉന്നതബിരുദങ്ങളും, ഇംഗ്ലീഷ്, ലാറ്റിൻ, ഫ്രെഞ്ച്, ഗ്രീക്ക്, ഇത്താല്യൻ തുടങ്ങിയ നിരവധി ഭാഷകളിൽ അഗാധപാണ്ഡിത്യവും, തീർത്ഥാടനംകൊണ്ട് ആധ്യാത്മികസമ്പത്തും, യൂറോപ്പുപര്യടനം മൂലം പാശ്ചാത്യസംസ്കാരവും നേടി സപരാജ്യത്തു സസുഖം മടങ്ങിയെത്തിയിരിക്കുന്ന ഡോ. ആലപ്പാട്ടിനെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഉടനെ സെമ്മിനാരിയിലെ പ്രൊഫസറായും ആധ്യാത്മികോപദേഷ്ടാവായും നിയമിച്ചു.

ക്ലേശങ്ങളുടെ ഉരകല്ലിന്മേൽ മാറ്റുരക്കുമ്പോളാണ
ല്ലോ കാരോ വ്യക്തിയുടെയും സ്വഭാവത്തിന്റെ തനിനി
റം പ്രത്യക്ഷപ്പെടുന്നതു്. ദുരന്തദുഃഖങ്ങളുടെ കല്ലോല
ങ്ങളും ആഞ്ഞടിക്കുമ്പോൾ ദുർവ്വഹമായ ജീവിതഭാരം താ
ങ്ങുവാൻ കെല്പില്ലാതെ ചിലർ ആത്മഹത്യയുടെ അഗ്നി
കുണ്ഡത്തിൽ അതിനെ ഹോമിക്കാറുണ്ടു്. സ്വാർത്ഥം
വെട്ടിത്തെളിക്കുന്ന മാർഗ്ഗത്തിലൂടെ കാര്യങ്ങളും ചിരിച്ചു
കൊണ്ടു കടന്നുപോകുന്ന സമയം സമാധാനചിത്തരാ
യും, അല്പാത്തപ്പോൾ കോളിളകിയ സമുദ്രംപോലെ ക്ഷോ
ഭിക്കുന്നവരായും ചിലരുണ്ടു്. ജീവിതയാത്രയിലുണ്ടാ
കുന്ന ഏതു ക്ലേശത്തേയും പുഞ്ചിരിതൂകി സ്വാഗതംചെ
യ്യു കർത്തവ്യങ്ങളുടെ അതതു സമയത്തെ നിർദ്ദേശങ്ങളനു
സരിച്ചു് ജീവിക്കുവാൻ പഠിച്ചവനാണു യഥാർത്ഥത്തിൽ
ജ്ഞാനിയും ധീരനും.

ഡോക്ടർ ആലപ്പാട്ടു സെൻറ് മേരീസു് സെമ്മിനാ
രിയിൽ പ്രശസ്തമായ രീതിയിൽ തന്റെ കർത്തവ്യം അ
നുഷ്ഠിച്ചുകൊണ്ടുവരുന്ന കാലത്താണു്, വാഴപ്പിള്ളിത്തിരു
മേനിയുടെ 'ആദ്യലീമാ' സന്ദർശനത്തിൽ അദ്ദേഹത്തെ
അനുഗമിച്ചു രണ്ടാമതൊരു റോമായാത്ര നടത്തിയതു്.
അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാർ ത്ര
പതാചീറത്തെ ആരോഹണം ചെയ്തിന്റെ ശേഷം
അഞ്ചുകൊല്ലം കഴിയുന്നതിനിടക്കു (മിഷ്യൻ രാജ്യങ്ങ
ളിൽ ഇതു പത്തുകൊല്ലമാണെന്നു നിശ്ചയിക്കപ്പെട്ടിരി
ക്കുന്നു) തങ്ങളുടെ ഭരണത്തിന്റെ സമഗ്രമായ ഒരു റി
പ്പോർട്ടു് അപ്പസ്തോലപ്രഭവായ വി. പത്രോസിന്റെ
അതതുകാലത്തെ പിൻഗാമിക്കു സമർപ്പിക്കണമെന്നുണ്ട
ല്ലോ. ഈ കർത്തവ്യം നിർവ്വഹിക്കുവാൻ ആര്യവൃത്തനെ
ന്നു പേരുകേട്ട വാഴപ്പിള്ളിത്തിരുമേനി പുറപ്പെട്ടപ്പോൾ

DHARMARAM COLLEGE LIBRARY
BANGALORE-29.

അവിടത്തെ കായ്മദശിയായി ഡോക്ടർ ആലപ്പാട്ടിനെ യാണു തിരഞ്ഞെടുത്തതു്. ഇതു വളരെ അത്ഥവത്താ യിട്ടുണ്ടു്. മനുഷ്യരേയും അവരുടെ സമ്പ്രദായങ്ങളേയും മനസ്സിരുത്തിപ്പഠിക്കുന്നതിൽ വിദഗ്ധനായിരുന്ന തിരുമേനി, പണ്ഡിതവൃദ്ധനെങ്കിലും ലോകതയുടെ പ്രാഥമികപാഠങ്ങൾ പഠിക്കുവാൻമാത്രം തുടങ്ങീട്ടുള്ള ഈ യുവവൈദികനെ, അത്യന്തം ക്ലേശാവഹവും കത്തവ്യബഹുലവും തദപേക്ഷയാ ഗൗരവതരവുമായ ഒരു യാത്രയിൽ തന്നെ അനുഗമിക്കുവാൻ നിശ്ചയിച്ചുവെന്നുള്ളതു, കഥാനായകന്റെ കാര്യശേഷിക്കും സ്വഭാവവൈശിഷ്ട്യത്തിനും എന്നും സാക്ഷ്യം വഹിച്ചുകൊള്ളും.

റോമാ യാത്രോദ്യുക്തനായ വാഴപ്പിള്ളിത്തിരുമേനിയെ അനുഗമിക്കുവാൻ കഥാനായകൻ കോപ്പുകൂട്ടി ഇറങ്ങിയപ്പോൾ, സ്വന്തം അനുജനായ പി. സി. പൌലോസ് മരണക്കട്ടിലിൽ കിടന്നു് അന്ത്യയാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുകയായിരുന്നു. ജീവിതമരണങ്ങളുടെ ഘോരസങ്കരത്തിൽപെട്ട വിവശനായ ആ യുവസഹോദരനെ, മരണത്തെ ജയിച്ചസ്ഥാനം ചെയ്യു ലോകപരിത്രാതാവിന്റെ പാദമൂലത്തിൽ സമർപ്പിച്ചുകൊണ്ടു് സ്വകത്തവ്യത്തെ മാനിക്കുവാൻതന്നെ 'ത്യാഗമെന്നതേ നോട്ടു'മായ്ക്കണ്ടിരുന്ന ചരിത്രനായകൻ തീരുമാനിച്ചു.

ഇത്തരുണത്തിൽ പ്രസ്തുത പി. സി.യെപ്പറ്റി സ്വല്പമൊന്നു പ്രസ്താവിക്കുന്നതു് അപ്രകൃതമാകയില്ലെന്നു വിചാരിക്കുന്നു. മനുഷ്യരെല്ലാവരും ഒരേ മാർഗ്ഗത്തിലൂടെയല്ല ലോകസേവനം നടത്തുന്നതു്. ആശ്രമമന്ദിരങ്ങളിലെ നിശിതനിയമങ്ങൾക്കു വിധേയരായി ഘോരതപസ്സനുഷ്ഠിക്കുന്ന സന്ന്യാസിവൃന്ദങ്ങളെപ്പോലെത്തന്നെ കുറെ ചായവും ഏതാനും തൂലികകളുംകൊണ്ടു സൗന്ദര്യ

സൃഷ്ടി നടത്തുന്ന കലാകാരനും ഭിന്നമാർഗ്ഗത്തിലൂടെയെങ്കിലും ലോകത്തെ സേവിക്കുകയത്രെ ചെയ്യുന്നതു്. തിരുസ്സഭാചരിത്രത്തിന്റെ വിമലാകാശത്തിൽ ഏതുകാലത്തും സാഹിത്യം വഴിയായി സഭാമാതാവിനേയും സഹോദരങ്ങളേയും സേവിച്ചിട്ടുള്ള അനവധി നക്ഷത്രങ്ങൾ ഇന്നും വെള്ളിക്കതിർ വിതുന്നതു കാണാം. സഭയുടെ ബലിപീഠമലങ്കരിക്കുന്ന വിശുദ്ധന്മാരിൽ പലരും സാഹിത്യത്തിന്റെ സുന്ദരാരാമത്തിൽനിന്നു പറിച്ചെടുത്തിട്ടുള്ള മനോഹരപുഷ്പങ്ങൾകൊണ്ടു സഭാമാതാവിനെ പൂജിച്ചിട്ടുണ്ടു്. പി. സി. പൌലോസവർകളും ജീവിതത്തിന്റെ വസന്തത്തിലേക്കു പ്രവേശിച്ചിട്ടേ ഉണ്ടായിരുന്നുള്ളുവെങ്കിലും ആയാൾ പലരുടേയും ഇടയിൽ പ്രത്യാശയെ വളർത്തിയിരുന്ന ഒരു യുവസാഹിത്യകാരനായിരുന്നു. പദ്യമായിട്ടും, ഗദ്യമായിട്ടും, അനേകാഭരണങ്ങളും, ഈ യുവാവു് സാഹിതീമാതാവിന്റെ കണ്ഠത്തിൽ ചാർത്തിയിട്ടുണ്ടു്. 'യൂദമണി'യെന്ന അദ്ദേഹത്തിന്റെ ഒരു കൃതി ഇന്നും പ്രകാശം കാണാതെ അന്ധകാരത്തിൽ കിടന്നു വീർപ്പുമുട്ടുകയാണു്. ഒടുവിലത്തേതു് 'അബ്രാഹമിന്റെ ബലി' എന്ന വേപഥുസുകഥയെ പരാമർശിച്ചെഴുതിയിട്ടുള്ള 'ഇച്ചെയ്യുതേ പോരും' എന്ന പദ്യഖണ്ഡമാണു്. ഭ്രൂതഭാവികളെ വർത്തമാനത്തിൽകൂടി കണ്ടുകൊണ്ടിരിക്കുന്ന ജഗന്നിയന്താവു് ആ യുവാവിന്റെ കായ്ത്തിലും ആയാളുടെ അനുവരെയുള്ള ജീവിതംകൊണ്ടു സംതൃപ്തനായി ആയാളോടു്, 'ഇച്ചെയ്യുതേ പോരും' എന്നരുളിച്ചെയ്യു് സമ്മാനദാനത്താൽ അദ്ദേഹത്തെ മാനിക്കുന്നതിന്നായി സ്വർഗ്ഗശ്രീസാമ്രാജ്യത്തിലേക്കു ക്ഷണിച്ചിരിക്കയായിരുന്നു. ആ യുവാവിന്റെ അനശ്വരാത്മാവാകട്ടെ അതിന്റെ ഉത്ഭവസ്ഥാനമായ ഈശ്വര

സന്നിധിയെ പ്രാപിപ്പാനുള്ള വെമ്പലോടെ ഭൗതികപഞ്ജരത്തിൽ കിടന്നുപിടയുവാനും തുടങ്ങിയിരിക്കുന്നു.

അങ്ങനെ, സ്നേഹമായ മെത്രാൻ തിരുമേനിയെ നിത്യനഗരത്തിലേക്ക് അനുഗമിപ്പാനുള്ള കത്തവ്യത്തിന്റെ ആഹ്വാനം ഒരു ഭാഗത്തു നിന്ന്; ഒരേ ഉദരത്തിൽനിന്നു ജന്മമെടുത്ത അനുജൻ മരണത്തോടു മല്ലടിച്ച് സ്വായുസ്സിന്റെ അവസാനനിമിഷങ്ങൾ എണ്ണിക്കുറിച്ചുകൊണ്ടു കിടക്കുമ്പോൾ തന്റെ സാന്നിദ്ധ്യംകൊണ്ടു ക്ലേശാവഹമായ ആയാളുടെ ആ തീവ്രസമരത്തിൽ ആശ്വാസത്തിന്റെ പൂഞ്ചന്ദ്രിക പരത്തേണ്ടതുള്ളയെന്ന മറെറാരു കത്തവ്യത്തിന്റെ ദാരുണമായ ആഹ്വാനം വേറൊരു ഭാഗത്തുനിന്ന്. ഇങ്ങനെയുള്ള സന്ദർഭങ്ങളിലല്ലെങ്കിൽ പിന്നെ എപ്പോഴാണു മനുഷ്യന്റെ മാറു മറവുള്ളവർക്കു മനസ്സിലാകുക? തങ്ങൾക്കു പ്രിയംകരങ്ങളായ എല്ലാറിനേയും—തങ്ങളുടെ വലകളേയും, മീൻവഞ്ചികളേയും, കാറേററു വീഴ്ക്കുന്ന അവയുടെ കാറുപായകളേയും, തങ്ങളെ സംബന്ധിച്ചേടത്തോളം അക്ഷയമായ സമ്പത്തു സംഭരിച്ചെഴുന്ന കല്ലോലമാലാവിഭ്രഷിതമായ ആ തടാകത്തിന്റെ വിശാലമാറിടത്തേയും, ഉണക്കാനിട്ടിരിക്കുന്ന വലകളുടെ ഗന്ധം വമിക്കുന്ന തങ്ങളുടെ ചെറു കുടിലുകളേയും, അച്ഛനമ്മമാർ സഹധർമ്മിണികൾ, കറുക്കിടാങ്ങൾ തുടങ്ങിയ എല്ലാറിനേയും—നസ്രായക്കാരനായ ഒരു ദേശികപ്രവരന്റെ ഒരേ ഒരു വാക്കുകേട്ട് ഉപേക്ഷിച്ച പിന്തിരിഞ്ഞുനോക്കാതെ ആ അലൌകികനെ അനുഗമിക്കാനായിപ്പോയ ഗലീലയിലെ മുക്കുവന്മാരുടെ പിൻഗാമികളിൽ ഒരു തിരുമേനിയുടെ വാക്കുകേട്ട്, അചിരേണ ആ മുക്കുവപ്രവരന്മാരുടേയും ആ തിരുമേനിയുടേയും പിൻഗാമിയാകാനിരിക്കു

ന്ന ഒരു യുവൈദികൻ അതാ, മരണത്തിന്റെ മക്കട മുഷ്ടിച്ചുരുളിൽ കിടന്നുപിടയുന്ന പ്രിയസഹോദരനെ മരണത്തിനുതന്നെ വിട്ടുകൊടുത്തുകൊണ്ട്, വിദേശഗമനത്തിനു് ഒരുങ്ങിനില്ക്കുന്നു. അഹോ! നിരതിശായിയായ കർത്തവ്യബോധം; സമ്പൽസമൃദ്ധമായ ത്യാഗബുദ്ധി!

'ത്യാഗമെന്നതേ നേട്ടം—താഴ്മതാനഭ്യുന്നതി'.

അങ്ങനെ, ഒരുക്കങ്ങളെല്ലാം പൂർത്തിയായി, തൃശ്ശൂർ ത്രുപതയുടെ പ്രഥമമെത്രാന്റെ നിത്യനഗരസന്ദർശനത്തിനുള്ള കാര്യപരിപാടിയിൽ അവസാനത്തേതായുള്ള മാറ്റങ്ങളെല്ലാം വരുത്തി, ഇങ്ങിനിമാറ്റാതവണ്ണം നിശ്ചയിച്ചു കഴിഞ്ഞു. ആര്യവൃത്തനായി, ഭരണനിപുണനായി, സജ്ജനങ്ങളാൽ സമ്മാനിതനായിരിക്കുന്ന തിരുമേനിയും അവിടുത്തെ സഹചരനായ ഡോക്ടർ ആലപ്പാട്ടവർകളും 1929 ഏപ്രിൽ 22-ാംനു- തൃശ്ശൂർ ത്രുപതയുടെയും തൃശ്ശൂർ പുരവാസികളെല്ലാവരുടേയും ആശിസ്സുകൾ മുഴങ്ങിക്കൊണ്ടിരിക്കവേ മെത്രാസനാരമനയിൽനിന്നു യാത്ര പുറപ്പെട്ടു.

ദിവസങ്ങൾ ചിലതു കഴിഞ്ഞു, യാത്രക്കാർ രണ്ടു പേർക്കും—മദ്ധ്യവയസ്സിനെ തരണംചെയ്തു കഴിഞ്ഞ ഒരു പുരോഹിതശ്രേഷ്ഠനും, യൗവ്വനത്തിന്റെ മദ്ധ്യപ്രദേശത്തിലൂടെ പ്രയാണം ചെയ്യുന്ന മറ്റൊരു പുരോഹിതനും; ഒരു ത്രുപതയുടെ ഭരണഭാരം വഹിച്ചുകൊണ്ട് അപ്പോസ്തലപ്രഭുവായ മീൻപിടുത്തക്കാരന്റെ261-ാമത്തെ പിൻഗാമിയെക്കണ്ട് അവിടുത്തെ സന്നിധിയിൽ സഭാഭരണത്തിന്റെ ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ പോകുന്ന ഒരു മെത്രാനും ആ തിരുമേനിയുടെ അടുത്ത പിൻഗാമിയാകുവാൻ ദൈവത്താൽ നിയുക്തനായിരിക്കുന്നവനും അങ്കുരാവസ്ഥയിലിരിക്കുന്നവനുമായ മറ്റൊരു മെത്രാനും—കൊളമ്പിലെത്തി.

പ്രാചിയേയും പ്രതീചിയേയും കൂട്ടിയിണക്കുന്ന ഒരു പൊൻചങ്ങലയായി പരിലസിക്കുന്ന കൊളമ്പിൽ അവർ എത്തിയപ്പോൾ കഥാനായകന്റെ ലൌകികബന്ധത്തിൽനിന്ന് ഒരു കണ്ണിയാറവീണു. 'ഇച്ചെയ്യുതേ പോരു'മെന്നെഴുതിയ സഹസഹോദരൻ മരണയവനികയ്ക്കപ്പുറത്തു മറഞ്ഞുപോയിയെന്ന മർമ്മഭേദിയായ വർത്തമാനം കൊളമ്പിൽവെച്ച് അവിടുത്തെ യാത്രാപരിപാടിയിൽ നെടുനീളം ഒരു കരിനിഴൽ പരത്തി. സഹസഹോദരനെപ്പറ്റിയുള്ള സ്മരണകൾ ഭൂതകാലത്തിന്റെ ഇരുട്ടറകളിൽനിന്ന് കാരോന്നായി പുറത്തുവന്ന് അദ്ദേഹത്തിന്റെ ചിന്താപഥത്തിൽ അണിനിരന്നു. ബാല്യത്തിലെ കളികൾ, തങ്ങളൊരുമിച്ചിരുന്നു പറയാറുള്ള കടംകഥകൾ, നിഷ്കളങ്കങ്ങളായ വികൃതികൾ, വിദ്യാലയജീവിതം, പരീക്ഷാഫലങ്ങൾ, സ്വഭാവത്തിലെ പ്രത്യേകതകൾ, ഇഷ്ടാനിഷ്ടങ്ങൾ, അഭിലാഷങ്ങൾ, അഭിരുചികൾ, ദൈവവിളികൾ, സഹോദരന്റെ സാഹിത്യപരിശ്രമങ്ങൾ, സർവ്വോപരി മരണം മുക്കാലും വിഴുങ്ങിക്കഴിഞ്ഞിരുന്ന ആ സഹോദരന്റെ വിഷാദപൂർണ്ണമായ അവസാനത്തെ നോട്ടം, സ്വമാതാവിന്റെ വറ്റാത്ത കണ്ണുനീർ എന്നിവയത്രയും അദ്ദേഹത്തിന്റെ സ്മരണപഥത്തിലേക്കു കടന്നുവന്ന് ആ പുരോഹിതന്റെ നേത്രങ്ങളിൽ തപ്തബാഷ്പംനിറച്ചു. തടംനിറഞ്ഞു പുറത്തേക്കൊഴുകിയ ആ കണ്ണീർകണങ്ങളെ ചരിത്രത്തിലേക്കുകടന്ന ആ സഹോദരന്റെ സ്മരണക്കായി ഭൂമിയിലർപ്പിച്ചു. പക്ഷേ, പ്രാപഞ്ചികബന്ധങ്ങളുടെ പിടിയിൽനിന്ന്, അവയുടെ ക്ഷണഭംഗുരതയെപ്പറ്റിയുള്ള ബോധം, അദ്ദേഹത്തെ ക്ഷണത്തിൽ വിമുക്തനാക്കി. "മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ."

മനോഹരമായ ആ കപ്പൽ—രണ്ടു മെത്രാന്മാരെ സ്വഗർഭത്തിൽ വഹിച്ചിരുന്ന ആ നൌകം—അറബിക്കടലിലേക്കു നിങ്ങി. കരിയാറിൽ മെത്രാപ്പോലീത്താ തിരുമേനിയുടേയും കുനൻകുരിശു സത്യത്തിന്റേയും രാജ്യമായ കേരളമാതാവിന്റെ അരയിൽ അനുവേലം വീചിക്കരങ്ങളാൽ അരഞ്ഞാൺചാർത്തി വിലസുന്ന അറബിക്കടലിന്റെ വിശാലതയിൽകൂടെ നിത്യനഗരോന്മുഖമായി ആ കപ്പൽ അങ്ങിനെ പൊയ്ക്കൊണ്ടിരുന്നു.

കടൽപരപ്പിലെങ്ങും നിശ്ശബ്ദമായി പദവിന്യാസം ചെയ്യുമാറുള്ള അനിലബാലൻ നമ്മുടെ പഥികക്ക് അകമ്പടിസേവിച്ചു; പ്രപഞ്ചത്തിന്റെ അനന്തതയെ ആവുംവിധം പുകഴ്ത്തിക്കൊണ്ടു മമ്മരഗീതം പരത്തുന്ന തരംഗങ്ങൾ ആ കപ്പലിനെ ദിവാനിശം തലോടിക്കൊണ്ടു താരാട്ടുപാടി. ജലോപജീവികളായ വിചിത്രജാതിനീന്ധജങ്ങൾ അങ്ങുമിങ്ങും പറന്നുകൊണ്ടു സമുദ്രപ്പരപ്പിന്റെ അതിരില്ലായ്മക്കു ചില അതൃത്തികൾ വരച്ചു മാച്ചുകളഞ്ഞു.

അറബിക്കടലിന്റെ വിരിമാറിലൂടെ എതിരില്ലാതെ പാഞ്ഞുപോയിരുന്ന ആ ജലവാഹനത്തിലിരുന്നുകൊണ്ടു തങ്ങളുടെ യാത്രാലക്ഷ്യത്തെപ്പറ്റി സ്മരിക്കുന്ന കൂട്ടത്തിൽ അതിനോടു് അനിവാര്യമായവിധം ബദ്ധമായിരിക്കുന്ന നിരവധി വിഷയങ്ങളെപ്പറ്റി കഥാനായകൻ സ്മരിച്ചിട്ടുണ്ടായിരിക്കണം. തങ്ങൾ പോകുന്നതു നിത്യനഗരത്തിലേക്കു്; ആ നഗരമാകട്ടെ അപ്പോസ്തലപ്രമുഖനും പ്രഥമപാപ്പയുമായ വി. പത്രോസിന്റെ ജീവിതത്തിലെ അന്ത്യഘട്ടത്തിലെ സുസ്മരണീയസംഭവങ്ങൾകൊണ്ടു നിബിഡം. വി. പത്രോസാകട്ടെ തങ്ങളെ വഹിക്കുന്ന ആ നൌകംപോലെയുള്ള ഒരു ജലവാഹനത്തി

ചിരുന്നുകൊണ്ടു മത്സ്യംപിടിച്ചു ജീവിച്ചിരുന്നു. 'നിങ്ങളെ ഞാൻ മനുഷ്യരെപ്പിടിക്കുന്നവരാക്കാ'മെന്നുള്ള യേശുവിന്റെ ക്ഷണം സ്വീകരിച്ചുകൊണ്ട് ആ പത്രോസ് പരമഗുരുവിനെ അനുഗമിച്ചു. ആ ലോകഗുരുവിനാൽ നിർദ്ദിഷ്ടമായ കർത്തവ്യത്താൽ ബദ്ധരാണ് തങ്ങൾ രണ്ടു പേരും. അങ്ങനെ വെള്ളവും മത്സ്യവും, കടലും കപ്പലും, യാത്രാലക്ഷ്യമായ റോമയും അവിടെ വാഴുന്ന മീൻപിടുത്തക്കാരനായ പത്രോസിന്റെ പിൻഗാമിയും എല്ലാംചേർന്ന് തിരുസ്സഭയുടെ പിള്ളത്തൊട്ടിക്കാലത്തെപ്പറ്റിയുള്ള ചിന്തകളിൽ ലീനനായി കഥാനായകൻ കടലിന്റെ അജ്ഞാതമായ അഗാധതയിലേക്കു നോക്കിക്കൊണ്ടു സമയംകഴിച്ചു. യാത്രാപരിപാടിയിലെ കാരോഭാഗത്തേയും പിന്നിട്ടുകൊണ്ടു കപ്പൽ ഇറാലിയിലെത്തികഴിഞ്ഞു. യാത്രക്കാർ നിത്യനഗരത്തിലും.

സഭയുടെ നടുനായകനായ 11-ാം പീയൂസ് മാപ്പാപ്പയെ മുഖംകാണിച്ചു് ആശിസ്സുകൾ വാങ്ങി, തിരുമേനിമാർ ഇറാലിയിലും യൂറോപ്പിന്റെ ഇതരഭാഗങ്ങളിലുമുള്ള പ്രധാനസ്ഥലങ്ങളേയും വിശുദ്ധഭൂമിയേയും സന്ദർശിച്ചശേഷം 1929 ഒക്ടോബർ 21-നു സ്വരാജ്യത്തേക്കു മടങ്ങിയെത്തി.

രണ്ടാമത്തെ റോമായാത്രകഴിഞ്ഞു മടങ്ങിവന്ന ഡോക്ടർ ആലപ്പാട്ടിനെ സെമിനാരിയിലെ ഉപദേഷ്ടാവും അദ്ധ്യാപകനുമായി വീണ്ടും മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നിയമിച്ചുവെങ്കിൽ അദ്ദേഹത്തിന്റെ കർത്തവ്യനിഷ്ഠയേയും ജീവിതവിശുദ്ധിയേയുംപറ്റി ത്രുപതാഭ്യുക്ഷനുള്ള മതിപ്പ് എത്ര ഉയർന്നതായിരുന്നുവെന്ന് ഏതാണ്ടൂഹിക്കാവുന്നതാണ്. ഡോ. ആലപ്പാട്ടിനു പാണ്ഡിത്യം, പരിചയം, സ്വതസ്സിദ്ധമായ നിരീക്ഷണപാടവം,

വിദേശപര്യടനം, പുണ്യതീർത്ഥങ്ങളുടെ സന്ദർശനം എന്നിവകൊണ്ടു നിറഞ്ഞൊഴുകുന്ന ആധ്യാത്മികവും ലൌകികവുമായ വിജ്ഞാനഭണ്ഡാഗാരത്തിൽനിന്നു ശിഷ്യന്മാക്ക് ആവശ്യമുള്ള കൂട്ടങ്ങൾ പകർന്നു പാകമാക്കിക്കൊടുത്തിരുന്നു. മനസ്സിനെ വട്ടംകറക്കി ജീവിതത്തെ കൊടുമ്പിരിക്കൊള്ളിക്കുന്ന ഏതെങ്കിലും വിഷമങ്ങളുംകൊണ്ടു ഡോക്ടർ ആലപ്പാട്ടിനെ സമീപിച്ചാൽ, കാരോ ഹൃദയത്തിന്റെ ഉള്ളിൽകടന്ന് അവിടെ നടക്കുന്ന അതിസൂക്ഷ്മസംഗതികളെക്കൂടി ക്ഷണത്തിൽ മനസ്സിലാക്കുവാൻ തക്ക നിരീക്ഷണപടുവായ അദ്ദേഹം തൽക്ഷണം തക്ക പ്രതിവിധികൾചെയ്ത് ആശ്വാസം നല്കിയല്ലാതെ തിരിച്ചയക്കുകയില്ല. ഏവരോടും മധുരമായി സംസാരിക്കുക; ഇണക്കമായി പെരുമാറുക എന്നതു ഡോ. ആലപ്പാട്ടിന്റെ കരു പ്രത്യേകതയാണ്.

ഏതു് അഗാധമായ ശാസ്ത്രവിഷയങ്ങളെക്കൂടി ഏറ്റവും സുഗമമായ രീതിയിൽ വിവരിക്കുവാനുള്ള പാടവം ഡോ. ആലപ്പാട്ടിനു സ്വായത്തമായിട്ടുണ്ടെങ്കിലും, വിദ്യാർത്ഥികൾക്കു മനസ്സിലായില്ലെങ്കിൽ ദേഷ്യപ്പെട്ടു പുസ്തകം വലിച്ചെറിയുന്ന പ്രൊഫസർമാരെ അദ്ദേഹം അനുകരിക്കാറില്ല. എത്രമാത്രം ക്ലേശിക്കേണ്ടിവന്നാലും, പ്രസംഗിക്കുന്ന വിഷയം എത്ര പ്രയാസമുള്ളതായിരുന്നാലും, മന്ദബുദ്ധികളായ വിദ്യാർത്ഥികളെക്കൂടി വേണ്ടവിധം ഗ്രഹിപ്പിച്ചല്ലാതെ അദ്ദേഹം മുന്നോട്ടു പോകുകപതിവില്ല.

ലോകത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ആകസ്മിക സംഭവങ്ങൾ ചിലരുടെ അധഃപതനത്തിനും ചിലരുടെ അഭിവൃദ്ധിക്കും കാരണമാകുന്നതു സാധാരണമാണ്. ഓക്സ്ഫോർഡ് സെയിന്റ് മേരീസു സെമ്മിനാരിയെ പിടുത്തു

ല്യം സ്നേഹിച്ചിരുന്ന വന്ദ്യദിവ്യശ്രീ ചിറയത്തു് യൗസേപ്പച്ചൻ, സെമ്മിനാരിയേയും തദംഗങ്ങളേയും ദുഃഖാബ്ധിയിൽ തള്ളിയിട്ടുകൊണ്ടു മരണത്തിന്റെ മറവിരിക്കുള്ളിൽ മറഞ്ഞു. വിദ്യാർത്ഥികളുടെ വത്സലമിത്രമായ ഡോ. ആലപ്പാട്ടിനെ തൽസ്ഥാനത്തേക്കുയർത്തിക്കൊണ്ടു മെത്രാനച്ചൻ തിരുമേനി അവരുടെ കഠിനമായ കടമഭാരത്തെ താഴെയിറക്കിവെച്ചു. ഡോ. ആലപ്പാട്ടു് ഉൽകൃഷ്ടമായ ഒരു പദത്തെ ആരോഹണംചെയ്യുവാൻ തികച്ചും അർഹനാണെന്നു ദൃഢമായി വിശ്വസിച്ചിരുന്ന വിദ്യാർത്ഥികളാകട്ടെ, മറ്റു വൈദികന്മാരാകട്ടെ, ത്രുപതാജനങ്ങളാകട്ടെ ഈ നിയമനത്തിൽ തെല്ലും അത്ഭുതപ്പെട്ടില്ല. ഏറെത്താമസിയാതെ ഡോ. ആലപ്പാട്ടു്, സെമ്മിനാരി റെക്ടർ എന്നല്ല അതിലും ഗൌരവാവഹമായ സ്ഥാനത്തിനുംകൂടി യോഗ്യനാണെന്നു് ഏവരേയും തന്റെ ഭരണനിപുണതയാൽ ബോധപ്പെടുത്തി.

ഒരു ത്രുപതയ്ക്കു വേണ്ടിമാത്രം ഒരു മേജർ സെമ്മിനാരി നടത്തിക്കൊണ്ടു പോകുന്നതിലുള്ള ദുഷ്കരതയും, കേരളത്തിനെന്നല്ല ഭാരതത്തിനൊട്ടാകെത്തന്നെ ആവശ്യമായ വൈദികവിദ്യാർത്ഥികളെ അദ്ധ്യയനം ചെയ്യിക്കുവാൻ വേണ്ട സവ്വസജ്ജീകരണങ്ങളോടുംകൂടി പുത്തൻപള്ളി സെമ്മിനാരി മംഗലപ്പുഴയ്ക്കു മാറ്റിയപ്പോൾ സെയിൻറ മേരീസു സെമ്മിനാരിയെ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു സമാരംഭിച്ചു.

അങ്ങനെ ത്രുപതയുടെ നാനാഭാഗങ്ങളിലും കൂസ്സുവിൻറെ വേല തുടർന്നു ചെയ്തുകൊണ്ടുവരുന്ന യുവവൈദികരിൽ മഹാഭ്രരിപക്ഷവും കഥാപുരുഷനു്, അവരുടെ പ്രൊഫസറായും ആത്മികോപദേഷ്ടാവായും, പിന്നീടു റെക്ടർ എന്ന നിലയിലും സുപരിചിതമാണു്. അതി

നാൽ ആലപ്പാട്ട തിരുമേനിക്കും അദ്ദേഹത്തിന്റെ ആ ജ്ഞാനുവർത്തികളായ വൈദികന്മാർക്കും തമ്മിൽ ആദൗ സാത്രപ്യംമൂലം അന്യാദൃശമായൊരൈക്യം തന്നെയുണ്ടെ ന്നു പറയാതെ നിവൃത്തിയില്ല.

അദ്ധ്യായം 6.

പ്രേഷിതവൃത്തി.

1. വികാരി.

ദുഃഖദുരിതങ്ങളും തിരതല്ലിത്തകർക്കുന്നൊരു ഭീകര വാരിധിയായ ലോകത്തിൽ ശാശ്വതികസുഖത്തിന്റെ ഒരു കണികയെങ്കിലും കാണുവാൻ സാദ്ധ്യമല്ല. അവി ടവിടെയായി അതിൽ വെൺകതിർ ചിന്നി നരച്ചു പൊങ്ങുന്ന നീർപോളകളെ നോക്കി ചിലർ ജീവാമൃത മെന്നു ഭ്രമിച്ചുപോകാറുണ്ട്. ഇതു കണ്ടിട്ടാണു സുവ്വച രാചരങ്ങളുടെയും അന്തഃകരണപ്രവത്തനങ്ങളെ ആരാ ഞ്ഞറിവാൻകൂടി വിജ്ഞാനിയായിത്തീർന്ന സോളമൻ പോലും 'മായാമയം സുവ്വുമിപ്രപഞ്ചം' എന്നിങ്ങനെ ആവലാതിപ്പെട്ടുന്നതു്. കാഴ്ചയിൽ അമൃതകിരണനെ പ്പോലെ സന്മോഹനവും, അനുഭവത്തിൽ കാളകൂടം പോലെ ആപത്മയവുമായ ഈ മായാപ്രപഞ്ചത്തിൽ നിന്നു മുക്തിനേടുവാൻവേണ്ടി വൈരാഗ്യത്തിന്റെ മ ണിരഥമേറി. വനാന്തരത്തിലെ ഏകാന്തതയിലെത്തി ഏതുയോ സന്യാസികൾ തപംതുടങ്ങുന്നു. എന്നാൽ

"തന്നാൽകരേറോണ്ടവരെത്രുപേരോ
താഴത്തു പാഴ്ചേറിലമന്നിരിക്കെ
താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിയ്ക്കൊത്തൊരു ചാരിതാത്ഥ്യ"മെന്ന

കവിഗീതി ഇവിടെ തെല്ലും വിസ്മരിച്ചുകൂടാ. സംസാരസമുദ്രത്തിൽ മുങ്ങിത്തുടിക്കുന്ന സഹോദരസമൂഹത്തെ നാശഗർത്തത്തിൽ തള്ളിക്കൊണ്ടു സ്വർഗ്ഗംപൂകുവാനൊരുങ്ങുന്ന സന്ന്യാസി എങ്ങനെ കൃതകൃത്യനായി പരിണമിക്കും. ഈ വിഷമസന്ധിയെ പരിഹരിക്കുന്നതിന്നായിട്ടാണ് കൃസ്തു ഗലീലക്കടൽത്തീരത്തിലെ മീൻപിടുത്തക്കാരെത്തന്നെ തന്റെ അപ്പസ്തോലന്മാരായി തിരഞ്ഞെടുത്തു ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അനുഗ്രഹിച്ചയച്ചത്. അതിഭൈരവമായ ഭവാബ്ധിയിൽ വിലയം പ്രാപിക്കുവാൻ തുടങ്ങുന്ന അവശസമൂഹത്തെ കാരുണ്യത്തിന്റെ കരങ്ങൾനീട്ടി, നിത്യരക്ഷയുടെ തോണിയിൽ കയറ്റി, സ്വർഗ്ഗസങ്കേതത്തിലേയ്ക്കാനയിച്ച ആ അപ്പസ്തോലന്മാരുടെ ആധ്യാത്മികപ്രവൃത്തികൾ ലോകത്തിനാകെ മൃതസഞ്ജീവിനിയായി പരിണമിച്ചു. കർമ്മയോഗികളായ ആ ധീരാത്മാക്കൾ തുടങ്ങിവെച്ച പുണ്യകൃത്യങ്ങൾ തുടർന്നുപോരുകയാണല്ലൊ, അവരെ പ്രതിനിധീകരിക്കുന്ന കാരോ കത്തോലിക്കാ വൈദികനേറെയും കർത്തവ്യം.

തൃശ്ശൂർ സെൻറ് മേരീസു സെമ്മിനാരി കഥാവശേഷമായപ്പോൾ ഡോ. ആലപ്പാട്ടവർകളെ അദ്ദേഹത്തിന്റെ യോഗ്യതകളെ മാനിച്ച് ത്രുപതാധികൃതൻ പഴയൂർ ഫൊറോനപ്പള്ളിയുടെ വികാരിയായി നിയമിച്ചു. ഈ പള്ളിയാകട്ടെ ചരിത്രംകൊണ്ടും, വി. അന്തോനീസിന്റെ അത്ഭുതപ്രവർത്തനങ്ങൾകൊണ്ടും പ്രസിദ്ധിനേടീട്ടുള്ളതും, പൌരസ്ത്യരായിത്തീർന്ന പാശ്ചാത്യരിൽ പ്രമുഖനും, സംസ്കൃതം മലയാളം എന്നീ രണ്ടു വിദേശഭാഷകളിൽ അസാധാരണനൈപുണ്യം നേടിയവനും, പുത്തൻപാന, പഴ്ഞ്ചൊൽമാല എന്നീ സുപ്രസിദ്ധ കൃതികളുടെ

കത്തായുമായ ഫാദർ എർണസ്റ്റസ് (അഗ്നേസ് പാതിരി) എന്ന ഇറ്റാല്യൻ വൈദികൻ, വേലൂരിൽവച്ച് തനിക്കനുഭവപ്പെട്ട ദാരുണസംഭവങ്ങൾക്കുശേഷം, അവസാനദിവസങ്ങൾ കഴിച്ചുകൂട്ടുവാൻ തിരഞ്ഞെടുത്തിട്ടുള്ളതും, അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ വിശ്രമംകൊള്ളുന്നതുമായ കരു സ്ഥലമാകുന്നു.

ദൈവസ്തുതിക്കായിട്ടും ആത്മാവുകളുടെ രക്ഷക്കായിട്ടും തിരുപ്പട്ടമേറ്റിട്ടുള്ള പുരോഹിതന്മാർക്കു സ്വധർമ്മങ്ങൾ പ്രശസ്തമാംവണ്ണം നിർവ്വഹിക്കുവാൻ ഇടവകഭരണംപോലെ സൌകര്യമുള്ള മറ്റു സന്ദർഭങ്ങൾ ലഭിക്കുമോയെന്നു സംശയമാണ്. തങ്ങളുടെ ആധ്യാത്മികജീവിതത്തിന്റെ പൂന്തണലിൽ, ആത്മസമാധാനത്തിന്റെ പച്ചവിരിപ്പിൽ, വിശ്രമിച്ചാനന്ദിക്കുവാൻ എത്തിച്ചേർന്ന ആ ട്ടിൻകൂട്ടത്തെ ദിവ്യഇടയനായ കൂസ്സനാഥന്റെ അനുഗാമികളായ അവർക്ക്, നിത്യാനന്ദത്തിലേക്കു നയിക്കുവാൻ എന്താണു പ്രയാസം. നമ്മുടെ കഥാനായകൻ ഭാരാർദ്രിതർക്ക് അത്താണിയായിട്ടാണു പഴയൂർ ഇടവക്കാർക്കനുഭവപ്പെട്ടതു്. ജീവിതായോധനത്തിൽ ക്ഷതപ്പെട്ട ആത്മാവുകളെ സ്നേഹപൂർവ്വം തലോടി, ഉപദേശത്തിന്റെ ശീതളലേപംപൂശി സമാശ്വസിപ്പിക്കുവാൻ അദ്ദേഹത്തിനുള്ള വൈശിഷ്ട്യം കണ്ടു വേറെത്തന്നെ ആണ്. സാമൂഹ്യജീവിതത്തിൽ നിനച്ചിരിയാതെ കുതിച്ചുയരുന്ന തെറ്റിദ്ധാരണകൾക്കു വശംവദരായി അന്യോന്യം പിണങ്ങിക്കഴിയുന്ന സഹോദരങ്ങളിൽ ത്യാഗസന്നദ്ധതയും ക്ലേശസഹിഷ്ണുതയും നട്ടുവളർത്തി, അദ്ദേഹം ഇടവകയെ സമാധാനത്തിന്റെ ശീതളച്ഛായയിൽ വിശ്രമംകൊള്ളിച്ചു. നാട്ടിന്നാകെ സാമ്പത്തികമായ മേന്മയും നാട്ടാർക്കാകെ ആധ്യാത്മികമായ മേന്മയും

സമ്പാദിക്കുന്നതിന്നുദ്ദേഹം ചെയ്തിട്ടുള്ള നിരന്തരപരിശ്രമങ്ങൾക്കു താഴികക്കുടം വച്ചുകൊണ്ടാണു്, അദ്ദേഹം തന്നത്താൻ പടവെട്ടി കൊടിനാട്ടീട്ടുള്ള 'കാർളംപള്ളി' ഇന്നും നിലകൊള്ളുന്നതു്.

ദുഃഖശനിയാഴ്ച ആഘോഷപൂർവ്വകമായ ദിവ്യബലി സമർപ്പണം പഴയൂർപള്ളിയിൽ ആദ്യമായി സ്ഥാപിച്ചിട്ടുള്ളതു കഥാപുരുഷനാണു്. ഇന്നും ആ ദിവ്യകർമ്മത്തിന്റെ ഭക്തിലഹരിയിൽ മതിമറന്നവരായ ഈ എടവകക്കാർ അദ്ദേഹത്തിന്റെ മധുരസ്മരണ നിലനിറുത്തിക്കൊണ്ടു് ഭക്തിപരവശരായി ആ ദിവ്യകർമ്മം സമർപ്പിച്ചുപോരുന്നുണ്ടു്. ഇടവകയുടെ ഭാവിപൌരസഞ്ചയത്തെ വിദ്യാഭ്യാസംകൊണ്ടു വിജ്ഞരാക്കിത്തീർക്കുവാൻ വേണ്ട സാഹചര്യങ്ങൾ നിർമ്മിക്കുവാനായി അദ്ദേഹം രക്ഷാകർത്താക്കന്മാരോടു കർശനമായി ശാസിച്ചിരുന്നതിനാൽ പള്ളിക്കൂടത്തിൽ പോകാത്ത കുട്ടികളോ, വേണ്ടോപദേശക്ലാസ്സുകൾ അതിനിഷ്ഠയോടെ നടത്തിവന്നിരുന്നതിനാൽ മതവിശ്വാസമില്ലാത്ത വികൃതികളോ ഇടവകയിൽ ഉണ്ടായിരുന്നില്ലെന്നുതന്നെ പറയണം. എന്നാൽ സാമ്പത്തികമായ ക്ഷാന്തിയും ആധ്യാത്മികമായ ശാന്തിയും ചൊരിഞ്ഞുനിന്നിരുന്ന ആ യുവപുരോഹിതൻ, നിയതിയുടെ നിയന്ത്രണത്തിൽ വർത്തിച്ചുപോരുന്ന സൂര്യനെപ്പോലെ, പ്രകൃതിയ്ക്കതീതമായ പരമശക്തിയുടെ വരുതിപ്രകാരം പഴയൂർപള്ളിയുടെ വിമലാകാശത്തിൽ നിന്നു തിരോധാനംചെയ്തു. പിന്നീടു മറ്റൊരു ഇടവകയുടെ വികാരിയായിട്ടാണു് അദ്ദേഹം ഉദയംചെയ്തതു്. ആ ഉദയം, അടുത്തകാലത്തുതന്നെ തൃശ്ശൂർ ത്രുപതയെങ്ങും വെള്ളിക്കരങ്ങൾനീട്ടി അനുഗ്രഹിച്ചരുളുവാനുള്ളതായിരുന്നുവെന്നു് ആരറിഞ്ഞു?

2. പ്രാസംഗികൻ.

മഹാനുഭാവന്മാരായി ലോകം പരിഗണിക്കുവാനിരിക്കുന്ന ഓരോ വ്യക്തിയിലും സ്വതസിദ്ധമായ ചില ഗുണവിശേഷങ്ങൾ ഖനിയിൽ കനകംപോലെ ലയിച്ചു കിടപ്പുണ്ടായിരിക്കും. കാലഗതിയ്ക്കനുസരിച്ചുള്ള മാനസികപരിവർത്തനങ്ങളുടെ ഫലമായി അവ സ്വയം വികാസം പ്രാപിച്ച്, പക്ഷവത്തിയായ പനിമതി ബിംബംപോലെ അനുകൂലസാഹചര്യങ്ങളിൽ തെളിഞ്ഞും പ്രതികൂലപ്രതിബന്ധങ്ങളിൽ ഒളിഞ്ഞും സ്ഥിതിചെയ്യുകയാണു പതിവു്. എന്നാൽ നമ്മുടെ കഥാപുരുഷനിൽ അന്തർല്ലീനമായി കിടന്നിരുന്ന ജന്മസിദ്ധമായ സാഹിത്യാഭിരുചി പഠനകാലത്തിലെ അശ്രാന്തപരിശ്രമം ഹേതുവായി പരിപുഷ്ടി പ്രാപിച്ചു് സന്ദർഭാനുഗുണമായ സദ്ഫലങ്ങൾ പുറപ്പെടുവിക്കുവാൻ അധികകാലം വേണ്ടിവന്നില്ല.

ഉറങ്ങിക്കിടക്കുന്ന ഹൃദയത്തിന്റെ മർമ്മസിരകളെ തട്ടിയുണർത്തി, കർത്തവ്യബോധത്തിന്റെ പടച്ചട്ട അണിയിച്ചു്, ആരേയും നിമിഷനേരത്തിനുള്ളിൽ കർമ്മവീരന്മാരാക്കുവാൻമാത്രം വൈഭവമുള്ളതാണല്ലോ പ്രസംഗകല. വഞ്ചനയുടെ കൂരിരുട്ടറയുടെ സ്നേഹത്തിന്റെ മാറിടം പിളർന്നു, മരിച്ചുവീണ ജൂലിയസ് സീസറെ, സേച്ഛാധികാരത്തിന്റെ കല്പയിൽ, രാജദ്രോഹത്തിന്റെ നഖത്തിൽചേർത്തു ബന്ധിക്കുവാൻ മിത്രവേഷംപൂണ്ട ശത്രുക്കൾ തുനിഞ്ഞിറങ്ങിയപ്പോൾ, അശ്രുവർഷത്തോടുകൂടിയ മാർക്ക് ആൻറണിയുടെ മിന്നൽ ചിതറുന്ന പ്രസംഗധോരണി റോമൻജനതയെ എത്രമാത്രം വികാരഭരിതരും ക

മ്മോന്മുഖരുമാക്കിയെന്നതിനു ലോകംതന്നെ ദൃക്സാക്ഷിയാണു്. എന്നാൽ മലമേൽ നിന്നുകൊണ്ടു തന്റെ തിരുമുമ്പിൽ കടൽപോലെ പരന്നു കിടക്കുന്ന പാപിജനത്തെ അനുതാപത്തിന്റെ തെളിനീരൊഴുക്കി, പരിശുദ്ധിയുടെ പരിവട്ടം ചാർത്തി, രക്ഷാസങ്കേതത്തിലേയ്ക്കു് ആനയിച്ച കുസുനാഥന്റെ പ്രസംഗസരണിതന്നെയാണു്, അദ്ദേഹത്തെ അനുപദം അനുഗമിക്കുവാൻ ബദ്ധകങ്കണനായ നമ്മുടെ കഥാപുരുഷനും സ്വീകരിച്ചതു്.

സ്വദേശത്തു തിരിച്ചുവന്നതിനുശേഷം കുറെ നിമിഷംപോലും വിശ്രമത്തിനായിട്ടെങ്കിലും വിനിയോഗിക്കുവാൻ നമ്മുടെ കഥാനായകൻ ഉൽസുകനായിരുന്നില്ല. നീണ്ടുനിന്ന ഏഴുകൊല്ലത്തെ നിത്യനഗരവാസത്തിലും, തദനന്തരം നടത്തിയ തീർത്ഥസ്ഥലസന്ദർശനത്തിലും, യൈറോപ്യൻ പര്യടനത്തിലും, സമാർജ്ജിക്കുവാൻ, സാധിച്ചിട്ടുള്ളതായ വിജ്ഞാനവും, സംസ്കാരവും, ഇതരസഹോദരന്മാരിലും കുത്തിവെക്കുവാനായിരുന്ന അദ്ദേഹത്തിന്റെ പരിശ്രമം. കേരളത്തിന്റെ നാനാഭാഗത്തുനിന്നും, സാഹിത്യസമിതികളിൽ അദ്ധ്യക്ഷനായും ദേവാലയങ്ങളിൽ പ്രാസംഗികനായും അദ്ദേഹത്തെ ക്ഷണിക്കുകയെന്നതു് ഒരു ചട്ടമായിത്തീർന്നു. എന്നാൽ ഒരു ക്ഷണമെങ്കിലും ഏതെങ്കിലും കാരണവശാൽ ആശാഭംഗത്തിനു് അധീനപ്പെട്ടുപോന്നതിനു് അദ്ദേഹം അനുവദിച്ചിരുന്നില്ല. എത്ര കായക്ലേശം സഹിച്ചും ആരോഗ്യം തൃണവൽഗണിച്ചും പ്രസന്നവദനനായിത്തന്നെ ആ സ്ഥലങ്ങളിലെല്ലാം സന്നിഹിതനായി, ആവശ്യങ്ങളെല്ലാം നിർവ്വഹിച്ചുകൊടുക്കുവാൻ അദ്ദേഹം പ്രദർശിപ്പി

ച്ചിരുന്ന ക്ഷാന്തിയും ശ്ലഘ്യാന്തിയും അനിതരസാധാരണമായിരുന്നുവെന്നുതന്നെ പറയണം. ദേവാലയങ്ങളിലെ പ്രസംഗപീഠങ്ങളിൽ കയറി, ദിവ്യരക്ഷകന്റെ എഴുന്നള്ളത്തിനു് മാർഗ്ഗം വെട്ടിത്തെളിയിക്കുവാൻ പ്രസംഗം മുഴക്കുന്ന ആ "അഭിനവയോഹന്നാന്റെ" സുന്ദരരൂപം കാണുന്നതിനും മധുരോക്തികൾ കേൾക്കുന്നതിനും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും തിങ്ങിക്കൂടിയിരുന്ന ജനക്കൂട്ടത്തിനൊരു കയ്യുംകണക്കുമുണ്ടായിരുന്നില്ല.

വിഷയവിശകലനത്തിന്റെ ഘടനാവൈചിത്ര്യംകൊണ്ടു ശ്രോതാക്കളെ രസിപ്പിച്ചു; ആശയാവിഷ്കരണത്തിന്റെ ഹൃദയസ്പൃക്കായപംകൊണ്ടു വിജ്ഞന്മാരാക്കിത്തീർക്കുവാൻ വചോവിലാസവും വിശാലഹൃദയവും സഹായത്തമായിട്ടുള്ള പണ്ഡിതനായൊരു പ്രാസംഗികനു മാത്രമേ സാധിക്കുകയുള്ളൂ. പാദുവായിലെ വി. അന്തോനീസിന്റെ ജീവചരിത്രവും അത്ഭുതകൃത്യങ്ങളും അടക്കിക്കൊണ്ടു് അപ്പപ്പോഴായി നമ്മുടെ കഥാപുരുഷൻ ഉദീരണം ചെയ്തിട്ടുള്ള പ്രസംഗങ്ങൾ ഇന്നും ശ്രോതാക്കളുടെ കണ്ണുപുടങ്ങളിൽ മായാലികൊണ്ടുതന്നെയിരിക്കുന്നു. റോമയിലെ ഭൂമിക്കുടിയിൽ അനേക നാഴികവിസ്താരത്തിൽ പണിചെയ്തിട്ടുള്ള പുരാതന പ്രാർത്ഥനാലയങ്ങളുടേയും അവയെ വലയം ചെയ്തിട്ടുള്ള സഞ്ചാരയോഗ്യമായ പാതകളുടേയും പ്രതിച്ഛായകൾ, അദ്ദേഹത്തിന്റെ അന്നത്തെ പ്രസംഗം കേൾക്കുവാൻ സംഗതിവന്നിട്ടുള്ള കാരോരുത്തന്റേയും മനോദർപ്പണത്തിൽ ഇന്നും പ്രതിഫലിക്കുന്നുണ്ടു്. വാക്കുചിത്രണത്തിനു്, പ്ര

സംഗകലയിൽ അത്യുന്നതമായൊരു സ്ഥാനമാണ് അദ്ദേഹം നൽകിയിട്ടുള്ളത്, അതല്ലെ ആവശ്യവും?

സാഹിത്യപരമായ ഇതരപരിശ്രമങ്ങളിലും നമ്മുടെ കഥാപുരുഷന്റെ നൈസർഗ്ഗികമായ കവനചാതുരി സുതരാം തെളിഞ്ഞുകാണാം വിവിധവിഷയങ്ങളെ പരാമർശിച്ചു മാനസികകളിൽ സ്ഥലം പിടിച്ചിട്ടുള്ള ലേഖനങ്ങളും "യുക്തിയും വിശ്വാസവും," "മാതാവിന്റെ അമലോത്ഭവം," "മറിയാഭക്തി സംരക്ഷണം," തുടങ്ങി പ്രസിദ്ധം ചെയ്യിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളും ഭക്തിജനകങ്ങളായ ലഘുലേഖകളും ഇതിനു മകുടോദാഹരണങ്ങളാണ്. ചിത്താനന്ദത്തേക്കാൾ കവിഞ്ഞൊരു സ്ഥാനമാണ് ഹൃദയസംസ്മരണത്തിനു് അദ്ദേഹം നൽകിയിട്ടുള്ളതെന്നു് അദ്ദേഹത്തിന്റെ സകല കൃതികളും വ്യക്തമാക്കുന്നുണ്ടു്. സാഹിത്യധർമ്മത്തിന്റെ മർമ്മം ഗ്രഹിച്ചൊരു വിചക്ഷണനാണു് അദ്ദേഹമെന്നുള്ളതിനു രണ്ടു പക്ഷമില്ല. ഉയിർപ്പു് തിരുനാൾഗണനം അദ്ദേഹത്തിന്റെ ഗണിതശാസ്ത്രത്തിലുള്ള അഗാധപാണ്ഡിത്യത്തിനു് ഉദാഹരണമാണു്.

പഴയൂർ, മറവം എന്നീ രണ്ടു ഇടവകകളിലെ ക്ലാരമഠങ്ങളുടെ കപ്ലോനായി ഡോ: ആലപ്പാട്ടു് പ്രശസ്തമാംവിധം ജോലി നോക്കീട്ടുണ്ടു്. തൃശ്ശൂർ ത്രുപതയിലെ 'ക്ലാര', 'തിരുകുടുംബം' എന്നീ മഠങ്ങളുടെ നിയമാവലികളെ ഇന്നത്തെ സ്വഭാവത്തിന്നനുസരിച്ചു പരിഷ്കരിക്കുവാൻ മെത്രാനച്ചൻ തിരുമേനി പരിശ്രമിച്ചപ്പോൾ വിവിധആശ്രമങ്ങളുടെ നിയമസംഹിതകളെ നേരിട്ടു് പഠിച്ചുറിഞ്ഞിട്ടുള്ള കഥാപുരുഷനെ നിയോഗിച്ചുവെ

ങ്കിൽ അതു് അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു മാറ്റു കൂട്ടുകയാണു് ചെയ്യിട്ടുള്ളതു്.

---

3. ഉപസംഹാരം.

മഹാനാടകങ്ങൾ അഭിനയിക്കുവാനുള്ള നടനപടുക്കൾക്കു് അണിഞ്ഞൊരുങ്ങുവാൻ അതിവിശിഷ്ടങ്ങളായ വേഷവിധാനങ്ങൾ സജ്ജീകരിച്ചിട്ടുള്ളൊരു അണിയറ അത്യാവശ്യമാണല്ലോ. തൃശ്ശിവപേരൂർ തൃപതയുടെ വിമലാന്തരീക്ഷത്തിൽ ഉയർന്നു ശോഭിക്കുവാനുള്ള നമ്മുടെ കഥാപുരുഷനു്, വിവിധഗുണങ്ങൾക്കു വിളനിലമായ "മറ്റം" ഇടവക, ആദിത്യദേവനു രത്നാകരംപോലെ കരുത്തമനോപതഥ്യമായിട്ടാണു പരിണമിച്ചതു്. ആത്മീയവും ലൌകികവുമായ സംഗതികളെ മണിപ്രവാളംപോലെ കൂട്ടിയിണക്കിയാലുണ്ടാകുന്ന ഹൃദയാവർജ്ജകമായ സൌന്ദര്യവും, ശ്രീയും, ധീയും, ചേർന്നു കളിക്കുമ്പോൾ രാജ്യത്തിനുണ്ടാകുന്ന അത്ഭുതാവഹമായ മാഹാത്മ്യവും മറ്റം ഇടവകയിലെ ചുരുങ്ങിയ ഭരണകാലത്തിനുള്ളിൽ അദ്ദേഹത്തിനു് അനുഭവിച്ചറിവാൻ സാധിച്ചു. ഇടവകയെങ്ങും ആനന്ദത്തിന്റെ പുളകം പരത്തി വർഷന്തോറും ഘോഷിച്ചുവരുന്ന "വനത്തിലെ മാതാവിന്റെ" പെരുന്നാൾ സ്ഥാപനം, നമ്മുടെ കഥാപുരുഷനു്, ഇതരമതസ്ഥരിൽ ആത്മീയചൈതന്യം പാകിമുളപ്പിക്കുന്നതിനുള്ള പരിശീലനമായിത്തീർന്നു. സ്ഥലത്തെ മരിയാസഖ്യത്തിനും വിൻസെൻഷ്യൻ സംഘത്തിനും എല്ലാം അതിശയിക്കുന്ന ഊർജ്ജസ്വലതയും ആത്മീയപരിപാലനത്തിനു വർദ്ധമാനമായ പ്രബുദ്ധതയും കൈ

വളത്തിയാൽ സ്വയമേവ സമാഗതമാകുന്ന ദൈവികശാന്തി ഇടവകയെ എത്രമാത്രം ഭാസുരമാക്കിത്തീർക്കുമെന്നു കഥാപുരുഷൻ പരീക്ഷിച്ചും പരിശോധിച്ചും മനസ്സിലാക്കി. ജീവിതക്കളരിയിൽ വിദ്യാഭ്യാസത്തിനു പ്രഥമസ്ഥാനം നൽകുന്ന അദ്ദേഹം ഈ ഇടവകയിലെ പള്ളിക്കൂടങ്ങളുടെ സൌകര്യവർദ്ധനയ്ക്കും സൌഭാഗ്യസമ്പൂർണ്ണതയ്ക്കുമായി പുതിയ കെട്ടിടങ്ങൾ പണിയിച്ചും ഹൈസ്കൂൾ സ്ഥാപനത്തിനു ഫലപ്രദമായി പ്രയത്നിച്ചും രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ വെട്ടിത്തെളിയിക്കുന്നതിൽ അത്യധികം ഉൽസുകനായിത്തീർന്നു.

പരിതഃസ്ഥിതികളെ തീരെ വിസ്മരിച്ചുകൊണ്ടു കാലചക്രവും അങ്ങനെ തിരിഞ്ഞുകൊണ്ടിരുന്നു. തൃശ്ശിവപേരൂർ ത്രുപതാമാതാവിന്റെ നാഥനായി ധവളകീർത്തിയോടെ പരിശോഭിച്ചിരുന്ന വാഴപ്പിള്ളി മാർ പ്രംസിസ്കോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഇങ്ങിനിവരാതവണ്ണം കാലയവനികയിൽ പോയ്മറഞ്ഞിട്ടു വർഷങ്ങളാണെങ്കിൽ രണ്ടു തികയാറായി. അഴലാഴിയിൽ ആണ്ടുകിടന്നിരുന്ന ത്രുപതാജനങ്ങൾ ലോകരക്ഷകന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടു ദിനരാത്രങ്ങൾ എണ്ണിയെണ്ണി പോക്കിയിരുന്ന യഹൂദജനത്തെപ്പോലെ അക്ഷമരായിത്തീർന്നിരുന്നു. ഭക്തഗണങ്ങൾ പ്രാർത്ഥനാകുസുമങ്ങൾ വിതറി, ആ ദിവ്യപുരുഷന്റെ എഴുന്നെള്ളത്തിനുള്ള സരണി സുഗമമാക്കിത്തീർത്തു. മംഗലവാർത്ത തിരുനാൾ ആസന്നമായി. നസ്രസ്സിലെ ചെറുഭവനത്തിനുള്ളിൽ പ്രാർത്ഥനാനിരതയായിരുന്ന കന്യകമറിയത്തിനോടു ഗബ്രിയേൽ ദൈവദൂതൻ മംഗലവാർത്ത അറിയിച്ചതിനെ അ

നസ്മരിപ്പിച്ചുകൊണ്ട്, മറ്റം ദേവാലയത്തിൽ പ്രേഷിത വൃത്തിയിൽ ലയിച്ചിരുന്ന നമ്മുടെ കഥാപുരുഷനും, ആ ദേഹത്തെ തൃശ്ശൂർ ത്രുപതയുടെ മെത്രാനായി പ. പിതാവ് തിരഞ്ഞെടുത്തിരിക്കുന്നുവെന്ന ഒരു മംഗലവാർത്ത ലഭിക്കയുണ്ടായി. ദൈവതിരുചിത്തത്തിനു കന്യകമാതാവു തല കുനിച്ചനുസരിച്ചതുപോലെ കർത്താവിൻെറ ദാസനായ നമ്മുടെ കഥാനായകനും തിരുസഭയുടെ പരമാധികാരിയുടെ ആ അരുളപ്പാട് ശിരസാ വഹിച്ചു. ഉടനെ ആകാശത്തിൽനിന്നും ഒരു പുഷ്പവൃഷ്ടി ഉണ്ടായി, പൂവല്ലികളുടെ അഗ്രം അദ്ദേഹത്തിൻെറ മൌലിയിലണിഞ്ഞു് ആനന്ദനൃത്തം ചെയ്തു; ത്രുപത വീണ്ടും സനാഥയായി; ജനങ്ങളുടെ സന്തോഷം അണപൊട്ടി വാന്നു.

അന്നു്, മേയ്മാസം ഒന്നാം തിയ്യതി, വാസന്തിക പൂക്കളും തേൻ ചൊരിയുമ്പോഴും, കുളിർമാരുതൻ പരിമളം വീശുമ്പോഴും, പൂവല്ലികളും നൃത്തംതുള്ളുമ്പോഴും, പൂമരങ്ങളും പുഷ്പാഞ്ജലി ചെയ്യുമ്പോഴും, പൂങ്കുയിലുകളും കളഗീതം മുഴക്കുമ്പോഴും, പ്രകൃതി പുഞ്ചിരിതൂകുമ്പോഴും, സ്ഥാനവസ്ത്രാലങ്കാരച്ചേലോടെ മിന്നിത്തിളങ്ങുന്ന നമ്മുടെ കഥാപുരുഷൻ അതിചേതോഹരമായി അലങ്കരിച്ചിട്ടുള്ള "വ്യാകുലമാതാ"വിൻെറ ദേവാലയത്തിൽ, താരകളുടെ മദ്ധ്യേ ചന്ദ്രബിംബംപോലെ, ജ്വലിച്ചെരിയുന്ന മെഴുകുതിരികളുടെ നടുവിൽ, പൊങ്ങിപ്പരക്കുന്ന ധൂമത്തിൻെറ ഇടയിൽ സ്ഥാപിച്ചിട്ടുള്ള സിംഹാസനമേറി "അത്യുന്നത ഒലഗാങ് അപ്പസ്തോലിക്ക മോൺ. കിയർകിൽസ്" തിരുമേനിയാൽ തൃശ്ശിവപേരൂർ ത്രുപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു.

അതെ, തൃശ്ശൂർ തൃപതയുടെ ആദ്യത്തെ അദ്ധ്യക്ഷനായ ഡോക്ടർ അഡോൾഫ് മെഡിലിക്കോട്ട് തിരുമേനിയുടെ മൂന്നാമത്തെ പിൻഗാമിയായി ഡോക്ടർ ആലപ്പാട്ട് അഭിഷിക്തനായി. ഉടനെ ദേവാലയത്തിലെ വാദ്യഘോഷങ്ങളും, ഭക്തജനങ്ങളുടെ പ്രാർത്ഥനാകീർത്തനങ്ങളും, കൂട്ടമായി പൊട്ടുന്ന കതിനവെടികളും ആ ശുഭവൃത്താന്തം ലോകമെങ്ങും അറിയിച്ചു. സർവ്വഭാവുകങ്ങളും ആശംസിച്ചുകൊണ്ടു സുപ്രസന്നവദനയായി സഭാമാതാവു് ആ സുദിനത്തെ കൊണ്ടാടി. നമ്മുടെ അഭിനവതിരുമേനി, നിതാന്തവന്ദ്യദിവ്യശ്രീ ആലപ്പാട്ട് ഗീവർഗ്ഗീസ്സു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് ആയുരാരോഗ്യസമൃദ്ധിയോടുകൂടി ചിരകാലം വാണരുളുവാൻ സർവ്വശക്തനായ ജഗദീശൻ കടാക്ഷിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ജീവിതയാത്രയിൽ പരിശുദ്ധ കന്യക മറിയം പൂർവ്വോപരി തുണയ്ക്കട്ടെ.

ശുഭം.

DC Archives
0004446 3
LN T34.